അൽഭുതകന്യക

ഒരു ജീവചരിത്രം.

ഗ്രന്ഥകർത്താ

റവ. ഫാദർ. എം. സി. ഗീവറുഗീസ്.

(മുണ്ടകത്തിൽ, ചാണ്ടങ്കരി, തലവടി, A. O. P. O.)

Travancore.

ഒന്നാം പതിപ്പ് കാപ്പി 1000.

Price Re. 1.

Printed at the M. G. M. Press Tiruvalla—1946.



റവ. ഫാദർ. എം. സി. ഗീവറുഗീസ്

മുഖവുര.

ക്രൈസ്തവ സഭയിൽ അനേക പരിശുദ്ധന്മാരും ശുദ്ധിമതികളും ഓരോകാലത്തു് ജീവിച്ചിരുന്നിട്ടുണ്ടു്. എന്നാൽ സ്വൎഗ്ഗത്തിലെ മാലാഖയേപ്പോലെ ഭൂമിയിൽ ജീവിച്ചിട്ടുള്ള അത്ഭുത സ്ത്രീകൾ തുലോം വിരളമത്രെ. ഇന്നു് ജീവിച്ചിരിക്കുന്ന ഒരു അത്ഭുതകന്യകയേപ്പററി ലോകം അറിയുന്നതിനും ആ യുവതിയുടെ അനുഭവങ്ങൾ വായനക്കാൎക്കു് പ്രയോജനമായിരിക്കുന്നതിനുംവേണ്ടി ഈ പുസ്തകം എഴുതിയിട്ടുള്ളതാണു്. പ്രസ്തുത കന്യകയുടെ 121 കുംഭം 5-ാം തീയതിയിലെ രേഖാമൂലമായ അനുവാദത്തോടുകൂടി ആ പുണ്യവതിയിൽനിന്നു് നേരിട്ടും, മററു് അനുഭവസ്ഥന്മാരിൽനിന്നു് അതിൻെറ പരമാൎത്ഥങ്ങളെ അടിസ്ഥാനമാക്കി ചുരുങ്ങിയ സമയംകൊണ്ടു് ഈ ചെറുപുസ്തകം രചിച്ചു എന്നു് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ബാലികാബാലന്മാരും സ്ത്രീപുരുഷന്മാരും നിഷ്പ്രയാസം വായിച്ചു് മനസ്സിലാക്കണമെന്നു് കരുതി കഴിവുള്ളടത്തോളം ലളിതമായ ഭാഷയിലാണു് ഇതു് എഴുതീട്ടുള്ളതു്.

അച്ചടി പിശകുകൾ അല്പമായി വന്നിട്ടുള്ളതു് സാവകാശമില്ലായ്കകൊണ്ടാണെന്നു് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മേലാൽ ഈ പുസ്തകത്തിൻെറ വേറെ പതിപ്പു് ആവശ്യമായി വരുമ്പോൾ ഈ ന്യൂനതകളും മററും പരിഹരിച്ചു് ഭാവിയിൽ ഈ കന്യകയുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രധാന സംഭവങ്ങളും ചേൎത്തു് പുസ്തകം വിപുലപ്പെടുത്തി പ്രസിദ്ധപ്പെടുത്താമെന്നു് പ്രതീക്ഷിക്കുന്നു.

ഈ പുണ്യവതിക്കു് പഞ്ചമുറിവുകൾ പ്രത്യക്ഷമായ സമയം അതു് നേരിട്ടുകണ്ടിട്ടുള്ള അട്ടച്ചാക്കൽ വെരി റവ. പി. ഐ. മാത്യൂസ് റമ്പാച്ചൻ അവർകളും, നിരണത്തു് പനയ്ക്കാമററത്തു് റവ. ഫാദർ. പി. കെ. അലക്സാണ്ടർ അവർകളും ഈ കന്യകയെസംബന്ധിച്ചു് അവരുടെ അഭിപ്രായങ്ങൾ എഴുതി അയച്ചുതന്നതിൽ ഞാൻ അവരോടു് അതീവ കൃതജ്ഞനായിരിക്കുന്നു.

എന്നു്, ഗ്രന്ഥകത്താ,

റവ. ഫാദർ. എം. സി. ഗീവറുഗീസ്.

ജീവിച്ചിരിക്കുന്ന

അൽഭുത കന്യക.

പ്രാരംഭം.

ഇരുപതാം നൂററാണ്ടിൽ ജീവിച്ചിരിക്കുന്ന അനേകകോടി ജനങ്ങളിൽ ഭൌതികമായ ഭക്ഷണ പാനീയങ്ങളിൽ നിന്നു് പരിപൂൎണ്ണമായി വെടിഞ്ഞു് ആത്മീയഭക്ഷണം (വി. കുബ്ബാന) കൊണ്ടു് മാത്രം ജീവിക്കുന്ന പുണ്യവതിയായ ഒരു അത്ഭുതകന്യകയുടെ ചുരുങ്ങിയ ഒരു ജീവചരിത്രവും ആ പുണ്യവതിക്കു് ഉണ്ടായിട്ടുള്ള ആത്മീയ അനുഭവങ്ങളും ഈ പുസ്തകത്തിൽ വിവരിക്കുന്നതിനു് ഉദ്ദേശിക്കുന്നു. പതിനെട്ടു് വയസ്സുമാത്രം ഇപ്പോൾ പ്രായമുള്ള പ്രസ്തുക കന്യക ജീവിച്ചിരിക്കുന്നതിനാൽ ഈ ജീവചരിത്രം പൂൎണ്ണമായിട്ടുള്ളതല്ല. ലോകരക്ഷിതാവായ മ്ശിഹായിക്കു് തന്റെ ക്രൂശുമരണത്തിൽ ശത്രുക്കളായ യഹൂദന്മാർ തിരുകൈകളിലും കാലുകളിലും മാൎവ്വിലും ലഭ്യമായ പഞ്ചമുറിവുകൾ 1118, 1119, 1120. ഈ ആണ്ടുകളിൽ പൌരസ്ത്യ സഭകളുടെ കഷ്ടാനുഭ ആഴ്ചകളിൽ പ്രസ്തുത കന്യകയ്ക്കും തന്റെ ശരീരത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഇങ്ങനെ സാധാരണ

സംഭവ്യമല്ലാത്ത രണ്ടു് അതിശയങ്ങൾ ആ കന്യകയിൽ ഒന്നുചേൎന്നു് പ്രത്യക്ഷപ്പെടുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു.

യൂറോപ്പിൽ ഒന്നുരണ്ടു് കന്യാസ്ത്രീകൾക്കു് പഞ്ചമുറിവുകൾ മാത്രം തങ്ങളുടെ ശരീരത്തിൽ കാണപ്പെട്ടതായി പറയുവാനുണ്ടു്. എന്നാൽ ആ സ്ത്രീകൾക്കു് ഭക്ഷണപാനീയങ്ങൾ കൂടാതെ ജീവിക്കുന്നതിനുള്ള നൽവരം ലഭിച്ചിട്ടില്ലായിരുന്നു. ദൈവം ഓരോകാലങ്ങളിൽ മനുഷ്യരേ തന്നിലേക്കു് ആകൎഷിക്കുന്നതു് വിവിധങ്ങളായ മാൎഗ്ഗങ്ങളിൽകൂടിയാണു്. സഭാപ്രവൎത്തനം വഴിയായും സംഭവങ്ങൾ മുഖാന്തിരവും സൃഷ്ടിവൈചിത്ര്യംകൊണ്ടും ദൈവം മനുഷ്യരേ തന്റെ ഇഷ്ടം ചെയ്തു് ജീവിപ്പാൻ വിളിക്കുന്നുണ്ടു്. ഈ അന്ത്യകാലത്തു് ദൃശ്യമായ അത്ഭുതങ്ങൾ വഴിയായും ദൈവം മനുഷ്യജാതിയെ തന്നോടു് അടുപ്പിപ്പാൻ ആഗ്രഹിക്കുന്നു.

(നമ്മുടെ കഥാനായികയ്ക്കുണ്ടായിട്ടുള്ള ദർശനങ്ങളും പരിശുദ്ധ റൂഹായുടെ വ്യാപാരങ്ങളും അത്ഭുതകരമായ അനുഭവങ്ങളും വായിച്ചു് അറിയുന്നതു് അനേകൎക്കു് ദൈവീകബോധവും ആത്മീയചിന്തയും നിലനില്ത്തുന്നതിനു് പ്രയോജനകരമായിരിക്കും എന്നു് കരുതുന്നു.)

അദ്ധ്യായം 1.

ജനനം

തിരുവിതാംകൂറിന്റെ സമ്പൽസമൃദ്ധമായ തിരുവല്ലാതാലൂക്കിൽ കടപ്ര പകുതിയിൽ വളഞ്ഞവട്ടം മുറിയിൽ പുരാതനമായ തൈക്കടവിൽ മി. വറുഗീസ് കുരുവിളയുടേയും, ഭാര്യ ശോശാമ്മയുടേയും ദ്വിതീയ സന്താനമായി നമ്മുടെ കഥാനായികയായ "അച്ചാമ്മ" (മറിയാമ്മ) 1102 കർക്കടകമാസം പത്താംതീയതി തിരുവാതിരനക്ഷത്രത്തിൽ ജാതയായി. മാതാപിതാക്കളുടെ സുകൃതഫലമോ, അവരുടെ പ്രാർത്ഥനയുടെ ശക്തിയോ ദൈവത്തിന്റെ പ്രത്യേക തിരുവിഷ്ടമോ, ഏതായാലും ഈ കുട്ടി ചെറുപ്പം മുതൽ സ്വജനങ്ങളുടെ കണ്ണിലുണ്ണിയായി സൽസ്വഭാവത്തിലും ദൈവഭക്തിയിലും വളൎന്നുവന്നു. മാതാപിതാക്കളും ബന്ധുജനങ്ങളും ഓമനപ്പേരായി വിളിക്കുന്ന "കുഞ്ഞമ്മ" എന്ന നാമധേയം ദേശവാസികളും വിളിച്ചുവന്നു. മാതാപിതാക്കളുടെ പ്രഥമ പുത്രിയായിരുന്നതിനാൽ പ്രസ്തുതകുട്ടിയെ അവർ വളരെ ലാളിച്ചു തന്നെ വളൎത്തി.

വിദ്യാഭ്യാസം.

മാതൃഭാഷാഭ്യസനത്തിൽ നമ്മുടെ ബാലിക ഒന്നും രണ്ടും ക്ലാസ്സുകൾ വീട്ടിനുസമീപമുള്ള വളഞ്ഞവട്ടം പ്രൈമറിസ്കൂളിലും മൂന്നും, നാലും ക്ലാസ്സുകൾ, പ

രിശുദ്ധ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായതും ആ വിശുദ്ധൻെറ പാദസ്പർശനത്താൽ പരിപാവനമാക്കപ്പെട്ടതുമായ നിരണത്തുപള്ളിയുടെ വക സെൻറ് മേരീസ് പ്രൈമറിസ്കൂളിലും പഠിച്ച് പസ്സായി. അതിൻെറശേഷം പ്രസ്തുതപള്ളിവക ഇംഗ്ലീഷ് മിഡിൽസ്കൂളിലും പഠിച്ച് തേഡ്ഫാറം ജയിച്ചു. പിന്നീട് തിരുവല്ലാ തിരുമൂലപുരം ബാലികാമഠം ഹൈസ്കൂളിൽ ചേന്നു് ഒരുകൊല്ലം അഭ്യസിച്ചു. അനന്തരം പെരിങ്ങര പ്രിൻസ് മാത്താണ്ഡവമ്മ ഹൈസ്കൂളിൽ ചേന്നു് ആ ബാലിക രണ്ടുകൊല്ലം പഠിച്ചു. 118-ാമാണ്ടു മുതൽ വിദ്യാഭ്യാസ വിഷയത്തിൽ നമ്മുടെ കഥാനായിക തീരെ വിമുഖയായിതീന്നു. കാരണം പ്രാത്ഥന, ധ്യാനം ഇവയ്ക്കു് വേണ്ടി അധിക സമയവും ചെലവിടണമെന്നുള്ള ആഗ്രഹംകൊണ്ടായിരുന്നു.

120-ാമാണ്ടു് ആറാംഫാറത്തിൽ ആദ്യവർഷം ആ ബാലികയെ പബ്ളിക്ക് പരീക്ഷക്ക് ചേക്കാതെയിരുന്നതിനാൽ കുപിതനായ പിതാവു് മകളെ ശിക്ഷിക്കാതെയിരുന്നില്ല. അടുത്തവർഷം സ്കൂളിൽ പോകണമെന്നുള്ള ആഗ്രഹം തന്നേ അശ്ശേഷം ഇല്ലാതായി. എന്നാൽ പിതാവിൻെറ കർശനമായ ആജ്ഞയെ ശിരസാവഹിച്ചു് 121-ാമാണ്ടും സ്കൂൾ ഫൈനൽ ക്ലാസ്സിൽ പഠിച്ചു് പബ്ളിക്ക് പരീക്ഷക്കുചേന്നു. കണക്ക് ഒഴിച്ചുള്ള എല്ലാവിഷയങ്ങൾക്കും ആ ബാലിക വളരെ സാമത്ഥ്യമുള്ളവൾ ആയിരുന്നു "പാഠവിഷയങ്ങളിൽ കണക്കിനാണു് എ

നിക്കു് പ്രയാസം" എന്നു് ആ കന്യക ഇതു് എഴുതുന്ന ആളിനോടു തന്നെ പറഞ്ഞിട്ടുള്ളതാണു്. ഇംഗ്ലീഷിൽ നന്നായി സംസാരിക്കുന്നതിനു് തക്ക പാടവം ആ ബാലികക്കു് സിദ്ധിച്ചിട്ടുണ്ടു്. ശുദ്ധമായ മലയാളഭാഷയിൽ ഭംഗിയായി പ്രസംഗിക്കുന്നതിനും ആ കന്യകക്കു് പ്രയാസമില്ല. ആറാംഫാറത്തിലെ പബ്ളിക്കു് പരീക്ഷ കഴിഞ്ഞശേഷം വിദ്യാഭ്യാസം മതിയാക്കുന്നതിനും ശിഷ്ടായുസ്സു് ധ്യാനത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടുന്നതിനും ആ കന്യക തീരുമാനിച്ചിരിക്കയാണു്.

ബാല്യകാലത്തിലെ അനുഭവങ്ങൾ.

നമ്മുടെ ബാലിക നാലാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്തു് എപ്പിലപ്സി (ഒരു മാതിരിമയക്കം) എന്ന രോഗം പിടിപെട്ടു അവിചാരിതമായ സമയത്തു് ഉണ്ടാകുന്ന പ്രസ്തുതരോഗം ആ ബാലികയേ വല്ലാതെ ഉപദ്രവിക്കുകയാൽ അതിൻെറ സൌഖ്യത്തിനു് **വേണ്ടി** അവൾ പ്രാർത്ഥിച്ചുതുടങ്ങി. ഏതു രോഗവും ഉപദ്രവങ്ങളും പ്രാർത്ഥനയാൽ സൌഖ്യമായിതീരും എന്നു് ആ ബാല്യപ്രായത്തിൽ തന്നെയും അവൾക്കു് വിശ്വാസം ഉണ്ടായിരുന്നു. സാത്താൻെറ പരീക്ഷകൾക്കും പീഠകൾക്കും പ്രാർത്ഥനയല്ലാതെ മറെറാരൗഷധം ഫലിക്കയില്ലന്നു് ആ ബാലികക്കു് ഉറപ്പുണ്ടായിരുന്നു "ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ **ഈ ജാതി** ഒഴി

ഞ്ഞുപോകയില്ല" എന്നുള്ള മ്ശിഹായുടെ തിരുവച നങ്ങളിൽ അവൾ ഉറപ്പായി വിശ്വസിച്ചു. ബാല്യ പ്രായത്തിൽ അപൂർവ്വമായും അസാധാരണയായും മാ ത്രം ഉണ്ടാകുന്ന ഈ ദൈവീകചിന്ത നമ്മുടെ കഥാ നായികയിൽ ക്രമേണ വർദ്ധിച്ചുവന്നു. ഉപവാസം, പ്രാർത്ഥന ഇവകൊണ്ട് മാത്രം തന്റെ രോഗം സൌ ഖ്യമാക്കുന്നതിന്ന് ആ ബാലിക നിശ്ചയിച്ചു. ത ന്റെ പിതാമഹിയുടെ കുടുംബമായ നിരണത്ത് ഇ ലഞ്ഞിക്കൽ വീട്ടിൽ താമസിച്ചുകൊണ്ട്, അവിട ത്തെ കുടുംബവക മാർ ബസ്സേലിയോസ്സ് പള്ളിയിൽ ഒരാഴ്ചത്തെ ധ്യാനം എടുക്കുന്നതിന്ന് അവൾ ഉറച്ചു.

അതിനുവേണ്ടി അവൾ നിരണത്ത് ഒരാഴ്ച താ മസിച്ചു. അതിരാവിലെ പ്രസ്തുത പള്ളിയിൽ ചെ ന്ന് പ്രാർത്ഥന തുടങ്ങിയാൽ സന്ധ്യനമസ്കാരംവര യും അവിടെ താമസിക്കും. ഈ ഉപവാസ ആഴ്ചയി ൽ ദിവസം ഒരുനേരം മാത്രമേ ആ ബാലിക ഭക്ഷ ണം കഴിക്കുമായിരുന്നുള്ളു. അവളുടെ ഉപവാസത്തി ന്റെ മൂന്നാം ദിവസം മാർബസ്സേലിയോസ് പള്ളി യിൽവച്ച് പകൽ മൂന്നുമണിക്ക് അവൾ തനിയേ ധ്യാനത്തിൽ ഇരിക്കുമ്പോൾ ഒരു അശരീരിവാക്ക് കേട്ടു "നീ എന്റെ പൊളിഞ്ഞുകിടക്കുന്ന സഭയെ ചെന്ന് പണിയുക? നാല്പത്തിരുന്നദിവസം പ്രത്യേക പ്രാത്ഥനയിലും ധ്യാനത്തിലും ജീവിച്ചാൽ നിന്റെ സുഖക്കേട് മാററി ഒരു പ്രത്യേക നൽവരം ഞാൻ നിനക്ക് തരും" ഇപ്രകാരമുള്ള അശരീരിവാക്ക് കേട്ടപ്പോൾ ആ ബാലിക അത്ഭുതപ്പെട്ട് മ്ഌബ

ഹായുടെ നേരേ സൂക്ഷിച്ച് നോക്കുമ്പോൾ, വെള്ള നിലയങ്കിധരിച്ച് ശിരസ്സിൽ മുൾകിരീടവുമായി പ്രകാശ കതിരുകൾ ചിന്തുന്ന മ്ശിഹായെ അവൾ കണ്ടു. തന്റെ പ്രഭാകിരണങ്ങൾകൊണ്ട് അവളുടെകണ്ണുകൾ മങ്ങിപ്പോയി. അവിചാരിതവും പ്രഥമവും ആയ തന്റെ പ്രത്യക്ഷതയിൽ ആ ബാലിക ഭയപ്പെട്ട് ശിരസ്സ് നമിച്ചു. മ്ശിഹാ തന്റെ വലത്തുകൈനീട്ടി അവളെ അനുഗ്രഹിച്ചു. ഉടനേ അപ്രത്യക്ഷമാകയും ചെയ്തു. സന്ധ്യപ്രാൎത്ഥനയും കഴിഞ്ഞു് ആ ബാലിക വീട്ടിൽചെന്നു് ഈ വിവരങ്ങൾ എല്ലാം അവൾ മററുള്ളവരോട്ട് പറകയുണ്ടായി. എന്നാൽ കേട്ടവരിൽ ചിലർ അതു് വിശ്വസിച്ചില്ല. പിന്നെയും നാലുദിവസങ്ങൾകൂടെ അവിടെ താമസിച്ച് ഉപവാസദിവസങ്ങൾ പൂൎത്തിയാക്കിയശേഷം അവൾ വീട്ടിലേക്കുപോയി.

പിന്നീട് കൎത്താവു് അവളോട്ട് കല്പിച്ചതുപോലെയുള്ള നാല്പത്തിരുന്നു ദിവസത്തെ ഉപവാസത്തിനു് ആ ബാലിക നിശ്ചയിച്ചു. വീട്ടിലുള്ള മാതാപിതാക്കളുടെ അനുവാദത്തോടുകൂടി അവൾ തന്റെ ഉപവാസം ആരംഭിച്ചു. ഈ ധ്യാനദിവസങ്ങളിൽ ബുധൻ, വെള്ളി ഉച്ചവരെ ഉപവാസം, ശനി, ഞായർ, പരിപൂൎണ്ണ ഉപവാസം. ഇങ്ങനെ അവൾ കഴിച്ചുകൂട്ടി ഈ ദിവസങ്ങളിലെല്ലാം ആ ബാലികയുടെ ആഗ്രഹം തന്റെ രോഗം സൌഖ്യമായി കിട്ടണമെന്നുള്ളതായിരുന്നു ഈ ഉദ്ദേശം മുൻനിൎത്തി എപ്പോഴുമുള്ള പ്രാൎത്ഥനയും ധ്യാനവും നടത്തിവന്നു.

അദ്ധ്യായം 2.

യേശുമ്ശിഹാ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

നമ്മുടെ ബാലികയുടെ 41 ദിവസത്തെ ഉപവാസത്തിന്റെ അവസാനത്തിൽ ഒരുദിവസം തന്റെ താമസവീടായ ഇലഞ്ഞിയ്ക്കൽ കാക്കനാട്ടു കുഴിയിൽ ഇട്ടൂപ്പച്ചന്റെ വീട്ടിൽ വച്ച് വീണ്ടും ഒരു ദർശനം ഉണ്ടായി രാത്രി എട്ടുമണിയായി. അന്ധകാരം സർവ്വത്ര വ്യാപിച്ചു. കുഞ്ഞമ്മയുടെ സന്ധ്യാനമസ്കാരവും ധ്യാനവും ഇനിയും തീർന്നിട്ടില്ല. അവളുടെ പ്രാർത്ഥനാമുറിയിൽ ഒരു വിളക്ക് മെല്ലെ പ്രകാശിക്കുന്നുണ്ട്. അവൾ ധ്യാനനിഷ്ഠയിൽ ഇരിക്കുമ്പോൾ ഇതാ മുൾകിരീടം ധരിച്ചവനായ കർത്താവ് വീണ്ടും അവൾക്ക് പ്രത്യക്ഷമായി. തന്റെ ആണി പാടുകൾ അവൾക്ക് സ്പഷ്ടമായി കാണാമായിരുന്നു. ഭയവിഹ്വലയായിതീർന്ന ആ സാധുബാലിക ഗൽഗദത്തോടു ഇപ്രകാരം ചോദിച്ചു.

"അങ്ങ് ആരാണ്"

ഉത്തരം "ഞാൻ ജീവനുള്ള ദൈവമാകുന്നു"

കർത്താവ്:–"നിന്റെ രോഗം സൌഖ്യമാക്കുവാൻ എന്നെക്കൊണ്ടു് കഴിയും എന്ന് നീ വിശ്വസിക്കുന്നുവോ?"

ബാലിക:–"കർത്താവേ! ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നുണ്ട്".

കർത്താവ്:–"എനിക്കുവേണ്ടി നിത്യ കന്യാവ്രതമുള്ളവളായി ആജീവനാന്തം ജീവിക്കുവാൻ നീ തയ്യാറുണ്ടോ."

ബാലിക:–"എനിക്ക് പൂർണ്ണ സമ്മതമാണ്"

കർത്താവ്:–"എപ്പോൾ ഞാൻ നിന്നെ വിളിച്ചാലും എന്റെ കുരിശ് എടുത്ത് എന്നെ അനുഗമിപ്പാൻ നീ തയ്യാറുണ്ടോ?"

ബാലിക:–"ഈ കാര്യത്തെപ്പററി എന്റെ അപ്പനോടും അമ്മയോടും ചോദിക്കണം"

കർത്താവ്:–"ദൈവത്തെയാണോ നിന്റെമാതാപിതാക്കളേയാണോ നീ കൂടുതലായി സ്നേഹിക്കുന്നത്"

ബാലിക.–അനുതാപത്തോടുകൂടി "കർത്താവേ! ഞാൻ തെററിപ്പോയി എന്നോടു ക്ഷമിക്കണമേ, ദൈവത്തെ മാത്രമെ മേലാൽ കൂടുതലായി ഞാൻ സ്നേഹിക്കയുള്ളു"

ബാലികയുടെ കണ്ണുനീരോടുകൂടിയ അപേക്ഷ കേട്ട മാത്രയിൽ കർത്താവ് തന്റെ വലത്തുകൈയ്യിൽ പിടിച്ചിരുന്ന മരക്കുരിശ് അവളുടെ ശിരസ്സിൽ വച്ച് അവളെ അനുഗ്രഹിച്ചശേഷം അപ്രത്യക്ഷമായി. അപ്പോൾ ആ പ്രാർത്ഥനാമുറിയിൽ നമ്മുടെ ബാലികയേക്കൂടാതെ വേറെ എട്ട് ആളുകൾകൂടെ ഉണ്ടായിരുന്നു. അവക്കു കർത്താവിനെ കാണ്മവാൻ കഴിഞ്ഞില്ലെങ്കിലും തന്റെ ശബ്ദം അവർ എല്ലാവരും കേട്ടു. **കർത്താവ് എഴുന്നെള്ളിവന്ന് നേരിട്ടു**

സംസാരിച്ച ആ ബാലിക ഭാവിയിൽ എങ്ങിനെയായി വരും എന്ന് അവർ ഉള്ളിൽ ചിന്തിച്ചു. അടുത്തദിവസം ആ കന്യക കാക്കനാട്ടുകുഴി വീട്ടിൽനിന്ന് തൻെറ സ്വന്തവീട്ടിലേക്കു പോയി. തൻെറ ആ പ്രത്യേകഉപവാസത്തിൻെറ നാല്പത്തിഒന്നാംദിവസം വൈകിട്ട് ആ ബാലിക വീട്ടിലുള്ള പ്രാൎത്ഥനാമുറിയിൽ ധ്യാനിച്ചുകൊണ്ടിരിക്കുന്നു. ഇതാ ആ മുറിയിൽ ഒരു ദിവ്യപ്രകാശം വിളങ്ങിതുടങ്ങി. നാനാഭാഗങ്ങളിലേക്കും പ്രഭാകതിരുകൾ വീശുന്ന ശോഭയേറിയ ഒരു കുരിശ് ആ പുണ്യവതിയുടെ മുമ്പിൽ പ്രത്യക്ഷമായി. ആ ബാലിക തൽക്ഷണം അതിനെ വന്ദിച്ചു. ആ കുരിശ് അവളുടെ തലയും മുകളിൽ വരികയും ശിരസ്സിൽ സ്പർശിക്കയും ചെയ്തു. അതോടുകൂടി ആ ബാലിക ബോധമില്ലാത്തവളെപ്പോലെ താഴെ വീണ്, ആത്മവിവശതയിൽ ചിലതു സംസാരിച്ചു. അപ്പോൾ വീട്ടിലുള്ളവർ അടുത്തുചെന്ന് അവളെ ശുശ്രൂഷിച്ചു. അതിൽപിന്നീട് നമ്മുടെ ബാലികയ്ക്ക് ചെറുപ്പത്തിൽ ഉണ്ടായിരുന്ന മയക്കരോഗം (എപ്പിലപ്സി) ഉണ്ടായിട്ടേയില്ല. കൎത്താവു് അവളുടെ രോഗത്തിൽനിന്ന് അവളെ സൌഖ്യമാക്കി അവൾ അതിനുവേണ്ടി ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

ദൈവം അവൾക്കു ചെയ്ത ഉപകാരത്തെ അവൾ മറന്നില്ല. തനിക്ക് രോഗശാന്തി കിട്ടിയതിൻെറ കൃതജ്ഞതാപ്രകടനത്തിനുവേണ്ടി അവൾ പത്തുദിവസത്തെ വ്രതമെടുത്ത് പ്രാൎത്ഥിച്ച് ദൈവ

ത്തെ മഹത്വപ്പെടുത്തി. സർവ്വശക്തനായ ദൈവത്തിന്റെ കൃപാദാനങ്ങൾക്കുവേണ്ടി അവൾ തന്നെ സ്തുതിച്ചു. തന്റെ ഉദ്ദേശം സാധിച്ചുകിട്ടിയെങ്കിലും അവൾ പ്രാൎത്ഥനാജീവിതത്തിൽനിന്നു വിരമിക്കാതെ ഉപരി പുണ്യസമ്പാദനത്തിനു് ആഗ്രഹിച്ചു പ്രാൎത്ഥിച്ചുതുടങ്ങി. കൎത്താവു തന്നേക്കുറിച്ചു ആഗ്രഹിക്കുന്നതുപോലെ നിത്യ കന്യാവ്രതം പാലിക്കണമെന്നു ആ കന്യക നിശ്ചയിച്ചു പ്രാൎത്ഥിച്ചു. ആ പുണ്യജീവിതത്തിനു് വേണ്ട എല്ലാ നൽവരങ്ങളും ഉയരത്തിൽ നിന്നു ലഭിക്കുന്നതിനുവേണ്ടി അവൾ അപേക്ഷിച്ചു. വിദ്യാഭ്യാസം തുടൎന്നു. യാമപ്രാൎത്ഥനകൾ എല്ലാം വളരെ നിഷ്ഠയോടുകൂടി അവൾ നടത്തിവന്നു.

ഭക്ഷണത്തിലുള്ള വിരക്തി.

കാലങ്ങൾ കുറേ കഴിഞ്ഞു. കുഞ്ഞമ്മയ്ക്കു് വയസ്സ് പതിനഞ്ചായി. അവൾ അഞ്ചാം ഫാറത്തിൽ പഠിക്കുന്നു.

ഭക്ഷണപാനീയങ്ങളോടു് നമ്മുടെ കന്യകയ്ക്കുള്ള ആഗ്രഹം കുറഞ്ഞുതുടങ്ങി. ഒരുനേരത്തേ സന്ധ്യാഭക്ഷണം മാത്രം കിട്ടിയാൽമതി എന്നു് അവൾ ആഗ്രഹിച്ചു. അതിനു് തന്റെ വീട്ടിലുള്ളവർ സമ്മതിക്കയില്ല. ഇതിൽ എന്താണു് പ്രവൎത്തിക്കേണ്ടതു് എന്നു ചിന്തിച്ചു് ആ യുവതി കുഴങ്ങി. താൻ മൂന്നു നേരവും ശരിയായി ഭക്ഷിക്കുന്നില്ല എന്നു് തന്റെ പിതാവു് അറിഞ്ഞാൽ **തന്നെ** ശിക്ഷിക്കും എന്നു്

അവൾ ഭയപ്പെട്ടു. വീട്ടിലുള്ളവരുടെ നിർബന്ധത്തെയോ ശിക്ഷയേയോ കാര്യമായി ഗണിക്കാതെ താൻ ആഗ്രഹിക്കുന്നപ്രകാരമുള്ള വ്രതം പാലിക്കുന്നതിനുതന്നെ ആ യുവതി ഒടുവിൽ തീരുമാനിച്ചു. രാവിലെയും ഉച്ചക്കുമുള്ള ആഹാരം വീട്ടിലുള്ളവർ ആരും അറിയാതെതന്നെ അവൾ സാധുക്കൾക്കു കൊടുത്തുവന്നു. തന്റെ രാവിലത്തെ ഭക്ഷണം ദാനം ചെയ്യുന്നതിനു് തക്കആളിനെ കിട്ടാതെയിരുന്നാൽ അവൾ അതു് ആരും അറിയാതെ കഞ്ഞിവെള്ളത്തിൽ കലക്കി കളകയോ അടുത്തുള്ള ആററിൽ നഷ്ടപ്പെടുത്തുകയോ ചെയ്യും. സ്ക്കൂളിൽപോകുമ്പോൾ ഉച്ചഭക്ഷണത്തിനു് തന്റെ മാതാവു കൊടുത്തയക്കുന്ന ചോറു് വഴിയിൽ കാണുന്ന സാധുക്കൾക്കു് അവൾ കൊടുക്കുമായിരുന്നു. ഇങ്ങനെ വീട്ടിലുള്ളവർ ആരും അറിയാതെതന്നെ ആ കന്യക തന്റെ ആഹാരം കുറച്ചുതുടങ്ങി.

ദൈവമാതാവിന്റെ പ്രത്യക്ഷത.

ഒരുനേരത്തെ ഭക്ഷണത്തോടുകൂടിയ ആ പുണ്യവതിയുടെ വ്രതത്തിന്റെ പത്താംദിവസം രാത്രി പന്ത്രണ്ടുമണി സമയം. പ്രകൃതിതന്നേ നിശ്ചേഷ്ടയായി കാണപ്പെടുന്നു. തൈക്കടവിലുള്ള എല്ലാവരും ഗാഢനിദ്രയിലാണു്.

“ഇലപോലുമനങ്ങിടാത്തതാകും
നിലയേന്തിക്ഷിതിചിത്രതുല്യയാക്കി”

എന്നു് ഒരു കവി പറയുന്നതുപോലെ മന്ദമാരുതൻ അടിക്കാത്തതിനാൽ ഇലകൾപോലും അനങ്ങുന്നി

ല്ല. പ്രകൃതിവസ്തുക്കൾ ചിത്രത്തിലെന്നവണ്ണം കാണപ്പെടുന്നു. നമ്മുടെ യുവതിയാകട്ടെ പാതിരാത്രിക്കുള്ള പ്രാർത്ഥനക്ക് ഉണർന്ന് നമസ്കാരം ആരംഭിച്ചു. പ്രാർത്ഥനയുടെ അവസാനത്തിൽ ഇതാ പാദങ്ങൾ താഴെ സ്പർശിക്കാതെ ശോഭയോടുകൂടി ദൈവമാതാവ് ആ പുണ്യവതിയുടെ മുമ്പിൽ പ്രത്യക്ഷയായി. പടത്തിൽ കണ്ടിട്ടുള്ളതുപോലെയുള്ള സുപ്രസന്ന മുഖഛായയിൽ അവൾ മാതാവിനെ കണ്ടു. മുമ്പ് കർത്താവ് അവൾക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളതിനാൽ ഇപ്പോൾ ദൈവമാതാവിന്റെ കാഴ്ചയിൽ ആ കന്യക ഭയപ്പെട്ടില്ല. അവൾ സ്നേഹിക്കുന്ന മാതാവിനെ ഭക്ത്യാദരപൂർവ്വം അവൾ വണങ്ങി. അപ്പോൾ കന്യാവ്രതജീവിതത്തിന്റെ സകല രീതികളും അതിന്റെ ശ്രേഷ്ഠതയും ആ പുണ്യവതിക്ക് മാതാവ് പറഞ്ഞുകൊടുത്തു. കൂടാതെ മൂന്നുദിവസത്തെ മൌനവ്രതംകൂടെ അവൾ എടുക്കണമെന്ന് ദൈവമാതാവ് അവളോടു കല്പിച്ചു. അതിന്റെശേഷം അപ്രത്യക്ഷയായി. തനിക്കു പ്രത്യക്ഷപ്പെട്ട ദൈവമാതാവിന്റെ കല്പനയേ ശിരസാ വഹിച്ച് ആ കന്യക മൂന്നു ദിവസത്തേ മൌനവ്രതമെടുത്തു.

കന്യകയുടെ വ്രതത്തിന്റെ മൂന്നാംദിവസം രാത്രി ഒമ്പതുമണിക്ക് പ്രാർത്ഥനാമുറിയിൽവച്ച് കർത്താവ് വീണ്ടും അവൾക്കു പ്രത്യക്ഷനായി. ജീവിതത്തിലുണ്ടാകുന്ന കഷ്ടതകൾ, പ്രയാസങ്ങൾ ഇവ എല്ലാം കർത്താവ് അവൾക്കു പറഞ്ഞുകൊടുത്തു. കൂടാതെ സഭാമാതാവിനു് കീഴ്പ്പെട്ട് ജീവിക്കണമെ

ന്നു കത്താവു് അവളോടു കല്പിച്ച ദൈവത്തിന്റെ കൽപ്പനപ്രകാരം ഭാവിജീവിതം നയിക്കുന്നതിന്നത ന്നേ ആ പുണ്യവതി നിശ്ചയിച്ചു. പൗരസ്ത്യ കാതോലിക്കാസിംഹാസനത്തിന്റെ കീഴിൽ മലങ്കര ഓർത്തൊഡോക്സ് സുറിയാനിസഭയിലെ ഒരു അംഗമായി തന്റെ പിതാക്കന്മാരേപ്പോലെ അതിലെ കല്പനകളെ എല്ലാം അനുസരിച്ചു് ജീവിക്കുന്നതു് ഒരു ഭാഗ്യമായി അവൾ കരുതി. വി. കുർബ്ബാനയിൽ സംബന്ധിക്കാതെ ഒരു ഞായറാഴ്ചപോലും ആ കന്യക അന്യഥാ ചെലവിടുകയില്ല. . നോമ്പുകൾ നിഷ്ഠയോടുകൂടി ആചരിക്കുക, യാമപ്രാർത്ഥനകൾ മുടക്കംകൂടാതെ നടത്തുക; ഇവയിലെല്ലാം ആ കന്യകയ്ക്കു് നിർബന്ധമുള്ള കാര്യങ്ങളായിരുന്നു.

പരിശുദ്ധാത്മശക്തി.

നമ്മുടെ കന്യകയ്ക്കു് വിശുദ്ധ സ്ലീബാ കാണപ്പെട്ട ദിവസം മുതൽ എല്ലാ യാമങ്ങളിലും ദൈവത്തിന്റെ മാലാഖമാരിൽ പ്രധാനിയായ ഗബ്രിയേൽ മാലാഖ വന്നു് ആ പുണ്യവതിയെ യാമപ്രാർത്ഥനയ്ക്കു വിളിക്കുക പതിവായി തീർന്നു. രാത്രിസമയങ്ങളിൽ നല്ല ഉറക്കത്തിലായാലും യാമങ്ങളുടെ കൃത്യസമയങ്ങളിൽ വിശുദ്ധമാലാഖ തട്ടിവിളിക്കുന്നതിൻവണ്ണം ആ കന്യക എഴുന്നേൽക്കാറുണ്ടു്.

യേശുമ്ശിഹായുടേയും തന്റെ മാതാവിന്റെയും പ്രത്യക്ഷതയ്ക്കുശേഷം എല്ലാ ശനിയാഴ്ചയും സന്ധ്യക്കു് ആ കന്യകയ്ക്കു് പരിശുദ്ധാത്മശക്തി പ്രത്യേ

കമായി ലഭിക്കുക പതിവായി തീൎന്നു. ഇങ്ങനെ പരിശുദ്ധാത്മാവിൻെറ ശക്തി കിട്ടി കഴിയുമ്പോൾ ഓരോ ആളുകൾ ആ പുണ്യവതിയുടെ അടുക്കൽ വന്ന് അവരുടെ ഭാവികാൎയ്യങ്ങളേപ്പററിയും സംശയമുള്ള വിഷയങ്ങളേപ്പററിയും ചോദിച്ച് അറിഞ്ഞുകൊണ്ടിരുന്നു.

തിരുവിതാംകൂർ ഹൈക്കോടതിയിലെ സുപ്രസിദ്ധവക്കീലും, ഓർത്തൊഡോക്സ് സുറിയാനിസഭയിലെ ഒരു അത്മായനേതാവും നിയമപണ്ഡിതനുമായിരുന്ന നിരണത്ത് ഇലഞ്ഞിക്കൽ ശ്രീമാൻ ഇ. ജെ. ജോൺ വക്കീൽ അവർകളുടെ മരണതീയതി ഒരാഴ്ചയ്ക്കു മുമ്പ് അദ്ദേഹത്തിൻെറ സീമന്തപുത്രിയോടു ഈ കന്യക പ്രവചിച്ചതാണ്. ഈ വിവരം അറിഞ്ഞ് ശനിയാഴ്ച സന്ധ്യതോറും അനവധി ആളുകൾ തൈക്കടവിൽവന്നു തങ്ങൾക്കു അറിയേണ്ട കാൎയ്യങ്ങൾ ആ കന്യകയോട് ചോദിച്ചു ഗ്രഹിച്ചുകൊണ്ടിരുന്നു. ഇപ്പോൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ വ്യവഹരിക്കുന്ന മി. ഇ. ജെ. ഫീലിപ്പോസ് വക്കീൽ ഒരു ദിവസം തൈക്കടവിൽവന്നു ചില കാൎയ്യങ്ങൾ ആ കന്യകയോട് ചോദിക്കയുണ്ടായി. വക്കീൽ:–"ഈ പറയുന്ന കാൎയ്യങ്ങൾ ഞങ്ങൾ എങ്ങിനെ വിശ്വസിക്കുന്നു" എന്ന് അവസാനമായി ചോദിച്ചു. പരിശുദ്ധാത്മശക്തിയിൽ ഇരുന്ന ആ പുണ്യവതി ഇങ്ങനെ മറുപടികൊടുത്തു. ഈ ആണ്ടിൽ കഷ്ടാനുഭവആഴ്ചയിൽ പഞ്ചമുറിവുകൾ ഈ കന്യകയിൽ പ്രത്യക്ഷമാകും" ഈ പ്രവചിച്ചകാൎയ്യം കേട്ടവർ

എല്ലാവരും ഹൃദയത്തിൽ സംഗ്രഹിച്ചു. പരിശുദ്ധാത്മനിറവിൽ ഇരിക്കുമ്പോൾ സംസാരിക്കുന്ന കാര്യങ്ങൾ ആ കന്യകക്കു് പിന്നീടു് ഓർമ്മ കാണുകയില്ല. പഞ്ചമുറിവുകൾ ശരീരത്തിൽ പ്രത്യക്ഷപ്പെടും എന്നുള്ള പരിശുദ്ധറൂഹായുടെ പ്രവചനം കേട്ടവർ ആ കാര്യം ആ കന്യകയോടു് പറയാതെ രഹസ്യമായി സൂക്ഷിച്ചു.

അദ്ധ്യായം 3.

പഞ്ചമുറിവുകൾ.

ആയിരത്തി ഒരുനൂററി പതിനെട്ടാമാണ്ടത്തെ പൌരസ്ത്യസഭക്കാരുടെ അമ്പതുനോമ്പു് ആരംഭിക്കുന്നതിൻെറ തലേദിവസം ആ പുണ്യവതി പത്തനംതിട്ടയ്ക്കു പോയി. അവിടെ ഉദ്യോഗാത്ഥം താമസിക്കുന്ന പിതൃസഹോദരൻെറ വീട്ടിൽ താമസിച്ചു. നോമ്പുദിവസങ്ങളിൽ നാല്പതു ദിവസം ആ കന്യക ഇരുപത്തിരണ്ടര (പകൽ മൂന്നുമണി) വരെ ഉപവസിച്ചുവന്നു. നമ്മുടെ കന്യകയുടെ ഉപവാസത്തേയും ആത്മനിറവിനേയുംപററി കേട്ടു് അനേകം ആളുകൾ തന്നെ കാണുന്നതിനു് അവിടെ വന്നുകൊണ്ടിരുന്നു. ഇപ്പോൾ മുൻസിപ്പായിരിക്കുന്ന ശ്രീമാൻ, ഇ. എം. കോവൂർ അവർകൾ നോമ്പിൻെറ നാല്പതാംദിവസം നമ്മുടെ കന്യകയുടെ താമസസ്ഥലത്തുവന്നു ചില ചോദ്യങ്ങൾ ആ കന്യകയോടു ചോദിച്ചു. അദ്ദേഹത്തിൻെറ എല്ലാ ചോദ്യങ്ങൾക്കും തക്ക സമാധാനം പറഞ്ഞുകൊടുത്തു.

മി. ഇ. എം. കോവൂർ:—"ഇപ്പോൾ ഒരടയാളം ഈ ആളിൽ കാണിച്ചാൽ ഞാൻ വിശ്വസിക്കാം" എന്ന് ആത്മശക്തിയിൽ ഇരുന്ന കന്യകയോട് അദ്ദേഹം പറഞ്ഞു.

"നിന്റെ വലത്തുകൈ നീട്ടുക" എന്ന് കർത്താവ് അവളോട് കല്പിച്ചു. അവൾ ഉടനേ കൈ നീട്ടി. അപ്പോൾ ആ കൈപ്പത്തിയുടെ അകത്ത് കുരിശുരൂപത്തിൽ തൊലി പൊട്ടി രക്തം ഒഴുകി. എന്തൊരു അത്ഭുതം! അവിടെ നിന്നിരുന്ന എല്ലാവർക്കും രോമാഞ്ചം ഉണ്ടായി. കണ്ണുകൾ നിറഞ്ഞു. ശിരസ്സുകൾ താനേ വണങ്ങി അവിടുത്തെ ദൈവസാന്നിദ്ധ്യത്തിൽ പ്രചോദിതരായി ദൈവശക്തിയിൽ വിശ്വസിച്ചു. താർക്കികനായി നിന്ന മി. ഇ. എം. കോവൂർ പെട്ടെന്ന് തലകുനിച്ച് ദൈവത്തെ സ്തുതിച്ചു. അവരുടെ കണ്ണുകളുടെ മുമ്പിൽ വച്ച് ദൈവം പ്രവർത്തിച്ച അത്ഭുതത്തിൽ അവർ വിസ്മയഭരിതരായി. മി. ഇ. എം. കോവൂർ ആ പുണ്യവതിയുടെ കൈയ്യിൽ പൊട്ടിഒലിച്ച രക്തത്തിൽ തന്റെ വിരൽ തൊട്ട പാനം ചെയ്തു. അതോടുകൂടി അദ്ദേഹത്തിന വളരെക്കാലമായി ഉണ്ടായിരുന്ന വയററിൽവേദന പാടെ നീങ്ങി സൌഖ്യമായി. ആ രോഗം പിന്നീട് അദ്ദേഹത്തിന് ഉണ്ടായിട്ടില്ല.

ദുഃഖശനിയാഴ്ച വൈകിട്ട് മററു ഭാഗങ്ങളിൽ കൂടി കുരിശ് പൊട്ടും എന്ന് മേൽ പറഞ്ഞ സംഭവം ഉണ്ടായ ദിവസം തന്നെ പരിശുദ്ധാത്മാവ് വീണ്ടും പ്രവചിക്കയുണ്ടായി. കഷ്ടാനുഭവആഴ്ചയിൽ

ഒന്നിടവിട്ട ദിവസങ്ങളിൽ ഒരു നേരമെ ഭക്ഷിക്കാവു എന്നു് വിശുദ്ധറൂഹാ അവളോടു കല്പിച്ചു. അപ്രകാരം ആ കന്യക വ്രതം തുടൎന്നു. ഈ സംഭവങ്ങൾ അറിഞ്ഞു് ഉയിൎപ്പുഞായറാഴ്ച ഇരുപത്തിഅഞ്ചു രോഗികൾ ആ പുണ്യവതിയുടെകൂടെ പ്രാൎത്ഥിപ്പാൻ ചെന്നു. അവരുമായി ആ കന്യക പ്രാൎത്ഥനയും ധ്യാനവും നടത്തിവന്നു. പെന്തക്കൊസ്താ ഞായറാഴ്ചയുടെ തലേ ദിവസം വൈകിട്ടു് അവർ പത്തനംതിട്ട പള്ളിയിൽ പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ആ കന്യകയുടെ താമസവീട്ടിലുള്ള പ്രാർത്ഥനാമുറിയിൽ മൂന്നു കരിശുകൾ തൂങ്ങിക്കിടക്കുന്നതായി അവിടെ ഉണ്ടായിരുന്നവർ കണ്ടു. അവരെല്ലാം അത്ഭുതപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ അവ മൂന്നും അപ്രത്യക്ഷമായി. ഈ കന്യകമൂലം നടക്കുന്ന അത്ഭുതങ്ങളിൽ അവർ വിസ്മയിച്ചു.

പത്തനംതിട്ടയിൽ മാക്കാംകുന്നു് പള്ളി എന്നു് പ്രസിദ്ധമായ ഓർത്തൊഡോക്സ് സുറിയാനി പള്ളിയിൽവച്ചു് ദുഃഖവെള്ളിയാഴ്ച ഇരുപത്തിരണ്ടരയ്ക്കു് ആ പുണ്യവതിക്കു് ശരീരമാസകലം കഠിനമായ വേദനയുണ്ടായി. അവളുടെ ഉള്ളിൽ രക്തം തിളക്കുന്നതുപോലെയും അസ്ഥികൾ നുറുക്കപ്പെടുന്നതുപോലെയും അവൾക്കു തോന്നി. ലോകരക്ഷിതാവായ യേശുമ്ശിഹാ തന്റെ തിരുമേനിയിൽ സഹിച്ച കഷ്ടപ്പാടുകളുടേയും വേദനകളുടേയും ഒരംശം തന്റെ ശരീരത്തിലും അനുഭവിപ്പാൻ ഇടയാകുന്നതിൽ ആ പുണ്യവതി ദൈവത്തെ സ്തുതിച്ചു. അനേകം ശുദ്ധിമാന്മാരും ശുദ്ധിമതികളും ഇപ്രകാരം കൎത്താവിന്റെ

കഷ്ടാനുഭവത്തിൻെറ ഒരു ഭാഗം തങ്ങളുടെ ശരീരം കൊണ്ടും അനുഭവിക്കുന്നതിനു് ആഗ്രഹിച്ചു് പ്രാത്ഥിച്ചിട്ടുണ്ടു്.

ദുഃഖശനിയാഴ്ച രാത്രിയിൽ പഞ്ചമുറിവുകൾ നമ്മുടെ യുവതിയിൽ പ്രത്യക്ഷപ്പെടും എന്നു് നേരത്തെ പരിശുദ്ധാരൂപാ അരുളിട്ടുള്ളതു് ആ വീട്ടിലുള്ള എല്ലാവക്കും ഓമ്മയുണ്ടായിരുന്നു. അതിനാൽ ആ കന്യകയെ ഏതു സമയത്തും സൂക്ഷിക്കുന്നതിനു മൂന്നു സ്ത്രീകളെ അവളുടെ പിതൃസഹോദരനായ മി.ററി. വി. ചെറിയാൻ ബി. എ. ഏർപ്പാടു ചെയ്തിരുന്നു. ആ ദുഃഖശനിയാഴ്ചദിവസം ആ കന്യക എവിടെപോയാലും ഈ സ്ത്രീകൾ അവളെ അനുഗമിച്ചിരുന്നു. സ്നാനത്തിനായി നമ്മുടെ യുവതി കുളിമുറിയിൽ പോയപ്പോൾ അവരും അവിടെ കടന്നുചെന്നു. ഈ സ്ത്രീകൾ തന്നെ ഇപ്രകാരം അനുഗമിക്കുന്നതിൻെറ രഹസ്യം ആ കന്യകയ്ക്കു് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവളുടെ കൈയ്യിൽ വല്ല മുട്ടുസൂചിയും സൂക്ഷിച്ചിട്ടുണ്ടോ എന്നു് അറിവാൻ ആ സ്ത്രീകൾ അവളുടെ കൈകൾ പിടിച്ചു് പരിശോധിച്ചുനോക്കി.

നേരം സന്ധ്യയായി· ആ വീട്ടിലുള്ളവർ തമ്മിൽ തമ്മിൽ ഏതോ ചെവികളിൽ മന്ത്രിക്കുന്നുണ്ടു്. മററു് കുറേ ആളുകളും അവിടെ വന്നുചേന്നു. നമ്മുടെ കന്യക കുളിയും കഴിഞ്ഞു് പ്രാത്ഥനാമുറിയിൽ വന്നപ്പോൾ എട്ടുമണി അടിച്ചു് ഇരുപതു മിനിട്ടു് കഴിഞ്ഞിരുന്നു. എന്തൊരു അത്ഭുതം അവൾ സൂക്ഷി

ച്ചനോക്കിയപ്പോൾ കർത്താവു് ആ മുറിയിൽ വന്നിട്ടു് തിരിച്ചുപോകുവാനുള്ള ഭാവത്തിൽ നിൽക്കുന്നതായി അവൾ കണ്ടു. അന്നു് ആ കന്യക സന്ധ്യാപ്രാർത്ഥനയ്ക്കു വന്നതു് വളരെ താമസിച്ചാണെന്നു അവൾക്കു ബോദ്ധ്യമായി. അവളുടെ ബലഹീനതയിൽ അവൾ പശ്ചാത്തപിച്ചു കർത്താവിനോടു് ആ പുണ്യവതി ക്ഷമ ചോദിച്ചു

കർത്താവു്:—"നീ ഇന്നു് സന്ധ്യാപ്രാർത്ഥനയ്ക്കു് താമസിച്ചു് വന്നതിനാൽ പഞ്ചമുറിവുകൾ നിന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ നിന്റെ ഇടത്തുകാലിൽ കരിശ്ശു തെളിയാതെ പോകട്ടെ" എന്നു് അവളോടു കല്പിച്ചു. അതിന്റെശേഷം താൻ അദൃശ്യനായി. ഉടനെ ആ പുണ്യവതി ബോധരഹിതയായി നിലം പതിച്ചു. ശരീരമാസകലം വേദനയുള്ളവളേപ്പോലെ ആ കന്യക നിലത്തു കിടന്നു് ഉരുണ്ടു തുടങ്ങി. അര മണിക്കൂർ അങ്ങിനെ കഴിഞ്ഞു. ഇതാ നമ്മുടെ പുണ്യവതി നിശ്ചേഷ്ടയായി കിടക്കുന്നു. ആ പ്രാർത്ഥനമുറിയിൽ കൂടിയിരുന്ന ആളുകൾ അവളേ സൂക്ഷിച്ചു നോക്കുമ്പോൾ കൈകാലുകളിലും മാർവ്വിലും കരിശ്ശു പൊട്ടി രക്തം ഒലിക്കുന്നുണ്ടു്. യേശുമ്ശിഹായിക്കു് ഉണ്ടായ ആണിപാടുകളേപ്പോലെ അവ ദൃശ്യമായി. അവർ എല്ലാവരും അത്ഭുതപരതന്ത്രരായി; തറയിൽ മുട്ടുകുത്തി ഈ അതിശയസംഭവം ആ കന്യകയിൽ കൂടെ പ്രത്യക്ഷപ്പെടുത്തിയ സർവ്വശക്തനെ അവർ വന്ദിച്ചു. ഈ മഹൽസംഭവംകേട്ടു് അനവധി ആളുകൾ ആ പുണ്യവതിയെ കാണ്മാൻ പലസ്ഥലത്തു

നിന്നും വന്നുകൊണ്ടിരുന്നു. ഉയർപ്പുപെരുനാൾവരെ പത്തനംതിട്ടയിൽ താമസിച്ചശേഷം വീട്ടിലേക്കു മടങ്ങിപ്പോയി.

പരിശുദ്ധന്മാർ

ആ പുണ്യവതിയിൽ പഞ്ചമുറിവുകൾ പ്രത്യക്ഷമായശേഷം പ്രാർത്ഥനാസമയങ്ങളിൽ ദൈവമാതാവു് പ്രത്യക്ഷമാകയും മാതാവും കന്യകയുംആയി സംസാരിക്കയും പതിവായിതീർന്നു. മാതാവിനേക്കൂടാതെ ഓരോ പരിശുദ്ധന്മാരേയും മാറി മാറി കണ്ടുകൊണ്ടിരുന്നു. ഈ കൂട്ടത്തിൽ മാർ ഗീവറുഗീസ് സഹദാ, മാർ സ്തേപ്പാനോസ് സഹദാ, പരുമല കാലംചെയ്ത മാർ ഗ്രീഗോറിയോസ് തിരുമേനി, മാർ പീലക്സിനോസ് തിരുമേനി മുതലായ പരിശുദ്ധന്മാർ ഉൾപ്പെട്ടിരുന്നു. രക്തസാക്ഷികളായി മരിച്ച സഹദേന്മാർ പ്രത്യക്ഷപ്പെടുമ്പോൾ അവർ അവരുടെ അനുഭവങ്ങൾ പറഞ്ഞു് ആ കന്യകയെ ഗുണദോഷിക്കുമായിരുന്നു അവരുടെ ദൃഷ്ടാന്തങ്ങൾ ആ പുണ്യവതിയെ കൂടുതൽ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തു. പരീക്ഷകളിലും കഷ്ടതകളിലും ജയം നേടുന്നതിനു് സഹദേന്മാരുടെ അനുഭവങ്ങൾ അവളേ സഹായിച്ചു. പുതിയ ജീവിതാനുഭവങ്ങളിലേക്കു് അവ നമ്മുടെ യുവതിയെ വഴിനടത്തി. ഈലോകജീവിതത്തെവിട്ടു് ഒരു നവീന ജീവിതത്തിൽ പ്രവേശിച്ചിരിക്കുന്ന പരിശുദ്ധന്മാർ, അവർ എത്തിച്ചേർന്നിരിക്കുന്ന മനോഹരസ്ഥലത്തേക്കു് ആകർഷണീയ

മായ അവസ്ഥയിലേക്ക് എല്ലാ മനുഷ്യരും ചെന്നു ചേരുന്നതിനു് ആഗ്രഹിക്കുന്നവരാണ്. അവർ അതിനുവേണ്ടി ആഗ്രഹിക്കമാത്രമല്ല, നിത്യവും പ്രവൎത്തിക്കയും ചെയ്യുന്നുണ്ട്.

പരിശുദ്ധന്മാരുടെ ഭാഗ്യാവസ്ഥ.

വിശുദ്ധന്മാരുടെ പ്രത്യക്ഷത മുതൽ അവരുടെ സൗഭാഗ്യനിലയെപ്പററി ആ പുണ്യവതി പലപ്പോഴും ചിന്തിച്ചുകൊണ്ടിരുന്നു. പരിശുദ്ധ പത്രോസ് ശ്ലീഹാ പറയുന്നു. "നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്നു" 1 പത്രോ· 5:10. തേജസ്സ് ദൈവത്തിനുള്ളതാകുന്നു എന്നാൽ പരിശുദ്ധന്മാൎക്കും ദൈവതേജസ്സ് ലഭിക്കുന്നുണ്ട്. വി. ദാവീദ പറയുന്നു. "നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും" സങ്കീ. 73:24 ഈ മഹത്വം നീതീകരണത്തോട് ബന്ധപ്പെട്ടിരിക്കുന്നു. "താൻ മുൻനിയമിച്ചവരെ വിളിക്കയും വിളിച്ചവരെ നീതീകരിക്കയും, നീതീകരിച്ചവരെ തേജസ്കരിക്കയും ചെയ്തു" (റോമ. 8:30) ദൈവത്തിന്റെ കൃപാവരങ്ങൾ ഒന്നിനോടൊന്നു ചേൎത്തു യോജിപ്പിച്ചിരിക്കുന്നു ക്രിസ്തുവിന്റെ നീതിയാൽ നാം നീതീകരിക്കപ്പെട്ടപ്പോൾ അവൻമൂലം നാം മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു.

രക്ഷ മഹത്വവുമായി അനുബന്ധിച്ചിരിക്കുന്നു. അതുകൊണ്ടു് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടി വൃതന്മാൎക്കു് കിട്ടേണ്ടതിനു ഞാൻ അവൎക്കായി സകലവും സഹിക്കുന്നു എന്നു് വി. പൌലോസ്ശ്ളീഹാ പറയുന്നു. ആദ്യമായി പാപമോചനവും, പിന്നീടു് വീണ്ടുംജനനവും, ശുദ്ധീകരണവും ഉണ്ടാകുന്നു. ശുദ്ധീകരണത്തിനുശേഷം മഹത്വീകരണം സിദ്ധിക്കുന്നു. യേശുക്രിസ്തുവിനോടുള്ള കൂട്ടായ്മയാൽ നാം അവനോടു സമന്മാരായി തീരുന്നു. "എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു് കൎത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കൎത്താവിന്റെ ദാനമായി തേജസ്സിനാൽ തേജസ്സു പ്രാപിച്ചു് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു". നമ്മുടെ കഷ്ടതകളും ദുഃഖങ്ങളും ഈ തേജസ്സിന്റെ പ്രാപ്തിക്കായി നമ്മെ സഹായിക്കുന്ന ഘടകങ്ങൾ ആകുന്നു. "ഞൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടത, അനവധി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു് കിട്ടുവാൻ ഹേതുവാകുന്നു"

യേശുക്രിസ്തുവിനോടുള്ള ഇന്നത്തെ നമ്മുടെ സംസൎഗ്ഗം, ആ തേജസ്സിന്റെ ഉറപ്പുകൂടെയാകുന്നു. "നാം അവനോടുകൂടി തേജസ്കരിക്കപ്പെടേണ്ടതിനു് അവനോടുകൂടി കഷ്ടത അനുഭവിക്കണം" നാം മ്ശിഹായോടുകൂടി തടവിൽ പോകുക എന്നുള്ളതു് അവനോടുകൂടി സിംഹാസനത്തിൽ പ്രവേശിക്കുക എന്നതിന്റെ നാന്ദിയാകുന്നു. നാം ക്രിസ്തുവിനോടുകൂ

ടി വേദനപ്പെടുക എന്നതു് അവനോടുകൂടി സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരുന്നു് ഭരിക്കുക എന്നതിന്റെ ഉറപ്പാകുന്നു. അവൻമൂലം നാം പീഡിതരും അപമാനിക്കപ്പെട്ടവരും ആയി തീരുമ്പോൾ, അവന്റെ മഹത്വത്തിനും പ്രതാപത്തിനും നാം യോഗ്യരായി തീരുന്നു. "നിങ്ങളാകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടി നടന്നവർ. എന്റെ പിതാവു് എനിക്കു രാജ്യം നിയമിച്ചിരുന്നതുപോലെ, ഞാൻ നിങ്ങൾക്കും നിയമിച്ചതരും" (ലൂക്കോ. 22:28) അതിനാൽ ക്രിസ്ത്യാനിക്കു് കിരീടത്തിനു വഴിതെളിക്കുന്ന ക്രൂശിനെ സന്തോഷപൂർവ്വം നാം വഹിക്കണം. യുദ്ധത്തിൽ പങ്കെടുക്കുന്നവർ വിജയത്തിലും പങ്കാളികളാണല്ലൊ.

തേജസ്സ് ആത്മാവിനു തന്നെയല്ലാ ശരീരത്തിനുംകൂടിയാകുന്നു. ശരീരം അപമാനത്തിൽ വിതയ്ക്കപ്പെടുന്നു. തേജസ്സിൽ ഉയിക്കുന്നു.

"അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു് നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു് അനുരൂപമായി രൂപാന്തരപ്പെടുത്തും" നമ്മുടെ ശാരീരിക ബലഹീനതകളോ കുറവുകളോ നാം സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നില്ല. നമ്മുടെ ഈ ശരീരം അമർത്യവും അനശ്വരവും ആയ നിലയിൽ എത്തുന്നു. നാം ഉയത്തെഴുനേൽക്കുമ്പോൾ നമ്മുടെ ശരീരം നവമായ ശക്തിയെ പ്രാപിക്കുന്നു.

"ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു; ശക്തിയിൽ ഉയക്കുന്നു" ഈ ഭൌമികശരീരം മഹിമയിലേക്കും, മഹത്വത്തിലേക്കും ഉയത്തപ്പെടും?

ഒരു പരിശുദ്ധനേ സംബന്ധിച്ചിടത്തോളം മഹത്വം എന്നതിന്റെ അത്ഥം താഴെ വിവരിക്കുന്നവ ആകുന്നു. ശുദ്ധീകരിക്കപ്പെട്ട സ്വഭാവം; പൂണ്ണമാക്കപ്പെട്ട മനുഷ്യത്വം; പരിപൂണ്ണ വിജയം; സ്വർഗ്ഗീയ സ്വീകരണം ഇവതന്നെ. മനുഷ്യന്റെ നില സൃഷ്ടികൊണ്ടുതന്നെ ശ്രേഷ്ഠതരമാകുന്നു. "നീ അവനെ ദൈവദൂതന്മാരേക്കാൾ അല്പംമാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവൃത്തികൾക്കു് നീ അവനെ അധിപതിയാക്കി സകലത്തേയും അവന്റെ കാൽകീഴെ ആക്കിയിരിക്കുന്നു". എന്നാൽ ഇതിലും ഉപരിയായ പദവിയിലേക്കു്, നമുക്കു മുമ്പായി കടന്നുപോയ വിശുദ്ധന്മാരുടെ ഗണങ്ങളിലേക്കു് പ്രവേശിപ്പാൻ നാം ഒരുങ്ങേണ്ടവരാകുന്നു. "നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു് ആകും എന്നു് ഇതുവരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുന്നപ്രകാരം തന്നെ കാണുന്നതാകകൊണ്ടു് അവനോടു സദൃശന്മാർ ആകും എന്നു് നാം അറിയുന്നു" 1 യോഹ. 3:2. ദൈവത്തിന്റെ മഹത്വംകൊണ്ടു് നാം മഹത്വപ്പെടും.

"നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. പിന്നത്തേതിൽ മഹത്വത്തിലേക്കു് എന്നെ

കൈക്കൊള്ളും” സ്വര്‍ഗ്ഗത്തില്‍ എനിക്കു് ആരുണ്ടു്? ഭൂമിയിലും നിന്നെയല്ലാതെ ഞാന്‍ ഒന്നും ആഗ്രഹി ക്കുന്നില്ല. (സങ്കീ. 7:24–25) നമുക്കായി ദൈവം ഒരുക്കിയിരിക്കുന്ന തേജസ്സ് നിത്യമായിട്ടുള്ളതും ഒരി ക്കലും മങ്ങിപ്പോകാത്തതും ആകുന്നു. ആ തേജസ്സ് നാം അനുഭവിക്കുംതോറും നമ്മുടെ സന്തോഷവും ഉത്സാഹവും വര്‍ദ്ധമാനമാകുന്നു, സ്വര്‍ഗ്ഗത്തില്‍ ഈ ആനന്ദാനുഭവത്തിനു് ഒരിക്കലും പഴക്കമോ വിരസ തയോ ഉണ്ടാകയില്ല. അതു് എന്നും നവവും ചൈ തന്യപ്രദവും ആയിരിക്കും. അതിശ്രേഷ്ഠമായ ഈ തേജോലാഭത്തിനായി ആരാണു് ആഗ്രഹിക്കാത്തതു് ഈ ലോകത്തെ വിട്ട വിശുദ്ധന്മാര്‍ ആ ഭാഗ്യാവസ്ഥ യിലേക്കു കടന്നിരിക്കുന്നു, ഇപ്രകാരമുള്ള ചിന്താവീ ഥിയില്‍ ആ കന്യക സമയം കഴിച്ചു. നമ്മുടെ പു ണ്യവതിയും വിശുദ്ധന്മാരേയും ശുദ്ധിമതികളേയും അനുകരിച്ചു് ദൈവം തിരുമനസ്സാകുന്ന കാലത്തോ ളം ഈ ലോകത്തില്‍ തിരുഹിതപ്രകാരം ജീവിക്കുന്ന തിനു് തന്നെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ചു.

രോഗികള്‍ക്കുവേണ്ടി പ്രാര്‍ത്ഥന.

ദൈവമാതാവും പരിശുദ്ധന്മാരും തനിക്കു കൂട്ടാ യി തീര്‍ന്നതിന്‍റെ ശേഷം രോഗികളുടെ സൌഖ്യത്തി നുവേണ്ടി ആ പുണ്യവതി പ്രാര്‍ത്ഥിച്ചുതുടങ്ങി. പ്രാ ര്‍ത്ഥനയുടെ ശക്തിയില്‍ വിശ്വാസം ഉണ്ടായിരുന്ന അ നേക രോഗികള്‍ക്കു് ആ കന്യകയുടെ പ്രാര്‍ത്ഥനയാ ല്‍ സൌഖ്യം കിട്ടി. ദൈവം അവള്‍ക്കു കൊടുത്ത

ന്ന്വരപ്രകാരം ആ കന്യക പ്രവത്തിപ്പാൻ തുടങ്ങി. ചില രോഗികൾക്കവേണ്ടി ആ പുണ്യവതി ഉപവാസം എടുക്കുകയും ചില ദിവസങ്ങൾ മുടങ്ങാതെ പ്രാത്ഥിക്കയും ചെയ്തു. സൌഖ്യം കിട്ടിയവരിൽ ഒന്നുരണ്ടു് അനുഭവക്കാരുടെ സാക്ഷ്യങ്ങൾ ഇവിടെ വിവരിക്കാം.

1119-ാമാണ്ടു് കോട്ടയത്തു പുളിമൂട്ടിൽ മി. പി. എ. വക്കിയുടെ ഭാര്യയ്ക്കു് ഭ്രാന്തുരോഗം പിടിപെട്ടതിനാൽ നമ്മുടെ പുണ്യവതിയുടെ അടുക്കൽ കൊണ്ടുവന്നു. ആ രോഗിയുടെ സൌഖ്യത്തിനുവേണ്ടി ആ യുവതി രണ്ടാഴ്ചത്തെ ഉപവാസവും മൂന്നാഴ്ചത്തെ ധ്യാനവും എടുത്തു്, ഉപവാസത്തിന്റെ ഏഴാംദിവസം ഭ്രാന്തി കൈവിഷം ശർദ്ദിച്ചു് രോഗം പരിപൂണ്ണസുഖമായി. പിന്നീടു് ഒരവസരത്തിൽ മി. വക്കിയുടെ മകൾ തങ്കമണിക്കും അവളുടെ മാതാവിനുണ്ടായതുപോലെയുള്ള ഭ്രാന്തു് പിടിപെട്ടു. അവളേയും നമ്മുടെ കന്യകയുടെ അടുക്കൽ കൊണ്ടുവന്നു. പ്രസ്തുത രോഗിക്കുവേണ്ടി ആ പുണ്യവതി രണ്ടാഴ്ച ഉപവസിച്ചു. ഓരോ യാമത്തിലും പ്രാത്ഥിച്ചു് ഓരോ കപ്പു വെള്ളം ആ രോഗിക്കു് കുടിപ്പാൻ കൊടുത്തു. ഏഴാം ദിവസം തങ്കമണി ഉള്ളിൽഉണ്ടായിരുന്ന കൈവിഷം ശർദ്ദിച്ചു് സുബോധമുള്ളവളായിത്തീൎന്നു. അവൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് വീട്ടിലേക്കു തിരിച്ചുപോയി.

ഇങ്ങനെ വീട്ടിൽ വരുന്ന രോഗികൾക്കുവേണ്ടി ഒന്നും രണ്ടും ആഴ്ചകളിലെ ഉപവാസം എടുത്തതി

നാൽ വിദ്യാഭ്യാസത്തിനു അതു തടസ്സമാകും എന്നു കണ്ടു് ആ കന്യകയുടെ പിതാവു് അവളെ ശിക്ഷിക്കകൂടി ചെയ്തു. എന്നാൽ ആ പുണ്യവതി പിതാവിന്റെ ശിക്ഷയേയോ വീട്ടിലുള്ളവരുടെശകാരത്തേയോ കാൎയ്യമായി വകവയ്ക്കാതെ ദൈവഇഷ്ടം തന്നിൽ നിറവേററുന്നതിനു് സന്നദ്ധയായി പ്രവൎത്തിച്ചുവന്നു. രക്ഷിതാവായ മ്ശിഹാ നന്മചെയ്തുകൊണ്ടു് പലസ്തീൻനാട്ടിൽ ചുററി സഞ്ചരിച്ചതുപോലെ അനേകൎക്കു് നന്മ ചെയ്‌വാൻ തനിക്കു് സാധിക്കുന്നെങ്കിൽ അതു് ഒരു മഹാഭാഗ്യമായി ആ പുണ്യവതി കരുതി.

അദ്ധ്യായം 4.

പഞ്ചമുറിവുകൾ രണ്ടാം പ്രാവശ്യം

ആയിരത്തി ഒരുനൂററി പത്തൊമ്പതാമാണ്ടത്തെ വലിയനോമ്പിൽ നമ്മുടെ കന്യക പത്തനംതിട്ടയ്ക്കു് അടുത്തുള്ള അട്ടച്ചാക്കൽ പള്ളിയിൽ പോയി താമസ്സമായി. അവിടെ ഉപവാസത്തിലും പ്രാൎത്ഥനയിലും ദിവസങ്ങൾ കഴിച്ചുവന്നു. കഷ്ടാനുഭവ ആഴ്ചയായി. ആ പുണ്യവതിയുടെ വ്രതത്തിനു് യാതൊരു മുടക്കവും ഇല്ല. ദുഃഖവെള്ളിയാഴ്ച പ്രഭാതമായപ്പോഴേക്കു് ആ കന്യകക്കു് ശരീരത്തിൽ എല്ലായിടത്തും വേദന ആരംഭിച്ചു. രാവിലെ മുതൽ പള്ളിയിൽതന്നേ കഴിച്ചുകൂട്ടി. പകൽ 12 മണി ആയപ്പോൾ ആ പുണ്യവതിയുടെ കൈകാലുകളിലും

മാർവ്വിലും ആണിപാടുകൾ പ്രത്യക്ഷമായി. മൂന്നു മണി ആയപ്പോൾ അഞ്ചു സ്ഥാനങ്ങളിലും കുരിശുരൂപത്തിൽ തൊലിപൊട്ടി രക്തം ഒലിച്ചു. ഈ കന്യകയേ ഒരുനോക്കു കാണുന്നതിനു് ഓടിക്കൂടിയ ആളുകളുടെ പെരുപ്പംകൊണ്ടു് പള്ളിയിലും പരിസരങ്ങളിലും സ്ഥലം മതിയാകാതെയായി. അപ്പോൾ ആ പുണ്യവതി ആത്മവിവശതയിൽ പള്ളിയിൽ കിടക്കയായിരുന്നു. കുരിശു് പൊട്ടി അല്പം കഴിഞ്ഞു് സൂക്ഷിച്ചുനോക്കിയപ്പോൾ ഇതാ ആ കന്യക നിലം തൊടാതെ തറയിൽനിന്നും നാലു് ഇഞ്ചു് ഉയൎന്നു് അന്തരീക്ഷത്തിൽ ഒരു അത്ഭുതവസ്തു കണക്കേ കിടക്കുന്നതായി കാണപ്പെട്ടു. ഇതുകൂടെ കണ്ടപ്പോൾ പള്ളിയിലുള്ള ആളുകളുടെഇടയിൽവലിയഒരിളക്കംതട്ടി. അവരുടെ കണ്ണുകൾ കാൺകെ അത്ഭുതങ്ങൾ പ്രവൎത്തിക്കുന്നവനായ ദൈവത്തെ അവർ മഹത്വപ്പെടുത്തി.

ആ പുണ്യവതി മൂന്നു മണിക്കൂർനേരം കുരിശിൽ തൂക്കപ്പെട്ട യേശുമിശിഹായേപ്പോലെ ആകാശത്തിൽ യാതൊരു ബന്ധവുംകൂടാതെ ഉയൎന്നുകിടന്നു. അപ്പോൾ അനേകർ അവിടെ ചുററും നിന്നു് പ്രാൎത്ഥിക്കുന്നുണ്ടായിരുന്നു. ഇനിയും ആ കന്യകയ്ക്കു് എന്താണു് സംഭവിപ്പാൻ പോകുന്നതു് എന്നു മററു ചിലർ ശങ്കിച്ചു. മൂന്നു മണിക്കൂർ നേരം കഴിഞ്ഞപ്പോൾ ആ പുണ്യവതി നിലം സ്പർശിക്കുകയും എഴുന്നേററു് മററുള്ളവരോടുകൂടി പ്രാർത്ഥിക്കയും ചെയ്തു.

ഉയർപ്പുപെരുനാൾ കഴിഞ്ഞു് നമ്മുടെ കന്യക അട്ടച്ചാക്കൽനിന്ന് വീട്ടിലേക്ക പോയി. രണ്ടാം പ്രാവശ്യം പഞ്ചമുറിവുകൾ പ്രത്യക്ഷമായതിന്റെ ശേഷം ആഹാരത്തിൽ ചോറു് പൂൎണ്ണമായി വെടിയുന്നതിന്ന പരിശുദ്ധ റൂഹായുടെ നിയോഗത്താൽ ആ പുണ്യവതി നിശ്ചയിച്ചു. ചിലപ്പോൾ പഴവൎഗ്ഗങ്ങൾ വല്ലതും ഭക്ഷിക്കം. കൂടാതെ ചേന, കാച്ചിൽ, കപ്പ, ചക്ക, മുതലായവയും പാകം ചെയ്യുന്നതു് ഭക്ഷിച്ചുവന്നു. ഈ കാലത്തു് ബുധൻ, വെള്ളി, ശനി, ഞായർ ഈ നാലു ദിവസങ്ങളിൽ യാതൊന്നും ഭക്ഷിക്കാതെ പരിപൂൎണ്ണ ഉപവാസത്തിൽ ജീവിച്ചു. മററു മൂന്ന ദിവസങ്ങളിൽ കായ്കനികളും കിഴങ്ങുവൎഗ്ഗങ്ങളും കിട്ടുന്നതുപോലെ ഭക്ഷിച്ചുവന്നു. തന്റെ ഇപ്രകാരമുള്ള ഉപവാസം വീട്ടിലുള്ള എല്ലാവരുടെയും അഭിപ്രായങ്ങൾക്ക വിരുദ്ധമായിരുന്ന എങ്കിലും ആയതിനു് യാതൊരു വിഘ്നവും കൂടാതെ 1120-ാമാണ്ടു് ധനുമാസംവരെ ആ കന്യക അങ്ങനെ കഴിച്ചുകൂട്ടി. തന്റെ പിതാവിന്റെ നിർബന്ധംകൊണ്ടു മാത്രം വിദ്യാഭ്യാസം തുടൎന്ന ആ യുവതിയേ 1120 ധനുമാസത്തിലെ ആറാംഫാറം പരീക്ഷയിൽ ഡീറെറയിൻ ചെയ്കയാൽ കോപാന്ധനായ പിതാവു് അവളുടെ പ്രാൎത്ഥനാമുറിയിലെ കുരിശും പുസ്തകങ്ങളും എല്ലാം എടുത്തു മാററി; ഉപവാസത്തിൽനിന്നും മററും പിൻതിരിയണമെന്നു് അവളെ നിർബന്ധിച്ചു. ലൌകികപിതാവിനേക്കാൾ കൂടുതലായി സ്വൎഗ്ഗസ്ഥനായ പിതാവിനെ അനുസരിക്കണമെന്ന പ്രാരംഭത്തിലെ

ആ പുണ്യവതിക്ക് ആത്മനിയോഗം ഉണ്ടായിരുന്നതിനാൽ അവളുടെ നിശ്ചയത്തിൽനിന്ന് പിന്തിരിഞ്ഞില്ല.

അദ്ധ്യായം 5.

ഉയരത്തിൽനിന്ന് ലഭിച്ച കുരിശ്

കന്യക എപ്പോഴും ധരിച്ചിരുന്ന കുരിശും പ്രാർത്ഥനാപുസ്തകങ്ങളും പിതാവ് എടുത്തുമാററിയതിനാൽ ആയതിനുവേണ്ടി വീട്ടിലുള്ള ആരും അറിയാതെ മൂന്ന് ദിവസങ്ങൾ കന്യക ഉപവസിച്ചു തന്റെ ഉപവാസത്തിന്റെ മൂന്നാം ദിവസം രാത്രിയിൽ ദൈവമാതാവ് പ്രത്യക്ഷപ്പെട്ടു. അവളുടെ പ്രാർത്ഥനാമുറിയിലെ മേശപ്പുറത്ത് ഒരു ഗ്ലാസ്സിൽ കുറെ വെള്ളം ഇരിപ്പുണ്ടായിരുന്നു. കന്യക മേശപ്പുറത്തേക്ക് നോക്കുമ്പോൾ ഇതാ അവിടെയിരുന്ന ഗ്ലാസ്സ് മേശയിൽനിന്നും ഉയർന്ന് അന്തരീക്ഷത്തിൽ നിൽക്കുന്നു. ഏകദേശം പതിനഞ്ച് മിന്നിട്ടുനേരത്തേക്ക് ഗ്ലാസ്സ് യാതൊരുബന്ധവും കൂടാതെ വായുവിൽ പൊങ്ങിനിന്നു. അപ്പോൾ ഒരു ചെറിയ കുരിശ് ഏതൊരു ലോഹത്താൽ നിർമ്മിതമെന്ന് ഖണ്ഡിതമായിപറവാൻ കഴിയാത്ത ഒരു സ്ലീബാ ഉയരത്തിൽനിന്ന് താഴേക്ക് വന്ന് ആ ഗ്ലാസ്സിലെ വെള്ളത്തിൽ വീണു. പെട്ടന്ന് ഗ്ലാസ്സ് താഴ്ന്ന് മേശപ്പുറത്തിരുന്നു. ഈ അത്ഭുത സംഭവം കാണുവാൻ നമ്മുടെപുണ്യവതിയേ കൂടാതെ

മററു ചിലർക്കൂടെ അപ്പോൾ ആ മുറിയിൽ ഉണ്ടായിരുന്നു. താൻ ഉപയോഗിച്ചിരുന്ന കുരിശു് പിതാവു് എടുത്തു് മാററിക്കളഞ്ഞതിനു് പകരം ഉയരത്തിൽനിന്നു് മഹത്വമേറിയ ഒരു കുരിശു് തനിക്കു് നൽകപ്പെട്ടതിൽ പുണ്യവതി ദൈവത്തെസ്തുതിച്ചു.

ആ കുരിശു് ഗ്ലാസ്സിൽനിന്നും എടുത്തു് ചുംബിച്ചശേഷം ഒരു പ്രത്യേകസ്ഥലത്തു് അതിനെ സൂക്ഷിച്ചുവച്ചു. പ്രസ്തുത കുരിശു് രോഗികളുടെ ശിരസ്സിൽ വച്ചു് പ്രാർത്ഥിച്ചാൽ രോഗശാന്തി ഉണ്ടാകുന്നതാണു്. എന്നാൽ അതു് ഉടനെഎടുത്തു് ഉപയോഗിക്കുന്നതിനു് കർത്താവു് കന്യകയേ അനുവദിച്ചിട്ടില്ല അവളുടെ (പഠിത്തം) വിദ്യാഭ്യാസം അവസാനിപ്പിച്ചു് ലോകചിന്തകളിൽനിന്നു് പരിപൂർണ്ണമായി വിരമിക്കുകയും, വീട്ടിൽനിന്നും ഏതെങ്കിലും കന്യാസ്ത്രീമഠത്തിലേക്കു് മാറിതാമസമാകയും ചെയ്തുകഴിയുമ്പോൾ പ്രസ്തുത കുരിശുകൊണ്ടു് രോഗശാന്തി നൽകാനുള്ള അനുവാദം സിദ്ധിക്കുന്നതാണു് എന്നു് ആത്മനിയോഗം ഉണ്ടായിട്ടുണ്ടു്. ആ കാലത്തിനു് വേണ്ടി പുണ്യവതി പ്രാർത്ഥിച്ചു് കാത്തിരിക്കയാണു്.

സ്വർഗ്ഗീയ മന്ന.

നമ്മുടെ കഥാനായിക ആഹാരത്തിൽ ചോറു് ഒട്ടും ഭക്ഷിക്കാതെ കിഴങ്ങുകളും പഴവർഗ്ഗങ്ങളും മാത്രം തിന്നു് ജീവിച്ചുവരവേ, തന്റെ മാതാവു് ഈ വിവരം പിതാവിനോടു് അറിയിച്ചു. മകൾ നല്ല ആ

ഹാരം കഴിക്കാതെയിരുന്നാൽ ക്ഷീണിച്ചുപോകും എ
ന്നു ഭയപ്പെട്ടുപിതാവു് മകളെവിളിച്ചു് ഒരു നേരമെ
ങ്കിലും ചോറു ഉണ്ണണം എന്നു് നിർബന്ധമായി പറ
ഞ്ഞു അതു് അനുസരിച്ചു് പ്രവൎത്തിക്കായ്കയാൽ
പിതാവു് മകളെ ശിക്ഷിക്കകൂടിചെയ്തു. ആ ശിക്ഷ
യും ഒരനുഗ്രഹമായി കരുതിയ കന്യക തന്റെ നിശ്ച
യത്തിൽനിന്നു് പിന്തിരിഞ്ഞില്ല. ആഹാരം വെടി
യണമെന്നുള്ളതു് അവളുടെ സ്വന്തതീരുമാനമല്ലായി
രുന്നു. പ്രത്യുത പരിശുദ്ധറൂഹായുടെ നിയോഗമായി
രുന്നു. കന്യക ഒരുദിവസം ആത്മവിവശതയിൽആ
യി. ചിലകാൎയ്യങ്ങൾ സംസാരിച്ചുതുടങ്ങി. കുറെആ
ളുകൾ അവളുടെ ചുററും നിൽക്കുന്നുണ്ടു്. പരിശുദ്ധ
റൂഹാ, "നിങ്ങൾ ഈ കന്യകയെ ആഹാരം കഴി
പ്പാൻ നിർബ്ബന്ധിക്കുന്നതു് എന്തിനാണു്; നിങ്ങൾ
എത്ര നിർബന്ധിച്ചാലും അവൾ ആഹാരം കഴിക്കു
കയില്ല. ക്രൂരതലായി അവളെ ഇനിയും ഞെരുക്കു
ന്നു എങ്കിൽ ഇപ്പോൾ കഴിക്കുന്ന ആഹാരം പോലും
മേലാൽ അവൾ ഭക്ഷിക്കയില്ല." അടുത്തു് നിന്നി
രുന്ന ഒരാൾ–"ഭക്ഷണം കഴിക്കാതെ ഇവൾ ലോക
ത്തിൽ എങ്ങിനെ ജീവിക്കും"

റൂഹാ: "ഇവൾക്കു് ജീവിക്കുന്നതിനു് സ്വൎഗ്ഗീ
യമന്നാ ഭക്ഷണമായികൊടുക്കും."

ഈ പ്രവചനം ഉണ്ടായശേഷം 1120–ാമാണ്ടു്
ധനുമാസം പന്ത്രണ്ടാം തീയതി ഉയരത്തിൽനിന്നു്
വി: കുരിശു ലഭിച്ചസമയം തന്നെ മേശപ്പുറത്തിരുന്ന
ഗ്ലാസ്സിലെവെള്ളത്തിൽ വെളുത്തഗുളികകൾപോലെ

ഒരു വിശിഷ്ടപാധനം കാണപ്പെട്ടു. അതു് വെള്ളത്തിൽ കലക്കി കന്യക കുടിക്കയും ചെയ്തു. അതിൽ പിന്നീട്' അവൾക്കു് വിശപ്പാകട്ടെ ദാഹമാകട്ടെ ഉണ്ടായിട്ടില്ല. പരിശുദ്ധാത്മാവു് കല്പിച്ചതുപോലെ ഉയരത്തിൽനിന്നു് കർത്താവു് മന്നാ ഭക്ഷിപ്പാൻ ആ പുണ്യവതിക്കു് കൊടുക്കുകയായിരുന്നു.

ദൈവം ഇസ്രായേൽ ജനത്തിനു് മരുഭൂമിയിൽ വച്ചു് ആഹാരത്തിനു് മന്നാ പൊഴിച്ചുകൊടുത്തപ്രകാരം, (പുറപ്പാടു് 16:15) ഒരു അൽഭുതവസ്തുവായ സ്വർഗ്ഗീയ മന്നാ ഒരിക്കലും വിശക്കാത്തവണ്ണമുള്ള ദിവ്യമായ ആഹാരം ദൈവം തന്റെ ദാസിക്കു് പൊഴിച്ചുകൊടുത്തു. ആ വിശിഷ്ട പാനീയം കുടിച്ചതിൽ പിന്നീടു് ഒരിക്കലും ശരീരദാഹം കന്യകക്കു് ഉണ്ടായിട്ടില്ല.

രക്ഷകനായ മ്ശിഹാ ഒരിക്കൽ യഹൂദിയാദേശംവിട്ടു് ഗലീലക്കു് പോകുമ്പോൾ ശമറിയാദേശത്തു വച്ചു് പൂർവ്വപിതാവായ യാക്കോബിന്റെ കിണറിന്നരികെ നിന്നുകൊണ്ടു് ഒരു പുറജാതി സ്ത്രീയോടു് അരുളിച്ചെയ്യുന്നു. വി: യോഹ: 4: 13_15 ഈ വെള്ളത്തിൽ നിന്നു് കുടിക്കുന്നവനെല്ലാം പിന്നേയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളത്തിൽ നിന്നു് ആരെങ്കിലും കുടിച്ചാലോ ഒരുനാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്നവെള്ളം അവനിൽ നിത്യജീവങ്കലേക്കു് പൊങ്ങിവരുന്ന വെള്ളത്തിന്റെ ഉറവയായി തീരും!"

സ്വർഗ്ഗീയമന്നാ ഭക്ഷിച്ചശേഷം ദിവസങ്ങൾ ചി ലതുകഴിഞ്ഞു. ആ കന്യക യാതൊന്നും ഭക്ഷിക്കയോ കുടിക്കുകയോ ചെയ്യുന്നില്ല. അതിൻെറ ആവശ്യം അവൾക്കു തോന്നുന്നില്ല. ഇതുവരെ ഭക്ഷിച്ചുകൊണ്ടി രുന്ന കയ്കനികൾ പോലും ഭക്ഷിക്കണമെന്ന് പു ണ്യവതിക്ക് ആഗ്രഹമില്ല. ഭക്ഷിക്കാത്തതിൻെറ യാ തൊരുക്ഷീണവും ഭാവപ്പകർച്ചയും കന്യകയിൽ കാ ണ്മാനില്ല. മുൻപതിവുപോലെ കന്യക വീട്ടിൽ ജോലിചെയ്യുകയും പഠിക്കുകയും സ്കൂളിൽ പോകുക യും എല്ലാം ചെയ്യുന്നുണ്ട്.

വീട്ടിലുള്ളവക്ക് എല്ലാം ഈ കാര്യം അത്ഭുത മായി തോന്നി. എങ്കിലും ബാല്യത്തിലെ ദൈവകൃ പലഭിച്ച കുട്ടിയെ ദൈവം ഒരു അത്ഭുതസൃഷ്ടിയാക്കി തീർത്തിരിക്കുന്നു എന്ന് അവർ വിശ്വസിച്ചു. ഈ നൂററാണ്ടിലെ അതിശയ സംഭവങ്ങളിൽ ഒന്നായി ഇ തിനേപ്പററി അറിയുന്നവർ എല്ലാവരും വിധിച്ചു.

സ്വർഗ്ഗീയമന്നാ ഭക്ഷിച്ച് ഒരാഴ്ച കഴിഞ്ഞപ്പോ ൾ കന്യകയുടെ മലമൂത്രവിസർജ്ജനങ്ങൾ എല്ലാം നി ലച്ചു. രണ്ടു മൂന്ന് ആഴ്ചകൾ കഴിഞ്ഞപ്പോൾ ക ന്യകയുടെ ഈ അത്ഭുതകരമായ ജീവിതത്തെ പററി ചുററുപാടും അറിഞ്ഞുതുടങ്ങി. ഈ അത്ഭുതകന്യക യേ കാണുന്നതിനു് അനേകർ വീട്ടിൽ വന്നു. വി ദ്യാഭ്യാസകാലമാകയാൽ കന്യകയേ മററുള്ളവർ വീ ട്ടിൽ വന്ന് ശല്യംചെയ്യാതിരിക്കേണ്ടതിനു് ഈവിവരം പത്രങ്ങളിൽ ഒന്നിലും പരസ്യപ്പെടുത്തരുതെന്ന് അ വളുടെ പിതാവ് ഏർപ്പാടുചെയ്തു. ഇങ്ങനെയൊരു

സംഭവം പാശ്ചാത്യരാജ്യങ്ങളിൽ എവിടെയെങ്കിലും ആയിരുന്നെങ്കിൽ അപ്പോൾ തന്നെ സകല രാജ്യങ്ങളിലും അതു് അറിയത്തക്കവണ്ണം പരസ്യപ്പെടുത്തുമായിരുന്നു. അനേകലക്ഷങ്ങൾ അത്ഭുതകന്യകയേ ഒരു നോക്കു് കാണുവാൻ ഒടിക്കൂടുമായിരുന്നു.

പിന്നയും മാസങ്ങൾ നാലുകഴിഞ്ഞു. 1120-ാമാണ്ടു് മേടമാസം 22-ാം തീയതി വൈകിട്ടു് വീട്ടിലുള്ള പ്രാർത്ഥനാമുറിയിൽ കന്യക പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ 65 ആളുകളോളം ആ മുറിയിൽ ഉണ്ടായിരുന്നു. അവർ എല്ലാം കാണത്തക്കവണ്ണം മേശപ്പുറത്തിരുന്ന ഗ്ലാസ്സിലെ വെള്ളത്തിൽ കൊത്തമ്പാലരിപോലെ ചെറിയതും വെണ്മയുള്ളതുമായ സ്വർഗ്ഗീയ മന്നാ പരസ്യമായി ഉയരത്തിൽനിന്നു് പൊഴിഞ്ഞു. അപ്പോൾ കന്യക ഗ്ലാസ്സു് എടുത്തു് അതിലെ അത്ഭുതവസ്തുവിനെ എല്ലാവരേയും കാണിച്ചു. അവർ അതു് കണ്ടപ്പോൾ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനായ ദൈവത്തെ മഹത്വപ്പെടുത്തി. അവിടെ സന്നിഹിതരായിരുന്ന ചില രോഗികൾക്കു് അതിൽ കുറെ കുടിപ്പാൻ കൊടുത്തു. ബാക്കി കന്യകയും കുടിച്ചു. ആ ദിവ്യഔഷധം കുടിച്ചരോഗികൾ സൌഖ്യം പ്രാപിക്കയും ചെയ്തു.

അദ്ധ്യായം 6.

പഞ്ചമുറിവുകൾ മൂന്നാംപ്രാവശ്യം.

1120-ാമാണ്ടത്തെ കഷ്ടാനുഭവ ആഴ്ചയിൽ ദൂര സ്ഥലത്തെങ്ങും പോകാതെ സ്വന്ത ഇടവകയായ വളഞ്ഞവട്ടം ഓർത്തോഡോക്സ് സുറിയാനിപ്പള്ളിയിൽ കഴിച്ചുകൂട്ടുന്നതിനു നമ്മുടെ കന്യക നിശ്ചയിച്ചു. തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽ നിന്നുമായി അറുപതോളം രോഗികളും അ ആഴ്ചയിൽ തന്റെ വീട്ടിൽവന്നു താമസമായി പ്രസ്തുത രോഗികൾ പുണ്യവതിയോടുകൂടി എല്ലായാമപ്രാർത്ഥനകളിലും സംബന്ധിച്ചുകൊണ്ടിരുന്നു. ദുഃഖവെള്ളിയാഴ്ച രാവിലെ കന്യക പള്ളിയിൽ ചെന്നു അവിടത്തെ നമസ്കാരത്തിൽ സംബന്ധിച്ചു. സമയം മൂന്നുമണിയായി. സ്ലീബാ ആഘോഷത്തിന്റെ ശുശ്രൂഷ ആരംഭിച്ചു. അപ്പോൾ കന്യകയ്ക്കു ശരീരത്തിൽ ആസകലം വേദന തുടങ്ങി. കുറച്ചുസമയം കഴിഞ്ഞപ്പോൾ ബോധരഹിതയായി നിലത്തുകിടന്നു. ഒരുമണിക്കൂറോളം കഴിഞ്ഞപ്പോൾ ആ പുണ്യവതിയിൽ പഞ്ചമുറിവുകൾ പ്രത്യക്ഷമായി. മുൻ വർഷങ്ങളിൽ പൊട്ടിട്ടുള്ള ആ അഞ്ചു സ്ഥാനങ്ങളിൽനിന്നും രക്തം ഒലിച്ചു. ഈ അൽഭുത സംഭവം കാണ്മാൻ പള്ളിയിൽ ഉണ്ടായിരുന്ന ആളുകൾ തിക്കം തിരക്കമായി. ശുശ്രൂഷ അവസാനിച്ചശേഷം ആ പള്ളിയിലെ വികാരി അവർകളും പുണ്യവതിയുടെ അടുത്തുചെന്നു പഞ്ചമുറിവുകൾ കാണുകയും

ദൈവത്തിൻെറ അൽഭുതവ്യാപാരത്തേപ്പററി ജനങ്ങളെ ഉപദേശിക്കയുംചെയ്തു.

നേരം അഞ്ചുമണിയായപ്പോൾ കന്യകയ്ക്കു ബോധംവീണു് എഴുന്നേററു എങ്കിലും കാലുകളിലെ വേദനമൂലം അടുത്തുള്ള തൻെറ വീട്ടിലേക്കു നടന്നുപോകുന്നതിനു് പ്രയാസമായി വന്നു. സന്ധ്യയായപ്പോൾ കാലുകളിൽ ചെരിപ്പു ധരിച്ചുകൊണ്ടു് മററുള്ളവരുടെ സഹായത്തോടുകൂടി കന്യക വീട്ടിലേക്കു പോയി. നടന്നുപോകുമ്പോൾ കാലിൻെറ വെള്ളയിൽക്കൂടി ആണികൾ തറച്ചു കയറുന്നതുപോലെയുള്ള അനുഭവം ആ കന്യകക്കു് ഉണ്ടായി. മേൽപ്രസ്താവിച്ച സംഭവത്തിനു് സ്ഥലവാസികളായ പലരും ദൃക്സാക്ഷികളാണു്.

ഉയർപ്പു ഞായറാഴ്ച രാത്രി ഒരു മണിക്കു് കൂടെ താമസമുണ്ടായിരുന്ന ആളുകളോടുകൂടി കന്യക വളഞ്ഞവട്ടം പള്ളിയിൽ ചെന്നു. അവിടെ രാത്രി പ്രാത്ഥന കഴിഞ്ഞു് ഉയർപ്പിൻെറ പ്രത്യേക ശുശ്രൂഷ ആരംഭിച്ചു. ചുററും നിന്നിരുന്ന ആളുകൾ കന്യകയേ സൂക്ഷിച്ചുനോക്കുമ്പോൾ വലത്തുകാൽ നിലത്തുനിന്നു ഉയന്നും, ഇടത്തുകാലിൻെറ തള്ളവിരൽ നിലത്തു സ്പർശിച്ചും എന്നാൽ സ്പർശിക്കാതെയും നിൽക്കുന്നതായി അവർ കണ്ടു. വി. കർബ്ബാനയുടെ അവസാനം വരെ കന്യക ആ നിലയിൽതന്നെ നിന്നു. ആ സമയത്തു് പുണ്യവതി നല്ലബോധം ഇല്ലാത്തവളെപ്പോലെയത്രേ കാണപ്പെട്ടതു്. വി. കർബ്ബാനയുടെ അവസാനത്തിൽ കന്യകയുടെ രണ്ടു കാലുകളും നിലം സ്പ

ർശിക്കുകയും തന്നെ മററുള്ളവർ താങ്ങി പള്ളിയിൽ കിടത്തുകയും ചെയ്തു. ഇപ്രകാരം പള്ളിയിൽവച്ച് നിലംതൊടാതെ കന്യക അന്തരീക്ഷത്തിൽ പൊങ്ങി മൂന്നുമണിക്കൂറോളം നിന്നതായ അത്ഭുതകാഴ്ച പലരും കണ്ടിട്ടുള്ളതാണ്. മൂന്നാംപ്രാവശ്യം പ്രത്യക്ഷമായ പഞ്ചമുറിവുകളിൽനിന്നു് മൂന്നു മാസംവരെ രക്തം പൊടിച്ചുകൊണ്ടിരുന്നു. പ്രസ്തുത രക്തം തുണിയിൽ തുടച്ച് എടുത്ത് ആ പുണ്യവതി സൂക്ഷിച്ചു വച്ചിരിക്കുന്നു. വിശ്വസിക്കുന്ന ആളുകൾക്ക് അതുമൂലം പല കൃപകളും സിദ്ധിക്കുന്നുണ്ട്.

1120-ാമാണ്ട് ഇടവമാസത്തിൽ പിതാവിന്റെ നിർബന്ധംമൂലം കന്യക സ്കൂൾഫൈനൽ ക്ലാസ്സിൽ വീണ്ടും അഭ്യസനം ആരംഭിച്ചു. ആറുമാസമായി യാതൊന്നും ഭക്ഷിക്കുകയൊ കുടിക്കുകയോ ചെയ്യാത്ത യുവതി എങ്ങിനെ സ്കൂളിൽപോയി പഠിക്കും എന്നു് പലരും ചിന്തിച്ചു. പക്ഷേ രണ്ടുമൈൽ അകലമുള്ള തിരുവല്ലായിൽ പെരിങ്ങര പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്കൂളിൽ നിത്യവും നടന്നുപോയി പഠിക്കുന്നതിനു് നമ്മുടെ കന്യകയ്ക്കു് യാതൊരു പ്രയാസവും തോന്നിയില്ല. വീട്ടിൽനിന്നു് സ്കൂളിലേക്ക് യാത്ര തിരിച്ചാൽ വഴിയിൽവച്ച് ആരോടും ഒന്നും സംസാരിക്കയില്ല. നടപ്പു വളരെ വേഗത്തിലാണ്. വെയിലത്തു് കുട പിടിക്കുക പതിവില്ല. വേഗത്തിൽ യാത്രചെയ്താലും പുണ്യവതിയുടെ ശരീരം വിയർക്കുക അപൂർവ്വമാണ്. സാധാരണ ഒരു ബാലികയേപ്പോലെ ആ കന്യക ക്ലാസ്സിലിരുന്നു പഠിച്ചുവന്നു.

സഹപാഠികൾക്കും സ്കൂൾ അദ്ധ്യാപകന്മാക്കും ഈ പു ണ്യവതിയെപ്പററി വളരെ ബഹുമാനമാണു്. ഇപ്ര കാരമുള്ള ഒരു അത്ഭുത കന്യകയെ ആ സ്കൂളിൽ അഭ്യ സനത്തിനു കിട്ടിയതു് ഒരു മഹാ ഭാഗ്യമായും അഭിമാ നമായും അവർ കരുതി. സ്കൂൾഫൈനൽ ക്ലാസ്സിലെ പബ്ളിക്കു പരീക്ഷക്കു് ഇരുന്നു് എഴുതിയശേഷം ആ കന്യക അവിടെയുള്ള എല്ലാവരോടും യാത്രപറ ഞ്ഞു് സ്കൂൾ അഭ്യസനത്തിൽനിന്നു് എന്നേക്കുമായി വിരമിച്ചു.

രോഗികൾക്കു് സൌഖ്യം.

1121-ാമാണ്ടു് ചിങ്ങമാസത്തിലെ ഓണഅവ ധിക്കു് അഞ്ചു് രോഗികൾ നമ്മുടെ കന്യകയുടെ വീട്ടി ൽചെന്നു് അവക്കുവേണ്ടി പ്രാത്ഥിക്കണമെന്നു് അപേ ക്ഷിച്ചു. അവധി കാലമായിരുന്നതിനാൽ കുറെദി വസങ്ങൾ അവക്കുവേണ്ടി പ്രാത്ഥനയിൽ ചെലവിടു ന്നതിനു് വീട്ടിലുള്ളവരും സമ്മതിച്ചു. ഈ പുണ്യവ തിയുടെ പ്രാത്ഥനയാൽ ദൈവം ആരോഗികൾക്കു് സൌഖ്യം കൊടുത്തു.

ആ കന്നിമാസത്തിൽ റോമൻകത്തോലിക്കാ സ ഭയിലെ മൂന്നു സ്ത്രീകൾ പുണ്യവതിയെ കാണുവാൻവ ന്നു. അവരിൽ ഒരാൾ പ്രസവിക്കാത്ത ഒരു വന്ധ്യ യായിരുന്നു. പ്രസ്തുത സ്ത്രീകളുടെ നിർബന്ധമായ അ പേക്ഷപ്രകാരം പഞ്ചമുറിവുകളിൽനിന്നു് ഒലിച്ചു ര ക്തം തുടച്ചു് സൂക്ഷിച്ചിരുന്ന ഒരു വസ്ത്രകഷണം അ

വക്ക് കൊടുത്തു. വിശ്വാസികളായ ആ സ്ത്രീകൾ ആ വസ്ത്രം കരിച്ച് വെള്ളത്തിൽ കലക്കി കുടിച്ചു. തൽഫലമായി അവർ മൂന്നുപേരുടെയും രോഗങ്ങൾക്ക് സൌഖ്യംവന്നു. മച്ചിയായിരുന്ന സ്ത്രീ ഗർഭം ധരിച്ച വിവരം ആറാംമാസത്തിൽ ആ പുണ്യവതിയെ അറിയിക്കയുണ്ടായി.

എല്ലാ ശനിയാഴ്ചയും വൈകിട്ട് സന്ധ്യാപ്രാർത്ഥനാസമയത്ത് കന്യകയ്ക്ക് പരിശുദ്ധ റൂഹായുടെ പ്രത്യേക ശക്തി ലഭിക്കുക പതിവായി തീർന്നു. ആ അവസരത്തിൽ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക, ഭാവികാര്യങ്ങളെപ്പററി പ്രവചിക്കുക, സംശയനിവർത്തി വരുത്തുക ഇവ സാധാരണയാണ്. ഇതിനുവേണ്ടി അനേകർ ആ പുണ്യവതിയുടെ ഭവനത്തിൽ വന്നുകൊണ്ടിരുന്നു. തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രോഗശാന്തിക്കായും, ഈ പുണ്യവതിയെ ഒരുനോക്കു കാണുന്നതിനുവേണ്ടിയും ഇപ്പോഴും ആളുകൾ വന്നുകൊണ്ടിരിക്കുന്നു.

കൈകളിലെ കുരിശുപാടുകൾ.

കഴിഞ്ഞ മൂന്നുവർഷങ്ങളിലെ (1118, 1119, 1120) കഷ്ടാനുഭവ ആഴ്ചകളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള പഞ്ചമുറിവുകൾ ഉണങ്ങി അതിന്റെ വടുവുകൾ കൈകൾ രണ്ടിലും കുരിശ് ആകൃതിയിൽ ഇപ്പോൾ കാണുന്നുണ്ട. വലത്തുകൈയുടെ അകത്തു മാത്രം നാലു കുരിശുകൾ പ്രത്യക്ഷമായി കാണാം. ഇടത്തുകൈ

യ്യിൽ മൂന്നു കുരിശുകൾ കാണപ്പെടുന്നു. വലത്തുകൈയ്യിൽ നാലു കുരിശുകൾ പ്രത്യക്ഷമായതിന്റെ കാരണം എന്താണെന്നു മുമ്പു് പ്രസ്താവിച്ചിട്ടുള്ളതാണു്. ശ്രീമാൻ ഇ. എം. കോവൂരിനെ ഒരടയാളം കാണിക്കുന്നതിനുവേണ്ടി ആ പ്രത്യേക സന്ദർഭത്തിൽ വലത്തുകൈയ്യിൽ പൊട്ടിട്ടുള്ളതാണു് നാലാമത്തെ കുരിശടയാളം. ഇപ്രകാരം നാലു് കുരിശടയാളം വഹിക്കുന്ന കൈയ്യാണു് ആ പുണ്യവതി രോഗികളുടെ ശിരസ്സിൽ വച്ചു് പ്രാർത്ഥിക്കുന്നതു്. വിശ്വസിക്കുന്ന അനേകർ അതുമൂലം സൌഖ്യം പ്രാപിക്കുന്നു. കന്യകയുടെ രണ്ടു കാലുകളിലും മാറിലും ആണിപ്പാടുകൾ പോലെ കറുത്ത വട്ടവുകൾ ഇപ്പോഴും കാണുവാനുണ്ടു്.

പഞ്ചമുറിവുകളിലെ വേദന.

പഞ്ചമുറിവുകൾ ശരീരത്തിൽ പൊട്ടുന്നതിനു് കുറേ മണിക്കൂറുകൾക്കു മുമ്പുതന്നേ കന്യകയ്ക്കു് ശരീരമാസകലം വേദന ഉണ്ടാകുകസാധാരണയാണു്. മ്ശിഹാരാജൻ തന്റെ ശിഷ്യന്മാർക്കു് തിരുവത്താഴം നിയമിക്കപ്പെട്ട ശേഷം താൻ അവരുമായി ഗത്ശമന എന്നു് പറയുന്ന തോട്ടത്തിലേക്കു പോയി. തന്റെ കുരിശുമരണത്തിന്റെ ആ തലേ രാത്രിയിൽ മ്ശിഹാതമ്പുരാൻ തന്റെ ശരീരത്തിൽ അതികഠിനമായ വേദന അനുഭവിച്ചു. മത്തായി 26:38–45. "അപ്പോൾ അവൻ, 'എന്റെ ദേഹി മരണത്തോളം അതിദുഃഖപ്പെട്ടിരിക്കുന്നു; ഇവിടെ താമസിച്ചു് എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു് അവരോടു കല്പിച്ചു.'

പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്നു് മുഖം കവിണ്ണുവീണു. 'എന്റെ പിതാവേ, കഴിയുന്നതാകുന്നു എങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു് നീങ്ങിപ്പോകേണമേ, എങ്കിലും ഞാൻ ഇച്ഛിക്കുംപോലെയല്ല; നീ, ഇച്ഛിക്കുംപോലെ അത്രേ, എന്നു് പ്രാർത്ഥിച്ചു...... പിന്നെ രണ്ടാമതും പോയി; 'എന്റെ പിതാവേ, ഞാൻ ഇതു കുടിക്കാതെ, നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ' എന്നു പ്രാർത്ഥിച്ചു .. താൻ അവരെ വിട്ടു മൂന്നാമതും പോയി അതു വചനംതന്നെ ചൊല്ലി പ്രാത്ഥിച്ചു. പിന്നെ ശിഷ്യന്മാരുടെ അടുക്കൽ വന്നു പറയുന്നു. ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ. ഇതാ നാഴിക അടുത്തു, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു."

യേശുമ്ശിഹാ കുരിശിൽ തറയ്ക്കപ്പെട്ടപ്പോഴും സ്ളീബായിൽ തൂങ്ങി കിടന്നപ്പോഴും അനുഭവിച്ചതു പോലെയോ അതിൽ കൂടുതലോ ഉള്ള വേദന താൻ ഗത്സെമനോ തോട്ടംമുതൽ അനുഭവിച്ചിട്ടുണ്ടു്. തന്റെ രക്തം വിയർപ്പുതുള്ളിയായി പുറത്തു പോകത്തക്കവണ്ണം അത്ര കഠിനമായ ശാരീരികവും മാനസികവുമായ വേദന യേശുമ്ശിഹാ സഹിച്ചു. തന്റെ കുരിശുമരണത്തിനു് മുമ്പുള്ള പീഡാനുഭവം ഇതിനേ കുറിക്കുന്നു.

യേശുമ്ശിഹായിക്കു് ഉണ്ടായതുപോലെയുള്ള പഞ്ചമുറിവുകളിലെ വേദന തനിക്കും അനുഭവിപ്പാൻ ഇടയാകുന്നതിൽ നമ്മുടെ പുണ്യവതി സന്തോ

ഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ആണിപ്പാടുകൾ ഉണങ്ങി വെറും വടുവുകൾ മാത്രമേ ഇപ്പോൾ കാണുവാൻ ശേഷിക്കുന്നുള്ളു എങ്കിലും, എല്ലാ മാസങ്ങളിലും ഏതെങ്കിലും ഒരു വെള്ളിയാഴ്ച, ആ സ്ഥാനങ്ങളിൽ വേദന ഉണ്ടാകുക സാധാരണയാണു്. ദുഃഖവെള്ളിയാഴ്ചത്തെ–തന്റെ മരണദിവസത്തെ–യേശുമ്ശിഹായുടെ കഷ്ടാനുഭവവും തിരുശരീരത്തിനുണ്ടായ വേദനയും ഓർത്തു് ധ്യാനിക്കുന്നതിനു് ഈ സംഭവം പുണ്യവതിയെ സഹായിക്കുന്നു. പഞ്ചമുറിവുകളിൽ വേദന ആരംഭിക്കുന്ന എല്ലാവെള്ളിയാഴ്ചയും ഒരു ധ്യാനദിവസമായി കഴിച്ചുകൂട്ടുന്നതിനു് കന്യക ആഗ്രഹിക്കുകയും അപ്രകാരം തുടർന്നുവരികയും ചെയ്യുന്നു.

അദ്ധ്യായം 7.

വി: കുർബാനാനുഭവം.

നമ്മുടെ പുണ്യവതിക്കു് സ്വർഗ്ഗീയ മന്നാ രഹസ്യമായും പരസ്യമായും നൽകപ്പെട്ട അവസരങ്ങളിൽ കർത്താവു് അവളോടു് ഇപ്രകാരം കല്പിച്ചിട്ടുണ്ടു്. "നീ ലൗകികഭക്ഷണംകൂടാതെ ആജീവനാന്തം ജീവിക്കണം." "നിത്യവും വി: കുർബാന അനുഭവിക്കുന്നതു നല്ലതുതന്നെ. എന്നാൽ അതിനു സൌകര്യപ്പെടാത്തപക്ഷം എല്ലാ ഞായറാഴ്ചകളിലും വി: കുർബാന അനുഭവിച്ചുകൊള്ളണം" കർത്താവിന്റെ ഈ കല്പന അനുസരിച്ചു് കന്യക അന്നുമുതൽ മുടക്കംകൂടാതെ

എല്ലാ ഞായറാഴ്ചകളിലും പരിശുദ്ധ കർബാന അനുഭവിച്ചുവരുന്നു. തന്നോടുകൂടിയുള്ള നിത്യമായ സംസർഗ്ഗത്തിനു് തൻെറ തിരുശരീര രക്തങ്ങളുടെ സംബന്ധം പുണ്യവതിയെ സഹായിക്കുന്നു. ക്രിസ്തുവിൻെറ ജീവൻ തന്നിലേക്കു് ആഴ്ചതോറും പകരപ്പെടുന്നതുപോലെയുള്ള അനുഭവം കന്യകയ്ക്കു് ഉണ്ടാകുന്നു.

യേശുമ്ശിഹാ അരുളിച്ചെയ്യുന്നു. "അഴിഞ്ഞുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവൎത്തിപ്പിൻ. അതിനെ മനുഷ്യപുത്രൻ നിങ്ങൾക്കു തരും" യോഹ. 6:27. യഹൂദന്മാർ ക്രിസ്തുനാഥനോടു പറയുന്നു; 'ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചുവല്ലോ അവർക്കു ഭക്ഷിപ്പാൻ സ്വർഗ്ഗത്തിൽനിന്നു് അപ്പംകൊടുത്തു എന്നു് എഴുതിയിരിക്കുന്നപ്രകാരംതന്നെ'. അപ്പോൾ യേശുമ്ശിഹാ അരുളിച്ചെയ്തു. 'സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം മോശയല്ല നിങ്ങൾക്കു തന്നതു്, എൻെറ പിതാവത്രെ ദൈവത്തിൻെറ അപ്പം എന്നതോ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്നു ലോകത്തിനു ജീവനെ കൊടുക്കുന്നതു് ആകുന്നു' 'ഞാൻ ജീവൻെറ അപ്പമാകുന്നു. എൻെറ അടുക്കൽ വരുന്നവന്നു് വിശക്കയില്ല, എന്നിൽ വിശ്വസിക്കുന്നവന്നു് ഒരുനാളും ദാഹിക്കയുമില്ല. അവൻ എനിക്കു് തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ ഉയൎത്തെഴുന്നേല്പിക്കേണം എന്നു് എന്നെ അയച്ചവൻെറ ഇഷ്ടമാകുന്നു. നിങ്ങ

ളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ ഭക്ഷിക്കയും അവർ മരിക്കയും ചെയ്തു. എന്നാൽ ഇതു് ആരെങ്കിലും ഭക്ഷിച്ചാൽ മരിക്കാതിരിക്കേണ്ടതിനു് സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങുന്ന അപ്പം ആകുന്നു. ഈ അപ്പത്തിൽനിന്നു് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി എന്റെ മാംസം ആകുന്നു.

നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു് നിങ്ങളിൽതന്നെ ജീവൻ ഇല്ല. എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കുകയുംചെയ്യുന്നവനു് നിത്യജീവൻ ഉണ്ടു്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയത്തെഴുന്നേല്പിക്കും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം സാക്ഷാൽ ഭക്ഷണമാകുന്നു. എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവനുള്ള പിതാവു് എന്നെ അയച്ചിട്ടു് ഞാൻ പിതാവുമൂലം ജീവിക്കുന്നപ്രകാരം എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും. പിതാക്കന്മാർ ഭക്ഷിക്കയും മരിക്കയും ചെയ്തതുപോലെയല്ല, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും."

നമ്മുടെ പുണ്യവതി വി. കുർബാന കർത്താവിന്റെ തിരുശരീര രക്തങ്ങളാകുന്നു എന്ന ഉത്തമ ബോദ്ധ്യത്തിലും വിശ്വാസത്തിലും അത്രെ അതിനെ ഭക്ഷിക്കുന്നതു്. കുർബാന ബലിയാണെന്നും ശുദ്ധീകരണ

ശേഷം അപ്പവും വീഞ്ഞും കൃപയാലുള്ള യേശുക്രിസ്തുവിൻെറ ശരീരവും രക്തവും ആയിത്തീരുന്നു എന്നും വിശുദ്ധ പിതാക്കന്മാരേപ്പോലെ ആ കന്യക വിശ്വസിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾക്കു തിരിച്ചറിയുന്നതിനു പാടില്ലാത്ത ഈ ആത്മീകമാററം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതു് അവരവരുടെ വിശ്വാസം കൊണ്ടാണു്.

യേശുക്രിസ്തുവിൻെറ ജീവനെ നമ്മുടെ ആത്മീക ജീവസന്ധാരണത്തിനുള്ള മാർഗ്ഗമാക്കിത്തീക്കുന്നതു് വിശ്വാസംകൊണ്ടാണല്ലൊ. ഓരോ കൂദാശകളിലും ഉണ്ടാകുന്ന അപ്രത്യക്ഷ മാററം പരിശുദ്ധാത്മവ്യാപാരംമൂലം സംഭവിക്കുന്നതാണു്. വിശ്വാസംകൊണ്ടു് കൂദാശകളുടെ ആത്മീകഫലങ്ങൾ നമുക്കു് അനുഭവസിദ്ധമാകുന്നു. മനുഷ്യാവതാരംചെയ്ത മ്ശിഹായിൽ ദൈവത്വം അദൃശ്യമായിരുന്നതുപോലെ വി. കുർബാനയിലും ദൈവസാന്നിദ്ധ്യം ബാഹ്യനയനങ്ങൾക്കു് അദൃശ്യമായിരിക്കുന്നു. യേശുമിശിഹായുടെ മനുഷ്യാവതാരത്തിലും, പരിശുദ്ധ കുർബാനയിലും, സ്വർഗ്ഗീയവും ഭൗമീകവും, ദൈവീകവും മാനുഷീകവുമായ ശക്തികൾ അൽഭുതകരമായി സംയോജിച്ചിരിക്കുന്നു. തൻെറ ദൈവത്വത്തെ മനുഷ്യത്വത്തിൽ അടക്കിവയ്ക്കുന്നതിനു തിരുവിഷ്ടമുണ്ടായ ദൈവം ഇപ്പോൾ അവിടത്തെ തിരുസാന്നിദ്ധ്യം അപ്പവീഞ്ഞുകളിൽ അടക്കിവയ്ക്കുന്നു. "ആ വചനം ദൈവമായിരുന്നു" എന്നു വി യോഹന്നാൻശ്ലീഹാ പറയുന്നു. ഇങ്ങനെ മനുഷ്യനായി കാണപ്പെട്ട യേശു ദൈവമായിരുന്നതുപോലെ എല്ലവക്കും വാഴ്ത്തപ്പെട്ട അപ്പവും വീഞ്ഞും

യേശുക്രിസ്തുവിന്റെ ശരീര രക്തങ്ങളാകുന്നു. അവ ഉയത്തെഴുന്നേററ മിശിഹായുടെ മഹത്വീകരിക്കപ്പെട്ട ശരീര രക്തങ്ങളത്രെ.

യേശുമിശിഹാ ലോകത്തിൽ സഞ്ചരിച്ചപ്പോൾ മനുഷ്യനായി ജനിക്കയും ജീവിക്കയും ചെയ്തു. ദൈവമായിരുന്ന താൻ മനുഷ്യത്വത്തെ വസ്ത്രംപോലെ ധരിക്കയല്ലായിരുന്നു. യേശു പൂർണ്ണ മനുഷ്യനായിരുന്നു. ആകയാൽ ദൈവത്വവും മനുഷ്യത്വവും ഒരാളിൽ സ്ഥിതിചെയ്തതുപോലെതന്നെ വി. കർബാനയിലെ അപ്പവീഞ്ഞുകൾക്ക് വസ്തുഭേദം വരുത്താതെതന്നെ യേശുമിശിഹായുടെ കൃപയാലുള്ള ശരീര രക്തങ്ങളായി അതു് പരിണമിക്കുന്നു. വാഴ്ത്തപ്പെട്ട അപ്പവീഞ്ഞുകളിൽക്കൂടെ യേശുക്രിസ്തുവിന്റെ ശരീര രക്തങ്ങളുടെ അനുഗ്രഹങ്ങളെ നാം പ്രാപിക്കുന്നു. എന്നാൽ ഈ അനുഗ്രഹം അനുഭവസിദ്ധമാകുന്നതു് വിശ്വാസംമൂലമാണ്. വി. കർബാനയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെ ഉളവാക്കുന്നതു് വിശ്വാസമല്ല. യേശുനാഥൻ ലോകത്തിൽ സഞ്ചരിച്ചിരുന്നകാലത്തു് തന്നിൽ വിശ്വാസം ഇല്ലാത്ത വലിയൊരു ക്രൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവർ തന്നെ അവിശ്വസിക്കുകയും പീഢിപ്പിക്കുകയും അവസാനം കുരിശിൽ തറയ്ക്കുകയും ചെയ്തു. എന്നാൽ വിശ്വാസമുള്ളവക്ക് രോഗത്തിൽനിന്നുള്ള വിടുതലും പാപമോചനവും ധാരാളമായി കൊടുക്കുന്നതിനു പ്രാപ്തിയുള്ള ജീവന്റെ ഉറവയായി താൻ ലോകത്തിൽ വസിച്ചു. തന്റെ സാന്നിദ്ധ്യം പുനരുത്ഥാനശേഷം ആത്മീയമായ ഒന്നാണ്. അതു് പ്രകൃതിനിയമങ്ങൾക്ക് അതീത

മായ ഒന്നുതന്നെ. വി. പൌലോസ് പുനരുത്ഥാന ശേഷമുള്ള ശരീരം ആത്മീകശരീരമാണെന്നു പറയുന്നു (1 കോറ. 15_44) വിശ്വാസികൾക്കു് പുനരുത്ഥാനശേഷം ലഭിക്കുന്ന ഒരു ആത്മീകശരീരംതന്നെയായിരുന്നു യേശുക്രിസ്തുവിനുണ്ടായിരുന്നതും. ഉയിപ്പിന്റെ ശേഷം ഈ ലോകത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഒരു ആത്മീക സാന്നിദ്ധ്യമാണു്. അതു് വിശ്വാസംകൊണ്ടു് അനുഭവപ്പെടേണ്ടതാകുന്നു. ഉയിർപ്പിന്റെശേഷം യേശുമിശിഹാ തന്റെ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു. അപ്പോൾ പ്രകൃത്യാലുള്ള ശരീരത്തിൽനിന്നു വ്യത്യാസപ്പെട്ടതും എന്നാൽ ഒരു യഥാർത്ഥവുമായ ശരീരം ക്രിസ്തുവിനുണ്ടായിരുന്നു. ആ ശരീരം പ്രകൃതനിയമങ്ങൾക്കു വിധേയമായ ഒന്നല്ലായിരുന്നു. അവനിൽ വിശ്വസിക്കുന്നവർക്കു് അവനെ കാണുവാൻ കഴിഞ്ഞു. ഇതു് വി. കുർബാനയേപ്പററിയും വാസ്തവമായിരിക്കുന്നു.

വി. കുർബാനയിലെ യേശുമിശിഹായുടെ സാന്നിദ്ധ്യം ആത്മീകമായിട്ടുള്ള ഒന്നാണു്. അതു് യഥാർത്ഥമായ ഒന്നുതന്നെ. പ്രകൃതാതീതവുമത്രെ. അതു് നമ്മുടെ വിശ്വാസംകൂടാതെതന്നെ സംഭവിക്കുന്നതായ ഒരു സാന്നിദ്ധ്യമാണു്. ഇതു് വിശ്വാസംകൊണ്ടുമാത്രമെ നമുക്കു് അനുഭവസിദ്ധമാകയുള്ളു. വിശ്വാസിനിയായ നമ്മുടെ കഥാനായിക വി. കുർബാനയിൽ മിശിഹായുടെ സാന്നിദ്ധ്യം സ്വർഗ്ഗത്തിലെന്നപ്രകാരം അനുഭവിക്കുകയും, തന്റെ തിരുശരീര രക്തങ്ങളെ ശരീരാത്മദേഹികളുടെ ജീവനും രക്ഷയ്ക്കുമായി ഭക്ഷിക്കുകയും ചെയ്യുന്നു. ആഴ്ചയിൽ ഒരിക്കൽമാത്രം ചായ്വ്

(Key) കൊടുക്കുന്ന നാഴികമണിയേപ്പോലെ, ഞായറാഴ്ചതോറും ആത്മീകഭക്ഷണമായ വി. കർബാനമാത്രം അനുഭവിച്ചുകൊണ്ടു് ആ കന്യക ജീവിക്കുന്നു. ശാരീരികവും ആത്മീകവുമായ സർവ്വ ചൈതന്യവും ശക്തിയും അതുമൂലം ആ പുണ്യവതിക്കു് സിദ്ധിക്കുന്നുണ്ടു്.

അദ്ധ്യായം 8.

കന്യകയുടെ അരോഗാവസ്ഥ.

നമ്മുടെ കഥാനായികയ്ക്കു് ചെറുപ്പത്തിൽ ഉണ്ടായിരുന്ന 'എപ്പിലപ്സി' രോഗം കർത്താവു് തൻെറ കൃപകൊണ്ടു് സൌഖ്യമാക്കിയശേഷം ഇതേവരെ യാതൊരു സുഖക്കേടുകളും ഉണ്ടായിട്ടില്ല. യാതൊരുവിധമായ ചികിത്സയും ഇത്രയും പ്രായത്തിൽ ആ പുണ്യവതിക്കു് ചെയ്യേണ്ടിവന്നിട്ടുമില്ല. എല്ലാദിവസവും അതിരാവിലെ തണുത്ത വെള്ളത്തിൽ സ്നാനംചെയ്ക പതിവാണു്. ശരീരത്തിനു ആവശ്യമായ പോഷകാഹാരം ഒന്നും കന്യക ഭക്ഷിക്കുന്നില്ലെങ്കിലും നല്ല ആരോഗ്യമുള്ളവളായി കാണപ്പെടുന്നു. മുഖത്തിൽ പ്രത്യേക ഒരു തേജസ്സും പ്രസന്നതയും എപ്പോഴും സ്ഫുരിക്കുന്നുണ്ടു്. ഈ പുണ്യവതിക്കു് ദിവസം രണ്ടുമൂന്നു മണിക്കൂർ മാത്രമെ ഉറക്കം ആവശ്യമുള്ളു. രാത്രിയിലെ മററു സമയങ്ങൾ ധ്യാനത്തിലും പ്രാർത്ഥനയിലും കന്യക ചെലവിടുന്നു. ഉറങ്ങിയില്ലെങ്കിൽ പ്രത്യേക ക്ഷീണം ഒന്നും തോന്നുകയില്ല. ശരീരത്തിൽ വിയർപ്പുണ്ടാ

കുക സാധാരണയല്ല. ക്ഷീണം, ഉന്മേഷം എന്നിങ്ങനെ പ്രത്യേക അനുഭവങ്ങൾ കന്യകയ്ക്കു് ഉണ്ടാകാറില്ല. ശരീരംകൊണ്ടും മനസ്സുകൊണ്ടും വളരെ അദ്ധ്വാനിച്ചാലും ക്ഷീണം കാണുകയില്ല.

വിദ്യാഭ്യാസകാലത്തു് സ്കൂളിൽനിന്നു് അഭ്യസനം കഴിഞ്ഞു വീട്ടിൽ വന്നാൽ അടുക്കളയിലെ ചില ജോലികൾ എടുക്കുക സാധാരണയാണു്. പരിപൂർണ്ണ ഉപവാസത്തിൽ ജീവിക്കുന്ന മകളേ തന്റെ മാതാവു യാതൊരു വീട്ടുജോലിക്കും നിർബന്ധിക്കാറില്ല. വീട്ടിലുള്ള യാതൊരുത്തരുടേയും നിർദ്ദേശം കൂടാതെതന്നെ അടുക്കളയിലെ പല ജോലികളും ആ പുണ്യവതി ചെയ്തുതീർക്കുമായിരുന്നു.

അൽഭുതകരമായ ജീവിതം.

നമ്മുടെ യുവതിക്കു് ഇപ്പോൾ വയസ്സു് പതിനെട്ടു് കഴിഞ്ഞിരിക്കുന്നു. ഇതേവരെ സ്ത്രീകൾക്കുള്ള മുറ ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാകുമെന്നും തോന്നുന്നില്ല. മലമൂത്രവിസർജ്ജനങ്ങൾ യാതൊന്നും ഇല്ലാതെ ഒരു 'അത്ഭുത കന്യക'യേപ്പോലെ ആ യുവതി ജീവിക്കുന്നു. ഈ നൂററാണ്ടിൽ മററാക്കും ലഭിക്കാത്ത ഈ പ്രത്യേക നൽവരം നമ്മുടെ പുണ്യവതിക്കു് ദൈവം നൽകിയിരിക്കുന്നു. വെള്ളംപോലും അവൾ കുടിക്കുന്നില്ലെങ്കിലും, തൊണ്ട ഉണങ്ങാറില്ല. തന്റെ വായിൽ ഉമിനീർ ആവശ്യത്തിനു് കിട്ടുന്നുണ്ടു്. പുറമേനിന്നുള്ള ശരീരപോഷകാഹാരങ്ങൾ യാതൊന്നുമില്ലെങ്കിലും ക്ഷീണമാകട്ടെ, ശോഷിപ്പാകട്ടെ ശരീര

ത്തിന് ഉണ്ടാകുന്നില്ല. കന്യകയുടെ നാഡിപിടിച്ചു നോക്കിയാൽ അതു നന്നായി അടിക്കുന്നതായി ആൎക്കും അനുഭവപ്പെടും.

ശുദ്ധജലംപോലും കുടിക്കാതെ നാലു് അഞ്ചു് ആഴ്ചയിൽ കൂടുതൽ ഒരു മനുഷ്യന് ജീവിക്കുന്നതിനു് സാദ്ധ്യമല്ല എന്നു് ശരീരശാസ്ത്രം പഠിച്ചിട്ടുള്ള ഡാക്ടർമാർ അഭിപ്രായപ്പെടുന്നു. ശരീരത്തിനു് പോഷകാംശം കുറയുമ്പോൾ ഹൃദയം ക്ഷീണിച്ചു് അതു താനെ നിന്നുപോകുന്നതാണു്. മററു രോഗങ്ങൾ ഒന്നും ഇല്ലാത്ത ചില ആളുകൾ ഹൃദയസ്പന്ദനം നിലച്ചു മരണം അടയുന്നതായി കാണാറുണ്ടു്. എന്നാൽ ഇപ്പോൾ പതിനഞ്ചു മാസങ്ങളായി യാതൊരു ഭക്ഷണപാനീയങ്ങളും കൂടാതെ ആരോഗ്യവതിയായി ജീവിക്കുന്ന നമ്മുടെ കഥാനായിക തികച്ചും ഒരു അത്ഭുത കന്യകയാണെന്നുള്ളതു് നിസ്തക്കമത്രെ. ഈ പുണ്യവതിയുടെ ജീവിതം ഡോക്ടർമാരുടെ അഭിപ്രായങ്ങൾക്കും, ശരീരത്തിന്റെ ഘടനാനിയമങ്ങൾക്കും, പ്രകൃതിനിയമത്തിനും അതീതമായിട്ടുള്ളതാണു്. ദീർഘകാലം ഉപവാസത്തിലും നോമ്പിലും കഴിച്ചു കൂട്ടിയവനും, ദുഃഖിതന്മാരിൽ തലവനെന്നു് പേർ സമ്പാദിച്ചവനും, വിശുദ്ധന്മാരുടെ പട്ടികയിൽ ഉൾപ്പെട്ടവനുമായ മോറാൻ മോർ ബർസോമ്മായേ കൂടാതെ ഇതുപോലെ ജീവിച്ചിട്ടുള്ളവർ വളരെ ചുരുക്കംതന്നെ.

ദൈവമാതാവു് ഒരിക്കൽ നമ്മുടെ കന്യകയ്ക്കു് പ്രത്യക്ഷപ്പെട്ടപ്പോൾ യാതൊരു വിധമായ ആഭരണങ്ങളും ധരിക്കരുതെന്നു് അവളോടു് ആജ്ഞാപിച്ചി

ട്ടണ്ട്. അതുപ്രകാരം കന്യക ഇതേവരെയും ആഭരണങ്ങൾ ധരിച്ചിട്ടില്ല. ആഭരണ കാര്യത്തിൽ ഭ്രമക്കാരായ യുവതികളേ കണ്ടാൽ ദൈവമാതാവിന്റെ ഉപദേശം ആ പുണ്യവതി അവരോടു പറയുക പതിവുണ്ട്. സ്വർഗ്ഗത്തിലെ രാജ്ഞിയായ വി. മാതാവ് ഇഷ്ടപ്പെടാത്ത ആഭരണാലങ്കാരങ്ങൾ ദൈവഭക്തിയുള്ള സ്ത്രീകൾക്ക് യോജിച്ചതല്ലാ എന്ന് കന്യക ഉപദേശിക്കുന്നു.

നമ്മുടെ പുണ്യവതിക്ക് മൌനവ്രതം എടുക്കുന്നതിന്ന് വലിയ താല്പര്യമാണ്. ആത്മീയശക്തി കൂടുതലായി ലഭിക്കുന്നതു് മൌനവ്രതം, ധ്യാനം ഇവ കൊണ്ടാകുന്നു എന്ന് ആ കന്യക സാക്ഷിക്കുന്നു. ലോകകാര്യങ്ങളേപ്പററി ചിന്തിക്കാതെയും സംസാരിക്കാതെയും, ദൈവത്തോടും തന്റെ വിശുദ്ധന്മാരോടും ശുദ്ധിമതികളോടും മാത്രം സംസാരിച്ചും, അവരുമായിട്ടുള്ള സംസർഗ്ഗത്തിലും, ജീവിക്കുന്നതു് ആനന്ദത്തിന്റെ ഉൽകൃഷ്ടനിലയായി കന്യക ചിന്തിക്കുന്നു.

ക്രിസ്തുദേവൻ ഒരിക്കൽ തന്റെ പ്രിയ ശിഷ്യന്മാരായിരുന്ന പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ആളുകളേ കൂട്ടിക്കൊണ്ട് ഒരു ഉയൎന്ന മലയിലേക്ക് പ്രാൎത്ഥിപ്പാൻ പോയി. വി. മർക്കോസ് 9:2-8 അവരുടെ മുമ്പാകെ താൻ രൂപാന്തരപ്പെട്ട് ദൈവപുത്രന്റെ സാക്ഷാൽ തേജോസ്വരൂപം അവൎക്ക് കാണിച്ചുകൊടുത്തു. "അവന്റെ വസ്ത്രങ്ങൾ ഭൂമിയിൽ ഒരു അലക്കുകാരനും അങ്ങനെ വെളുപ്പിക്കുവാൻ കഴിയാത്തവണ്ണം അത്യന്തം വെണ്മയുള്ളതായിതീ

ളങ്ങി. അപ്പോൾ ഏലിയാ ദീർഘദർശി മോശയോ ടുകൂടെ അവൎക്ക പ്രത്യക്ഷനായി. അവർ യേശുവി നോട്ട് സംസാരിച്ചുകൊണ്ടിരുന്നു". അപ്പോൾ പ ത്രോസ് ശ്ലീഹാ യേശുവിനോടു പറയുന്നു. "ഗുരോ, നാം ഇവിടെ ഇരിക്കുന്നതു് നല്ലതു്; ഞങ്ങൾ മൂന്നു ക ടിലുകളേ ഉണ്ടാക്കട്ടേ, ഒന്നു് നിനക്കും, ഒന്നു മോശ യ്ക്കും, ഒന്നു ഏലിയാവിന്നുംതന്നെ". ശ്ലീഹന്മാൎക്കു ണ്ടായ മഹത്വദർശനത്തിൽ അവർ ആനന്ദഭരിതരാ യി സ്വന്തം കാര്യങ്ങൾ വിസ്മരിച്ചു് സ്വൎഗ്ഗീയമായവ യെതന്നെ ചിന്തിക്കുന്നു. ലോകവ്യാപാരങ്ങളിൽനി ന്നു് പൂൎണ്ണമായി വിരമിച്ചു് ആദ്ധ്യാത്മിക ചിന്തയി ൽ ദൈവവുമായി സംസൎഗ്ഗം ചെയ്യുന്ന ഏതൊരു വി ശ്വാസിക്കും മേല്പറഞ്ഞ ഉൽകൃഷ്ടാനുഭവങ്ങൾ ഉണ്ടാകു ന്നതാണ്. നമ്മുടെ കന്യക പലപ്പോഴും മൌനവ്രത മെടുത്തു് ധ്യാനിക്കുകയും സ്വൎഗ്ഗീയമായ ആനന്ദം അ നുഭവിക്കുകയും ചെയ്യുന്നു.

120-ാമാണ്ടത്തെ വലിയനോമ്പിൽ ആ പുണ്യ വതി ഇരുപതു ദിവസത്തെ മൌനവ്രതവും 121 ചിങ്ങത്തിൽ എട്ടുദിവസത്തേ വ്രതവും എടുത്തു് ശക്തിപ്രാപിച്ചു.

അദ്ധ്യായം 9.

അനുഭവ പ്രസംഗം

തലവടി ആനപ്രാമ്പാൽ സെൻറു് മലയാളം മിഡിൽസ്കൂളിൽ 121-ാമാണ്ടു് മകരമാസം 29-ാം

തീയതിമുതൽ ഒരാഴ്ചത്തേക്ക് ഒരു പ്രസംഗമഹാ യോഗം നടന്നുകൊണ്ടിരുന്നു. ഈ എഴുത്തുകാരന്റെ പ്രത്യേക ക്ഷണനപ്രകാരം നമ്മുടെ കഥാനായിക, തന്റെ വയോവൃദ്ധയായ പിതാമഹിയും ഒരുമിച്ച് ശനിയാഴ്ച രാത്രി യോഗത്തിൽ പ്രസ്തുത സ്കൂളിൽ വന്നുചേന്നു. തൈക്കടവിലെ അത്ഭുതകന്യക അന്നത്തെ പ്രസംഗയോഗത്തിൽ സന്നിഹിതയായിരിക്കും എന്ന് നേരത്തേ പ്രസ്താവിച്ചിരുന്നതിനാൽ സ്കൂൾ ഹാളും പരിസരങ്ങളും എല്ലാം ജനനിബിഡമായിരുന്നു. ഈ അത്ഭുത യുവതിയെ ഒരുനോക്ക് കാണുന്നതിനുള്ള ആളുകളുടെ ആഗ്രഹം നിമിത്തം പുണ്യവതി സ്കൂൾവരാന്തയിൽ പ്രവേശിച്ചപ്പോഴേക്കും അവിടെവലിയ തിക്കും തിരക്കുമായിതീന്നു.

പ്രശാന്തമായ സ്വരത്തിൽ ആ കന്യക തന്റെ അനുഭവകഥനം ആരംഭിച്ചു. "നിങ്ങളോട് പ്രസംഗിക്കുന്നതിന് പ്രത്യേകവിഷയം ഒന്നും ഞാൻ തിരഞ്ഞെടുത്തിട്ടില്ല. എന്താണ് ഇവിടെ പറയേണ്ടത് എന്നും ഞാൻ അറിയുന്നില്ല. ദൈവത്തിന് തിരുവിഷ്ടമുള്ളത് എന്തെങ്കിലും ഈ എളിയ ദാസിമൂലം തന്റെ വിശുദ്ധാരൂഹാ സംസാരിക്കട്ടേ എന്നുമാത്രം ഞാൻ പ്രാത്ഥിക്കുന്നു" എന്നിപ്രകാരം മുഖവുരയായി പറഞ്ഞുകൊണ്ട് ആ പുണ്യവതി തന്റെ പ്രസംഗം ആരംഭിച്ചു. തന്റെ ബാല്യകാലം മുതലുള്ള ജീവിതാനുഭവങ്ങളെ പുരസ്കരിച്ചും, കത്താവ് പ്രത്യക്ഷമായി തന്നോട് കല്പിച്ചിട്ടുള്ള തിരുവചനങ്ങളെ കുറിച്ചും, നിത്യകന്യാവ്രതം പാലിക്കണമെന്നുള്ള തന്റെ ആ

ഗ്രഹത്തേപ്പററിയും, ഉപവാസം, ധ്യാനം ഇവകൊണ്ടു ലഭിച്ചിട്ടുള്ള ആത്മശക്തിയേക്കുറിച്ചും, ദൈവമാതാവിനോട്ട് അപേക്ഷിക്കുന്നതിനാൽ സിദ്ധിക്കുന്ന പ്രത്യേകസഹായങ്ങളേയും അനുഗ്രഹങ്ങളേയും സംബന്ധിച്ചും ആ കന്യക ഒന്നരമണിക്കൂർനേരം സുദീർഘമായി പ്രസംഗിച്ചു.

പ്രസംഗത്തിൻെറ ആദ്യവസാനം ശ്രോതാക്കളായ സ്ത്രീപുരുഷന്മാർ എല്ലാവരും നിർന്നിമേഷനേത്രരായി ആ പുണ്യവതിയേ ശ്രദ്ധിച്ചുകൊണ്ടിരുന്നു. രാത്രി പതിനൊന്നുമണി കഴിഞ്ഞിരുന്നെങ്കിലും കന്യകയുടെ അനുഭവകഥനം, അതിനോടു് അനുബന്ധിച്ചുള്ള ആ പ്രബോധനം അവസാനിപ്പിക്കരുതേ എന്നു് ആളുകൾ ആഗ്രഹിച്ചു. പ്രസ്തുത പ്രസംഗം അനേകം ഹൃദയങ്ങളേ സ്പർശിക്കുകയും ആത്മപ്രചോദനം നൽകുകയും ചെയ്തു.

ദൈവമാതാവിൻെറ വാത്സല്യശിഷ്യ

നമ്മുടെ കഥാനായികയ്ക്കു് വിശുദ്ധ കന്യകമറിയാം പ്രത്യക്ഷമായനാൾമുതൽ ആ പരിശുദ്ധമാതാവിനേപ്പോലെ നിത്യകന്യാവ്രതത്തിലും, വിശുദ്ധിയിലും ജീവിക്കണമെന്നു് അവൾ നിശ്ചയിച്ചു. ദൈവമാതാവിൻെറ ഉൽകൃഷ്ടങ്ങളായ സ്വഭാവ വിശേഷങ്ങൾ താഴ്മ, ക്ഷമ, അനഹങ്കാരം, ത്യാഗം, എല്ലാററിലും ഉപരിയായ ദൈവഭക്തി ഇവ സമ്പാദിക്കുന്നതിനു്

ആ കന്യക ആഗ്രഹിച്ചു. വി. മാതാവിൻെറ ഒരു വാത്സല്യശിഷ്യയായി അവിടത്തെ ആജ്ഞകളെ അനുസരിച്ചു് ജീവിക്കണമെന്നുള്ള അവളുടെ ആഗ്രഹം നിമിത്തം പരിശുദ്ധമാതാവു് പലപ്പോഴും അവൾക്കു് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. അവളുടെ ഭാവിജീവിതത്തിൻെറ സകല വശങ്ങളേപ്പററിയും ഒരു ഗുരുവിനേപ്പോലെ വി: മാതാവു് ആ കന്യകയേ ഉപദേശിക്കുമായിരുന്നു. അവളുടെ വിദ്യാഭ്യാസകാലത്തു് സഹപാഠികളോടുള്ള സംസാരത്തിലോ മററോ വല്ല വീഴ്ചകളും കറവുകളും സംഭവിച്ചാൽ അന്നത്തെ സന്ധ്യാപ്രാത്ഥനവേളയിൽ വി. മാതാവു് അവൾക്കു് പ്രത്യക്ഷപ്പെടുമ്പോൾ ആ കറവുകൾക്കുവേണ്ടി ദൈവത്തോടു് ക്ഷമചോദിക്കുന്നതിനു് ആവശ്യപ്പെടുക പതിവാണു്. സ്വഗ്ഗത്തിലെ രാജ്ഞി ആജ്ഞാപിച്ചു കഴിഞ്ഞാൽ സ്വന്തം ബലഹീനതയിൽ വന്നുപോയ വീഴ്ചകളേപ്പററിയുള്ള പശ്ചാത്താപത്തിൽ അശ്രുധാരയോടുകൂടി നമ്മുടെ പുണ്യവതി ദൈവത്തോടു് ക്ഷമചോദിക്കുമായിരുന്നു. ഉത്തമയായ ഒരു ഗുരുഭൂതയും ശിഷ്യയും എന്ന പ്രകാരം ദൈവമാതാവും ആ കന്യകയും തമ്മിൽ പ്രാത്ഥനാവേളയിൽ ഇടപെട്ടുകൊണ്ടിരുന്നു.

ഓർത്തോഡോക്സ് സുറിയാനിസഭ ദൈവമാതാവിനെ ബഹുമാനിക്കുന്നു. ദൈവത്തിനോ തൻെറ ഏകജാതനായ പുത്രനോ നാം അർപ്പിക്കുന്നതായ ആരാധനയും ഭക്തിയും വി: മാതാവിനു് കൊടുക്കുന്നില്ല. പിന്നെയോ മനുഷ്യവഗ്ഗത്തിൽവച്ചു് പ്രഥമസ്ഥാ,

നത്തിനു് അർഹയായ ദൈവമാതാവിന്നു് ഒരു സൃഷ്ടിക്കു് യോഗ്യമായ ബഹുമാനവും പദവിയും മാത്രമേ നാം കൊടുക്കുന്നുള്ളു. യേശുക്രിസ്തുവിനോടു് പ്രാർത്ഥിക്കുന്നതും വി. മാതാവിനോടു് പ്രാർത്ഥിക്കുന്നതും രണ്ടുപ്രകാരത്തിലും ഭിന്നഉദ്ദേശങ്ങളോടും കൂടിയുമാണു്. ദൈവത്തിനുമാത്രം പ്രദാനം ചെയ്യാവുന്ന പാപക്ഷമ, കരുണ, ദയ, കൃപ ഇവകൾക്കു് വേണ്ടി നാം യേശുക്രിസ്തുവിനോടു് പ്രാർത്ഥിക്കുന്നു. യേശു മിശിഹാ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്ത മാതാവിനേ തന്റെ മക്കളായ നാമും സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യേണ്ടതല്ലയോ?

വി. മറിയാം പരിശുദ്ധാത്മനിറവിൽ പറയുന്നു "എന്റെ ദേഹികത്താവിനേ മഹിമപ്പെടുത്തുന്നു. എന്റെ ആത്മാവു് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിച്ചിരിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്മയേ നോക്കികണ്ടിരിക്കുന്നു. ഇതുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു് വാഴ്ത്തും. എന്തുകൊണ്ടെന്നാൽ ശക്തനായവൻ എനിക്കു് വലിയവ ചെയ്തിരിക്കുന്നു. അവന്റെ നാമം പരിശുദ്ധം തന്നെ" ലൂക്കോ: 1 : 46_49. ദൈവമാതാവു് നമുക്കു് വേണ്ടി പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ മരണനാഴികയിലും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ, ഞങ്ങളുടെ സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്നിപ്രകാരം നമുക്കു് ന്യായമായി മാതാവിനോടു് അപേക്ഷിക്കാം.

മാതാവിനെ നാം ബഹുമാനിക്കുന്നതും സ്തോത്രിക്കുന്നതും നമുക്ക് മിശിഹായോടുള്ള ഭക്തി പാരമ്യം കൊണ്ടത്രെ. യേശുക്രിസ്തുവിനെ നിർവ്യാജം സ്നേഹിക്കുന്ന ഒരു ഭക്തൻ അവിടുത്തെ മാതാവിനേയും ബഹുമാനിക്കുമെന്നുള്ളതു് നിസ്തർക്കമാണു്. ദൈവമാതാവിൻെറമേൽ ദിവ്യ ശിശുവിൻെറ തേജസ്സ് സർവ്വദാ പ്രതിബിംബിക്കുന്നു. ആ മാതാവിനെയുള്ള ഭക്തിയും ബഹുമാനവും നമുക്ക് ഒരു രക്ഷാകവചമായിരിക്കുന്നതാണു്. ദൈവമാതാവിൻെറ അക്ഷയമായ സംപൂജ്യത അവളുടെ പുത്രനായ യേശു സാക്ഷാൽ ദൈവമാണെന്നുള്ള പരമസത്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ യേശുക്രിസ്തു സാക്ഷാൽ മനുഷ്യനാണെന്നുള്ള ഉപദേശം അവൻ മനുഷ്യസ്ത്രീയിൽനിന്നും ജനിച്ചവനാണെന്നുള്ള സത്യത്തിൽ അടിയുറച്ചിരിക്കുന്നു ഇങ്ങനെ യേശുമിശിഹാ പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവും ആണെന്നുള്ള അടിസ്ഥാനത്തിന്മേൽ ക്രിസ്തുസഭ പ്രമാണപ്പെട്ടിരിക്കുന്നു. എന്നു് പറയാം. നമ്മുടെ കന്യകക്ക് വി. മാതാവു് ഒരുത്തമഗുരുവും, വഴികാട്ടിയും, ഉപദേഷ്ടാവും സഹായിയും ആദർശ സ്ത്രീരത്നവും ആയിരിക്കണം. വി: മാതാവിൻെറ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

അദ്ധ്യായം 10.

കന്യകയുടെ ജീവിതോദ്ദേശം.

ദൈവ തിരുവിഷ്ടത്തിനു് തങ്ങളേത്തന്നെ പ്രതിഷ്ഠിക്കുന്നവൎക്കു് എല്ലാകാലത്തും തങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശത്തേക്കുറിച്ചും ദൈവത്തിന്റെ ദിവ്യവിചാരങ്ങളേക്കുറിച്ചും ദൎശനം ലഭിക്കുക സാധാരണയാണു്. യേശുമിശിഹാ യോൎദ്ദാൻ നദിയിൽ വച്ചു് സ്നാനമേററു് തന്നത്താൻ പ്രതിഷ്ഠിച്ച ആ നാഴികയിൽ തന്റെ ജീവിതോദ്ദേശത്തേക്കുറിച്ചു് യേശുവിന്നു് ഒരു ദൎശനം ഉണ്ടായി. പരിശുദ്ധാത്മാവിന്റെ ദിവ്യമായ വ്യാപാരത്താൽ യേശുവിന്റെ ഹൃദയം വികാരതരളിതമായിത്തീൎന്നു. "നീ എന്റെ പ്രിയപുത്രൻ; നിന്നിൽഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു് സ്വൎഗ്ഗത്തിൽനിന്നു് കേട്ട ശബ്ദം പിതാവായ ദൈവവുമായി തനിക്കുള്ള ബന്ധമെന്താണെന്നു് യേശുവിനെ മനസ്സിലാക്കി. അതുപോലെ നമ്മുടെ കഥാനായികയുടെ ബാല്യപ്രായത്തിൽതന്നെ ദൈവം അവളേ വിളിച്ചു് മററുള്ളവരിൽ നിന്നു് തുലോം വ്യത്യസ്ഥമായ ഒരു ജീവിതം നയിക്കുന്നതിനു് അവളെ പ്രേരിപ്പിച്ചു.

രണ്ടുകാൎയ്യങ്ങൾ ആണു് ദൈവം അവളിൽനിന്നു് ആഗ്രഹിച്ചതു്. അതിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു് തന്നത്താൻ ത്യജിച്ചു് തന്റെ കൂടെ ട്ടത്തു് തന്നെ അനുഗമിക്കുക എന്നുള്ളതും, രണ്ടാമത്തേതു് നിത്യകന്യാവ്രതം അഭംഗമായി പാലിക്കുക

ഏന്നുള്ളതും ആയിരുന്നു. ഈ രണ്ടുകാര്യങ്ങളും കർത്താവു് പ്രത്യക്ഷമായി അവളോട് കല്പിച്ചിട്ടുള്ളവയാണു്. ഈ ഉദ്ദേശസാദ്ധ്യത്തിനു് വിവിധങ്ങളായ വൈഷമ്യങ്ങളേയും പ്രതിബന്ധങ്ങളെയും തരണം ചെയ്യേണ്ടതാണെന്നു് അവൾക്കു് അറിയാമായിരുന്നു. ദൈവത്തിന്റെ തിരുവിഷ്ടം തന്നിൽ പരിപൂർണ്ണമായി നിറവേറുന്നതിനുവേണ്ടി തന്നെ ഒരായുധമായി ദൈവ തൃക്കരങ്ങളിൽ ഭരമേല്പിക്കുന്നതിനു് അവൾ തിരുമാനിച്ചു. ദൈവതിരുനാമത്തിൽ തന്റെ മഹത്വത്തിനായി ഈ ലോകത്തിൽവച്ചു് കഷ്ടതകൾ സഹിക്കേണ്ടിവരുന്നതു് ഒരു ഭാഗ്യമായി ആ പുണ്യവതി കരുതി.

"കഷ്ടതയുടെ മഹത്വം"

യേശുക്രിസ്തുവിനുവേണ്ടി അനുദിനം ദുരിതങ്ങൾ അനുഭവിക്കുകയും, ഹൃദയഭേദകമായ സങ്കടങ്ങൾമൂലം കണ്ണുനീർ ധാരധാരയായി ഒഴുക്കുകയും ചെയ്യുന്നവർക്കു് സുഖാനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവരേക്കാൾ മാനസീകസംസ്കാരം-ഹൃദയ വിശുദ്ധി- വർദ്ധമാനമായിരിക്കും എന്നുള്ളതു് നിസ്തക്കമാണു്. "പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, എന്തുകൊണ്ടെന്നാൽ അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു് തന്നെ സ്നേഹിക്കുന്നവർക്കു് വാഗ്ദത്തം ചെയ്ത ജീവകിരീടത്തേപ്രാപിക്കും" (യാക്കോബ് 1: 12) കഷ്ടതകൾ, പ്രയാസങ്ങൾ മുതലായവ സന്തോഷത്തോടും ഹൃദയ സംതൃപ്തിയോടും കൂടി അനുഭവിക്കുന്ന

മനുഷ്യൻ ദൈവഇഷ്ടത്തിന്ന് തന്നെ കീഴ്പ്പെട്ടത്തനാവനും, ആത്മീയ ജീവിതത്തിൽ പുരോഗമിക്കുന്നനാവനും ആയിരിക്കും. സ്വർണ്ണം പല പ്രാവശ്യം ഉലയിൽവച്ച് ഉരുക്കി ശുദ്ധീകരിക്കുമ്പോൾ അത് വിലയേറിയതും മാറ്റുകൂടിയതുമായ തങ്കമായി പരിണമിക്കുന്നതുപോലെ മനുഷ്യ ഹൃദയമാകുന്ന സ്വർണ്ണത്തെ കഷ്ടതയാകുന്ന ഉലയിൽ പലപ്രാവശ്യം ഉരുക്കി ശുദ്ധീകരിക്കപ്പെട്ടമ്പോൾ അത് അനർഘമായതും കറയില്ലാത്തതുമായ പരിശുദ്ധവസ്തുവായി രൂപാന്തരപ്പെടും. ദൈവനാമത്തിൽ പീഡകളും ഞെരുക്കങ്ങളും സഹിക്കുന്ന ക്രിസ്ത്യാനിക്ക് ഭക്തിവൈരാഗ്യവും സ്വഭാവ മാറ്റവും വർദ്ധമാനമായിരിക്കും എന്നുള്ളത് നിസ്സംശയമാണ്.

പ്രയാസങ്ങൾ നേരിടുമ്പോൾ അതിൽനിന്ന് ഒഴിഞ്ഞു് മാറുന്നതിനും കഷ്ടതകളെ അഭിമുഖീകരിക്കുമ്പോൾ വല്ലപ്രകാരേണയും ആപാതയിൽനിന്ന് പിൻതിരിയുന്നതിനും സാധാരണ ആളുകൾ ആഗ്രഹിക്കുന്നു. അപ്രകാരമുള്ളവർ കഷ്ടതയുടെ മഹത്വം അതിൽ അന്തർലീനമായിരിക്കുന്ന നന്മ-അശേഷം ഗ്രഹിക്കാത്തവർ അത്രെ കഷ്ടത മനുഷ്യസ്വഭാവത്തിന്റെ മാറ്റിനെ ഉറച്ചു നോക്കുന്ന ഉരകല്ലാണ്. നീതിമാനെന്ന് സാക്ഷ്യം ലഭിച്ച യോബിന്റെ ജീവിതത്തിൽ ഈ തത്വം വ്യക്തമായി കാണുവാൻ കഴിയും. പ്രകാശമാനമായ മദ്ധ്യാഹ്നത്തിൽ സുപ്രസന്നമായിരിക്കുന്ന അന്തരീക്ഷത്തെ പെട്ടന്ന് കാർമേഘപടലങ്ങൾ മറച്ച് പ്രകൃതിക്ക് ഒരു മ്ലാനത ഉ

ണ്ടാക്കിത്തീക്കുന്ന പ്രകാരം സന്തോഷസമ്പൂൎണ്ണമായിരുന്ന യോബിന്റെ ജീവിതത്തിൽ ആകസ്മികമായി സങ്കടങ്ങൾ, പരീക്ഷകൾ, നേരിട്ട് കഷ്ടതകളാകുന്ന കാർമേഘങ്ങൾ ജീവിതത്തെ ആവരണം ചെയ്ത പ്പോൾ താൻ ധൈൎയ്യത്തോടും വിശ്വാസത്തോടും ഉറച്ചുനിന്നു് ദൈവതിരുനാമത്തിനു് മഹത്വം കൊടുത്തു. കഷ്ടതയാകുന്ന ഉരകല്ലുകൊണ്ടു് യോബിനെ ഉരച്ചപ്പോൾ തന്റെ സ്വഭാവത്തിനു് പതിന്മടങ്ങായിമാററു് കൂട്ടുകമാത്രം ചെയ്തു. പ്രത്യുത ആ ഉരകല്ലിൽ യോബിന്റെ ഭാൎയ്യയെ ഉരച്ചപ്പോൾ അവൾ പിറുപിറുക്കുകയും ദൈവത്തെ ശപിക്കുകയും ആത്മഹത്യക്കു് ഒരുങ്ങുകയും ചെയ്യുന്നു.

കഷ്ടതയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ചിലക്കു് കഴിയുന്നില്ല. എന്നാൽ നമ്മുടെ പുണ്യവതിയാകട്ടെ ജീവിതത്തിൽ കഷ്ടതകളും പരീക്ഷകളും ഉണ്ടാകുമ്പോൾ സന്തോഷിക്കുകയും പരീക്ഷകളെ ജയിപ്പാൻ ദൈവസഹായത്തിനായി പ്രാൎത്ഥിക്കുകയും ചെയ്തുവന്നു. "നിങ്ങൾ പാപംചെയ്തിട്ടു് അടി കൊള്ളുമ്പോൾ അതു് സഹിച്ചാൽ എന്തു് യശസ്സുള്ളു? അല്ല നന്മചെയ്തിട്ടു് കഷ്ടപ്പെടുമ്പോൾ സഹിച്ചാൽ അതു് ദൈവത്തിന്റെ മുമ്പാകെ പ്രസാദമാകുന്നു. ഇതിനായിട്ടു് നിങ്ങൾ വിളിക്കപ്പെട്ടവരല്ലോ; ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടു; നിങ്ങൾ അവന്റെ കാൽചുവടുകളെ പിന്തുടരുവാനായി ഒരു മാതൃകവെച്ചിട്ടു് പോയിരിക്കുന്നു." 1 പത്രോസ് 2. 20—21.

ക്രിസ്തുവിന്റെ മാതൃകതന്നേ പിന്തുടരുവാൻ പുണ്യവതിയായ നമ്മുടെ കന്യക നിശ്ചയിച്ചു് ഉറച്ചിരിക്കുന്നു. വി. പൌലോസ് ശ്ലീഹാ സാക്ഷിക്കുന്നതുപോലെ ദാരിദ്ര്യമോ; കഷ്ടതയോ രോഗമോ, ആപത്തോ, വാളോ ഇവ യാതൊന്നും തന്നെ കർത്താവായ യേശുക്രിസ്തുവിനോടുള്ള ദിവ്യസ്നേഹത്തിൽ നിന്നു് ആ പുണ്യവതിയേ വേർതിരിപ്പാൻ കഴിയുന്നതല്ല. ജീവിതത്തിൽ പ്രയാസങ്ങൾ നേരിടുന്നതു് ഒരു ഭാഗ്യമായി വിശ്വാസികൾ കരുതുന്നു. പരീക്ഷകളോടുകൂടെ അവയേ നേരിട്ടു് ജയിപ്പാനുള്ള പ്രാപ്തിയും ദൈവം തന്റെ ഭക്തന്മാർക്കു് നൽകുന്നുണ്ടു്. പലവിധമായ പരീക്ഷകൾ, ജീവിതവൈഷമ്യങ്ങൾ മുതലായവയിൽ വിജയം നേടാത്തവന്നു് കിരീടം ലഭിക്കയില്ല

ഇഹത്തിലെ കഷ്ടതകളും ദുഃഖങ്ങളും ഏറിയനാൾ നിലനില്ക്കയില്ലെന്നുള്ളതു് നിസ്തർക്കമാണു്. പരീക്ഷകളിൽ ഒക്കെയും "ജയിക്കുന്നവന്നു് ഞാൻ ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിപ്പാൻ കൊടുക്കും" (വെളിപാടു് 2:7) "അതു് ക്രൂശിനേയും മരണത്തെയും ജയിച്ച കർത്താവിന്റെ വാഗ്ദത്തമത്രേ. "ജയിക്കുന്നവന്നു് ഞാൻ മറഞ്ഞിരിക്കുന്ന മന്നായേ കൊടുക്കും." വെളി 2:17) "ജയിക്കുന്നവൻ വെള്ളയുടുപ്പുകൾ ധരിക്കും. അവന്റെ നാമത്തെ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ മുമ്പാകെയും അവന്റെ ദൂതന്മാരുടെ മുമ്പാകെയും അവന്റെ നാമത്തെ ഏറ്റുപറയുകയും ചെയ്യും" "ജയിക്കുന്നവനേ ഞാൻ എന്റെ

ദൈവത്തിൻെറ ആലയത്തിൽ ഒരു തൂണാക്കും. അവൻ ഒരിക്കലും അവിടെനിന്നു പോകയില്ല. ജയിക്കുന്നവനെ ഞാൻ എന്നോടുകൂടെ എൻെറ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. ഞാനും ജയിച്ചു് എൻെറ പിതാവിൻെറ കൂടെ അവൻെറ സിംഹാസനത്തിൽ ഇരിക്കുന്നപ്രകാരംതന്നെ." വെളി. 3:21.

ഇതിൽപരമായി ക്രൂശിനെസഹിക്കുന്ന (വഹിക്കുന്ന) ഒരു വിശ്വാസിക്കു് ആശാവഹമായി-ദൈവിക വാഗ്ദത്തമായി-മററു എന്താണു് വേണ്ടതു്. ഭാവിയിൽ ലഭ്യമാകുവാൻ പോകുന്ന സന്തോഷങ്ങൾ, സൌഭാഗ്യങ്ങൾ മുതലായവ നാം ചിന്തിക്കുമ്പോൾ ഈ ലോകത്തിൽ താൽക്കാലികമായിമാത്രം നമുക്കു് നേരിടുന്ന കഷ്ടതകൾ, പരീക്ഷകൾ, നിസ്സാരങ്ങളായി നമുക്കു് അനുഭവപ്പെടും.

അദ്ധ്യായം 11.

കന്യകയുടെ മാലാഖമാരുടെ അടുത്തജീവിതം.

ദൈവസൃഷ്ടികളായ സ്വർഗ്ഗത്തിലെ മാലാഖമാരുടെ ഗണങ്ങൾ അനവരതം തന്നെ സ്തുതിക്കുന്നു. അരൂപജീവികളായ മിലാഖമാക്കു് വിശപ്പാകട്ടേ, ദാഹമാകട്ടേ ഉണ്ടാകുന്നില്ല; അവർ നമ്മേപ്പോലെ

ഭക്ഷിക്കയോ കുടിക്കുകയോ ചെയ്യുന്നില്ല. അവർ വി വാഹം ചെയ്യപ്പെടുകയോ വിവാഹത്തിനു് കൊടുക്കുകയോ ചെയ്യുന്നവരും അല്ല. ആഹാര, നീഹാര, നിദ്ര, മൈഥുനം ഈ ചതുർധർമ്മങ്ങൾക്കു് അവർ അതീതരാണു്. മരണാനന്തരം വിശുദ്ധന്മാർ മാലാഖമാരുടെ ജീവിതത്തിനു് അനുരൂപരായിതീരുന്നു എന്നു് നാം വിശ്വസിക്കുന്നു. എന്നാൽ ജീവനോടിരിക്കുമ്പോൾ തന്നെ സ്വർഗ്ഗീയ മാലാഖമാരേപ്പോലെയുള്ള അവസ്ഥാന്തരം പ്രാപിച്ചവർ അപൂർവ്വം തന്നെ.

ദൈവത്തിൻെറ തിരുവിഷ്ടത്താൽ മാലാഖമാരുടെ സൌഭാഗ്യകരമായ ജീവിതാവസ്ഥയിലേക്കു് ജീവനോടിരിക്കുമ്പോൾതന്നെ നമ്മുടെ കഥാനായികയേ താൻ വിളിച്ചു് വേർതിരിക്കുകയും ആഹാര നീഹാരാദികളിൽനിന്നു് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ആഹാര കാര്യങ്ങളേപ്പററി അന്വേഷിക്കേണ്ട ആവശ്യം ഇല്ലാത്ത മാലാഖമാരേപ്പോലെ ആ കന്യക ഭാഗ്യവതിയായി തീർന്നിരിക്കുന്നു. ഈ വിധമുള്ള ശ്രേഷ്ഠ പദവിയിലേക്കു് എത്തിയിരിക്കുന്നതിനാൽ ഇനിയും ആ സ്വർഗ്ഗസേനകളേപ്പോലെ ദൈവത്തേ സ്തുതിക്കയും തൻെറ തിരുവിഷ്ടം അറിഞ്ഞു് നിവർത്തിക്കുകയും ചെയ്യേണ്ട ജോലിമാത്രമേ ആ പുണ്യവതിക്കു് ശേഷിക്കുന്നുള്ളു. അതിനായി ശിഷ്ടായുസ്സ് വിനിയോഗിപ്പാൻ അവൾ തീരുമാനിച്ചിരിക്കുന്നു. ഹാ! എന്തൊരു സൌഭാഗ്യം മരണാനന്തരമുള്ള അവസ്ഥ, സ്വർഗ്ഗീയജീവിതം, ഭൂമിയിൽവച്ചു് തന്നെ ആ പുണ്യവതി അനുഭവിക്കുന്നു.

ദൈവത്തിൻെറ സർവ്വശക്തി ലോകമനുഷ്യർ ഗ്രഹിക്കുന്നതിന് കന്യകയുടെ ജീവിതം സഹായിക്കുന്നു. യാതൊരു മനുഷ്യനാലും അസാദ്ധ്യമായ ജീവിതാവസ്ഥയിലേക്ക് ഒരുവനെ എത്തിക്കുന്നതിന് ദൈവത്തിന് കഴിയും എന്ന് ഇതുമൂലം ലോകം പഠിക്കുന്നു. ഒരുവനെ ഭക്ഷണത്തോടുകൂടിയും മറ്റൊരുവനെ ഭക്ഷണം കൂടാതെയും ആക്കുന്നതിന് ദൈവത്തിന് കഴിയുമെല്ലോ. ദൈവ തിരുനാമം ഇതുമൂലം മഹത്വപ്പെടട്ടേ.

ക്രിസ്തുവിൽ ആയ ജീവിതം.

"എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും" (വി. യോഹന്നാൻ 15:4_5.) "ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും." ക്രിസ്തുവിനെ കൂടാതെ ലോകത്തിൽ നാം പലതും പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തിപ്പാൻ സാധിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. യേശുക്രിസ്തുവിൻെറ സഹായമുണ്ടെങ്കിൽ നാം ഉദ്യമിക്കുന്ന കാര്യം ഒന്നുകൂടി വിജയപ്രദമായിരിക്കുമെന്ന് വിചാരിക്കുന്നതിനാൽ തൻെറ സഹായം പലപ്പോഴും നാം അഭ്യർത്ഥിക്കാറുണ്ട്. സ്വശക്തിയാൽ അസാദ്ധ്യമെന്ന് തോന്നുന്ന അവസരങ്ങളിൽ മാത്രം നാം തന്നിൽ കൂടുതലായി ആശ്രയിക്കും. ഇതാണു ക്രിസ്ത്യാനികളുടെ സാധാരണ അനുഭവം. കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ അ

വൻ നമ്മിൽ കൂടി പ്രവർത്തിക്കട്ടെ. "എന്റെ കൃപ നിനക്കമതി, എന്റെ ശക്തി നിന്റെ ബലഹീനതകളിൽ തികഞ്ഞുവരുന്നു" ഇപ്രകാരം നമ്മുടെ സകലപരിശ്രമങ്ങളും അവസാനിപ്പിച്ച്, കർത്താവ് പ്രവർത്തിക്കത്തക്കവണ്ണം സർവ്വവും തന്നിൽ സമർപ്പിച്ച് താൻ സകലവും കയ്യേററ് എടുക്കുന്ന അനുഭവത്തിനാണ് ക്രിസ്തുവിലുള്ള ജീവിതംഎന്ന് പറയുന്നതു.

സ്വയത്തിന്റെ മനോഭാവങ്ങൾ നമ്മിൽ നിന്ന് ദൂരീകരിക്കപ്പെടുന്നതനുസരിച്ച് ക്രിസ്തുവിന്റെ പ്രവർത്തനവും തമ്മിൽ വളർച്ച പ്രാപിക്കുന്നതാണ്. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു് ഞാൻ അല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" ഗലാ:2:20. വി. പൌലോസ് ശ്ലീഹാ പരിശുദ്ധാത്മാവിനു് അധീനനായി തീർന്നതോടുകൂടി തന്നിൽ വസിക്കുന്ന ക്രിസ്തുവിനു് താൻ അടിമയായിതീർന്ന് തന്നെത്തന്നെ സമർപ്പിച്ചതോടുകൂടി തന്റെ അനുഭവം ശ്രേഷ്ടതരമായിതീരുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം ഞാൻ ദൈവത്തിനു് സ്തോത്രം ചെയ്യുന്നു." "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു" ഇപ്രകാരമുള്ള അനുഭവമാണ് ഓരോവിശ്വാസിക്കും ഉണ്ടാകേണ്ടതു് ബാഹ്യമായ വിശുദ്ധിയിൽ ജീവിപ്പാനുള്ള മനുഷ്യന്റെ ഒരു വെറും പരിശ്രമമല്ല ക്രിസ്തീയ ജീവിതം; പ്രത്യേക പരിശുദ്ധാത്മ പ്രേരണയാലുള്ള ദിവ്യസംസർഗ്ഗം അഥവാ, പ്രാർത്ഥനാജീവിതംമൂലം ക്രിസ്തു

വിന്റെ അധിവാസ സ്ഥലമായി നാം രൂപാന്തര പ്പെട്ട് തന്റെ സാന്നിദ്ധ്യത്തിന്റെ പരിമളവാസന യാൽ നമ്മുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെട്ട് നമ്മു ടെ അറിവും പരിശ്രമവും കൂടാതെ തന്നെ നന്മകളോ ടുള്ള ആസക്തിയും തിന്മയോടുള്ള വെറുപ്പും അതിൽ സ്ഥാ പിക്കപ്പെട്ട് അതിൻപ്രകാരമുള്ള ജീവിതമത്രേ സാ ക്ഷാൽ ക്രിസ്തീയ ജീവിതമെന്ന് പറയേണ്ടതു്.

ക്രിസ്തുവിന്റെ അധിവാസംമൂലം തന്റെ നി യന്ത്രണത്തിൽ നാം ആയിത്തീരുകയും മന:പൂർവ്വമാ യ നിയന്ത്രണത്തിന് ആവശ്യമില്ലാതാകത്തക്കവണ്ണം നമ്മുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പൈശാചിക മാർഗ്ഗത്തിലേക്ക് വ്യതിചലിക്കുവാൻ അപ്രാപ്തമാക മാറു് തന്റെ ശക്തിയാൽ നാം നിർമ്മലീകരിക്കപ്പെ ടുന്നതാണ്. വിജയകരമായ ഈ ജീവിതത്തിന്റെ അടിസ്ഥാനം പാപത്തേയും മരണത്തേയും ജയിച്ച് ഉയർത്തെഴുന്നേററവനായ ക്രിസ്തുവിന്റെ ശക്തിയത്രെ. നമ്മുടെ കന്യകയാകട്ടെ ഈ ഉയർപ്പിൽ ജീവനെ പ്രാപിച്ചിരിക്കുന്നതിനാൽ ലോകം, ജഡം, പിശാ ചു് ഈ ശക്തികളോട്ട് പോരാടി ദൈനം ദിനം പു തുക്കം പ്രാപിച്ച് ഉപരിപുണ്യത്തിലേക്ക് എത്തി ക്കൊണ്ടിരിക്കുന്നു. "ഒരുവൻ എന്നിലും ഞാൻ അ വനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞു് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല."

കൂദാശകൾക്കുള്ള സ്ഥാനം.

ക്രിസ്തീയ ജീവിതത്തിനും പുണ്യത്തിൽ വളരുന്നതിന്നുംക്രൂദാശകൾ അപരിത്യാജ്യങ്ങളാണെ് എന്നു് നമ്മുടെ കഥാനായിക വിശ്വസിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നു. വസ്തുപരമായ മാർഗ്ഗത്തിൽ കൂടി ആത്മീയദാനങ്ങളെ, ദൈവകൃപകളെ, മനുഷ്യർക്കു് പ്രദാനം ചെയ്യുന്നു എന്നുള്ളതാണല്ലോ കൂദാശയിൽ അടങ്ങിയിരിക്കുന്ന മൌലികതത്വം. മറെറാരുവിധത്തിൽ പറയുന്നപക്ഷം പ്രത്യക്ഷങ്ങളായ മാർഗ്ഗങ്ങൾ ഉപയോഗിച്ചു് അപ്രത്യക്ഷങ്ങളായ ദിവ്യ നൽവരങ്ങളേ ദൈവം മനുഷ്യക്കു് നൽകുന്നു എന്നുള്ളതത്രെ. ലോകത്തിൽ പ്രത്യക്ഷങ്ങളും അപ്രത്യക്ഷങ്ങളും ആയ ശക്തികളുടെ വ്യാപാരം സർവ്വസാധാരണമായിട്ടുള്ളതാണു്. സ്നേഹം, ക്ഷമ, ഭക്തി, വിനയം, മുതലായവ അദൃശ്യങ്ങളായ ഗുണങ്ങളാകുന്നു. എന്നാൽ ഇവ ഒരുവനിൽ ഉണ്ടെന്നു് ഗ്രഹിക്കുന്നതു് ബാഹ്യമായ ചേഷ്ടകൾ വഴിയത്രെ. ഒരുവനിൽ നിഗൂഢമായിരിക്കുന്ന ജീവൻ അവൻെറ ചൈതന്യവിശേഷം കൊണ്ടു് വേറൊരുവന്നു് വെളിപ്പെടുന്നു.

ഒരു പിതാവു് തൻെറ ഓമനസന്താനത്തേ ചുംബനം ചെയ്തിട്ടു് അവൻെറ സ്നേഹം വെളിപ്പെടുത്തുന്നു. വസ്തുപരമായിരിക്കുന്ന ശരീരത്തിലാണല്ലോ മനുഷ്യാത്മാവിനെ ദൈവം നിക്ഷേപിച്ചിരിക്കുന്നതു്. നിത്യമായിരിക്കുന്ന ഈ ആത്മാവിനെ അനിത്യമായ ശരീരത്തിൽ കർത്താവു് സൂക്ഷിക്കുന്നു. അതിൻെറ

വളർച്ചയും പരിപുഷ്ടിക്കും അത്യന്താപേക്ഷിതങ്ങളായിരിക്കുന്ന ദൈവികനൽവരങ്ങളേ പ്രാപിക്കുന്നതാണ് വസ്തുപരമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതു്. ഭൌതികശരീരത്തിൽ സ്ഥിതിചെയ്യുന്ന കാലത്തോളം ദൈവത്തേയും തന്റെ വ്യാപാരഗതിയേയും പററി വസ്തുപരമായി മാത്രമേ സാധാരണമനുഷ്യർക്കു് വിചിന്തനം ചെയ്യുന്നതിനു് നിവൃത്തിയുള്ളൂ. അതുകൊണ്ടാണു് 'ദൈവത്തികൻറ വലത്തുഭാഗ'മെന്നും, അബ്രഹാമിൻെറമടി' എന്നും മററും നാം സാധാരണ സങ്കല്പിച്ചുപോരുന്നതു്. അതുപോലെതന്നെ ദൈവത്തെ ആരാധിക്കുന്നതിലും ദൈവിക നൽവരങ്ങളേ പ്രാപിക്കുന്നതിലും ബാഹ്യമായ ചില രീതികൾ അവലംബിക്കാതെ നമുക്കു് തരമില്ല.

കർത്താവിൻെറ മനുഷ്യാവതാരത്തിലും ക്രദാശയുടെ തത്വം വ്യക്തമായി കാണാം. അപ്രത്യക്ഷനായ ദൈവം പ്രത്യക്ഷമായ മനുഷ്യശരീരംവഴി ലോകത്തിനു് വെളിപ്പെടുകയും ലോകത്തെ വീണ്ടെടുക്കുകയും ചെയ്തു. യേശുമ്ശിഹാ കൈവച്ചു് പ്രാർത്ഥിച്ചു് ശിശുക്കൾക്കു് അനുഗ്രഹം നൽകി. ഭൂമിയിലെമണ്ണു് കുഴച്ചു് പുരട്ടി കരുടനു് കാഴ്ചകൊടുത്തു. തൃക്കൈകൊണ്ടു് തൊട്ടു് കുഷ്ഠരോഗിയെ സൌഖ്യമാക്കി. ശിഷ്യന്മാരുടെമേൽ ഊതി അവർക്കു് പരിശുദ്ധാത്മാവിൻെറ നൽവരം കൊടുത്തു. ഇപ്രകാരം ലോകരക്ഷിതാവായ യേശുക്രിസ്തു പ്രത്യക്ഷങ്ങളായ ഓരോമാർഗ്ഗങ്ങൾ ഉപയോഗിച്ചാണു് അദൃശ്യങ്ങളായ സ്വർഗ്ഗീയനന്മകളെ ദാനം ചെയ്തുകൊണ്ടിരുന്നതു്.

വി. ശ്ലീഹന്മാരുടെ നടപടികളും ഇതുതന്നെ തെളിയിക്കുന്നുണ്ട്. മാമോദീസാമുക്കി പാപമോചനവും പരിശുദ്ധാത്മശക്തിയും നൽകി. കൈവച്ച് പ്രാർത്ഥിച്ച് ആചാര്യസ്ഥാനം കൊടുത്തു. അപ്പവും വീഞ്ഞും ഉപയോഗിച്ച് കർത്താവിന്റെ ശരീരരക്തങ്ങൾക്ക് കൂട്ടാളികളായി. എണ്ണ പൂശി രോഗശാന്തി നൽകി. ഇപ്രകാരം പ്രത്യക്ഷവും വസ്തുപരവുമായ മാർഗ്ഗങ്ങൾവഴി ആത്മീയദാനങ്ങളെ അനുഭവപ്പെടുത്തുകയെന്നുള്ളതാണ് ഭൗതികശരീരത്തിൽ ഇരിക്കുന്ന കാലത്തോളം ഒരുവന് സ്വാഭാവികമായിട്ടുള്ളത്. ഈ മാർഗ്ഗമാണ് ആത്മീയദാനത്തിന്റെ അനുഭവത്തെപ്പറ്റി ഒരുവന് കൂടുതൽ ഉറപ്പും ധൈര്യവും തൃപ്തിയും നൽകുന്നത്.

ഒരു വിശ്വാസി കർത്താവിന്റെ തിരുവവതാരംമൂലമുള്ള രക്ഷയേ അവകാശിക്കുന്നതും അനുഭവപ്പെടുന്നതും വി. കൂദാശകൾ വഴിയത്രെ. ദൈവകൃപയേയും ക്രിസ്തുവിന്റെ ജീവനേയും വിശ്വാസികളിലേക്കു ആവഹിപ്പിക്കുന്ന മാർഗ്ഗങ്ങളാകുന്നു വി. കൂദാശകൾ. വി. മാമോദീസാ കൂദാശവഴി ഒരുവൻ കർത്താവിന്റെ ശരീരത്തോട് സംഘടിക്കപ്പെടുകയും ദൈവത്തിന്റെ മകനായി വീണ്ടും ജനിക്കുകയും ചെയ്യുന്നു. ഒരുവൻ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും വീണ്ടും ജനിക്കുന്നില്ലാ എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴിയുന്നതല്ല. പ്രകൃതവും സ്വാഭാവികവുമായ ഒരു ജനനംമൂലം നാം സ്വർഗ്ഗരാജ്യത്തിലെ പൌരന്മാരായി തീരുന്നു. വി. മാമോദീസാ നിക്ഷേപമുറിയിലേക്കുള്ള

ഒരു കവാടമാകുന്നു എന്നു് പറയാം. അതിൽകൂടി അകത്തുകടക്കാതെ, തിരുവവതാരംമൂലം യേശുക്രിസ്തു സമ്പാദിച്ചു വച്ചിരിക്കുന്ന നിക്ഷേപങ്ങളെ അനുഭവപ്പെടുത്തുന്നതിന് ആൎക്കും കഴിയുന്നതല്ല. ഇപ്രകാരം ക്രിസ്തീയജീവിതത്തിനു് ആവശ്യമുള്ള എല്ലാകൃപകളും വി. കൂദാശകൾവഴി ഒരുവനു സിദ്ധിക്കുന്നു. എന്നാൽ ഇവയെല്ലാം സഭയിൽ നിൽക്കുന്ന ഒരു വിശ്വാസിക്കു മാത്രമേ അനുഭവങ്ങളാകയുള്ളൂ.

ദൈവവും മനുഷ്യാത്മാവുംതമ്മിലുള്ള നിരന്തരമായ സംസൎഗ്ഗത്തിനു കൂദാശകൾ മനുഷ്യനെ സഹായിക്കുന്നു. ഈ ദിവ്യസംസൎഗ്ഗത്തിൻെറ പരമകാഷ്ഠ സംയോജിപ്പാകുന്നു. ദൈവവും മനുഷ്യനുമായുള്ള സംയോജിപ്പാകുന്നു ക്രിസ്തീയജീവിതത്തിൻെറ പരമോദ്ദേശ്യം. നമ്മേതന്നെ പരിപൂൎണ്ണമായി ദൈവത്തിനു പ്രതിഷ്ഠിച്ചുകൊടുത്തു് അവിടുന്നു നമ്മിൽ എഴുന്നെള്ളി വസിച്ചു് നാമും ദൈവവുമായി ഒരു പരിശുദ്ധബന്ധം ഉണ്ടാക്കുക എന്നുള്ളതാകുന്നു കൂദാശകൾകൊണ്ടു് സാധിപ്പാൻ നാം ഉദ്ദേശിക്കുന്നതു്. കൂദാശയുടെ തത്വം പ്രകൃതിയിൽ എവിടെയും കാണുന്ന ഒരു സാർവ്വത്രിക തത്വമാണെന്നു ഗ്രഹിപ്പാൻ കഴിയും. ജീവൻ ഒരു അദൃശ്യ ശക്തിയാണല്ലോ. അതു വെളിപ്പെടുന്നതു് ചലനം, സംസാരം മുതലായ ബാഹ്യപ്രകടനങ്ങൾകൊണ്ടാകുന്നു. ഒരു നെൽമണിയിൽ ദൈവം ജീവൻ നിക്ഷേപിച്ചുവച്ചിരിക്കുന്നു. മനുഷ്യവളൎച്ചയ്ക്കു് അരിയിലുള്ള ജീവാംശംമാത്രമേ ആവശ്യമുള്ളൂ. എന്നാൽ അതു തനിച്ചു നമുക്കു ഒരിക്കലും കിട്ടുന്നില്ല. അരിയിൽകൂ

ടെ അഥവാ ചോറിൽക്കൂടെമാത്രമേ അതു നമുക്കു ലഭി ക്കുവാൻ മാൎഗ്ഗമുള്ളൂ. അദൃശ്യമായ ജീവൻ ദൃശ്യമായ അ രിയിൽക്കൂടെ മനുഷ്യർ സ്വീകരിച്ചു ജീവിക്കണമെന്നാ ണു ദൈവം ഉദ്ദേശിച്ചിരിക്കുന്നതു്.

ആകയാൽ ക്രൂദാശപരമായ ജീവിതം ഒരു വി ശ്വാസിക്കു് ആവശ്യമാണെന്നും, അതു കൎത്താവിന്റെ തിരു അവതാര രഹസ്യത്തിൽ അടിസ്ഥാനപ്പെട്ടിരി ക്കുന്നതാണെന്നും, യേശുക്രിസ്തുവും തന്റെ ശിഷ്യന്മാ രും പ്രവൎത്തികൊണ്ടും വചനംകൊണ്ടും മനുഷ്യൎക്കു വെ ളിപ്പെടുത്തിതന്നിട്ടുള്ള ഒരു മാൎഗ്ഗമാണെന്നും നമ്മുടെ ക ന്യക വിശ്വസിക്കുകയും ക്രൂദാശാപരമായ ജീവിതം ന യിക്കുകയുംചെയ്യുന്നു.

അദ്ധ്യായം 12.

മററുചില സംഭവങ്ങൾ.

നമ്മുടെ കഥാനായികയുടെ പിതൃസഹോദരൻ മി: ററി. വി. ചെറിയാന്റെ ഭാൎയ്യയുടെ സഹോദരീ ഭൎത്താവും, തിരുവല്ലാ കട്ടപ്പുറത്തു് കുടുംബാംഗവും, ഇ പ്പോൾ തൃശ്ശൂരിൽ ഇൻജിനീയരും ആയിരിക്കുന്ന ശ്രീമാൻ വറുഗീസ്സ് അവർകൾ ഈ അത്ഭുത കന്യകയെ ഒന്നു് കാണുന്നതിന്നു തന്റെ വീട്ടിൽ വരുത്തി കുടുംബാംഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാ ൎത്ഥിപ്പിക്കുന്നതിന്നും വേണ്ടി ഒരു സ്പെഷ്യൽകാർ തൃശ്ശൂ രിൽനിന്നു് പുളിക്കീഴ് കടവിലേക്കു് വിട്ടു് ആ പു

ണ്യവതിയെ അതിൽ കൊണ്ടുപോയി. അപ്പോൾ തന്റെ സഹോദരൻ മി. കരുവിളവറുഗീസും, മാതൃസഹോദരനും ആ കന്യകയുടെകൂടെ യാത്രയായി. അവർ എല്ലാവരും തൃശ്ശൂരിൽ ഇൻജിനീയരുടെ വാസസ്ഥലത്ത് ചെന്നു ചേർന്നു. പുണ്യവതിയുടെ ആഗമനം പ്രതീക്ഷിച്ച് വളരെ ആളുകൾ അവിടെ കൂടിയിരുന്നു. അവർ എല്ലാവരോടും തന്റെ ബാല്യകാലം മുതലുള്ള അനുഭവങ്ങളേക്കുറിച്ചും, യേശുമ്ശിഹായും ദൈവമാതാവും, മററു പരിശുദ്ധന്മാരും തനിക്കു പ്രത്യക്ഷപ്പെട്ടതു സംബന്ധിച്ചും തനിക്കു പ്രത്യേകമായി ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള കൃപകളേപ്പററിയും കന്യക സംസാരിച്ചു. ഇൻജിനീയരുടെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ കുടുംബത്തിനു വേണ്ടി ആ പുണ്യവതി പ്രാത്ഥിച്ചു. നമ്മുടെ കന്യകയേ കണ്ടവക്കും സംസാരം കേട്ടവക്കും എല്ലാം അവാച്യമായ ചില അനുഭവ വിശേഷങ്ങൾ ഉണ്ടാകാതെയിരുന്നില്ല. അവിടെവെച്ച് ആ പുണ്യവതിയുടെ ഒരു ഫോട്ടോ എടുക്കയുണ്ടായി. രണ്ടുദിവസങ്ങൾ അവിടെ താമസിച്ചശേഷം അവർ എല്ലാവരും വീട്ടിലേക്കു തിരച്ചുപോയി.

ആയിരത്തി ഒരുനൂററി ഇരുപതാമാണ്ടു ധനുമാസത്തിൽ നമ്മുടെ കന്യകയേ VI-ആറാംഫാറത്തിൽ ഡീററയിൻ ചെയ്തതിനാൽ കണക്കു വിഷയത്തിനു ഒരു ട്യൂഷൻകൊടുപ്പിക്കുന്നതിനുവേണ്ടി തന്റെ പിതൃസഹോദരൻ മി. ററി. വി. ചെറിയാൻ അന്നു ഉദ്യോഗാത്ഥം താമസിച്ചിരുന്ന വാരാപ്പുഴക്കു ആ യു

വതിയേ കൊണ്ടുപോയി. മി. ചെറിയാൻെറ താമ സസ്ഥലത്തിന്നു് അടുത്തുള്ള കന്യാസ്ത്രീ മഠത്തിലെ ഒരു മതർ കുഞ്ഞമ്മക്കു് ട്യൂഷൻ നടത്തി. കണക്കിനുമാത്രമേ പ്രത്യേക അഭ്യസനം ആ യുവതിക്കു് ആവശ്യമുണ്ടായിരുന്നുള്ളു.

അവിടത്തെ താമസത്തിനിടയിൽ പ്രസ്തുത മഠത്തിലെ എല്ലാകന്യാസ്ത്രീകളുമായി കുഞ്ഞമ്മ പരിചയപ്പെട്ടു. അവർക്കു് കുഞ്ഞമ്മയേ ആ മഠത്തിലെ ഒരു സ്ഥിരാംഗമായി കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുകയും ആ വിവരം കുഞ്ഞമ്മയോടു് പറകയും ചെയ്തു. അതിന്നു് തൽക്കാലം ആ പുണ്യവതി വഴിപ്പെട്ടില്ല. കുഞ്ഞമ്മയുടെ ബാല്യകാല ജീവിതത്തേയും, പഞ്ചമുറിവുകൾ അവളിൽ പ്രത്യക്ഷമായിട്ടുള്ളതിനേയും, ഭക്ഷണം കൂടാതെയുള്ള ജീവിതത്തേയുംപ്പററി വരാപ്പുഴ ആർച്ചു് ബിഷപ്പു് ഡാക്ടർ അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് അറിയുകയും ആളയച്ചു് ആ യുവതിയേ മഠത്തിൽവരുത്തി എല്ലാവിവരങ്ങളും നേരിട്ടു് ചോദിച്ചു് മനസ്സിലാക്കുകയും ചെയ്തു.

നമ്മുടെ കന്യകയുടെ ജീവിതത്തിൽ സന്തുഷ്ടനായ ബിഷപ്പു് തിരുമേനി ആ പുണ്യവതിയേ പ്രസ്തുത മഠത്തിൽ ഒരു അംഗമായിചേരുന്നതിന്നു് നിർബന്ധിച്ചു. താൻ അങ്ങനെ മഠത്തിൽ ചേരുന്നപക്ഷം ആ കന്യാസ്ത്രീ മഠത്തിൻെറ സുപ്പീരിയരായിതന്നെ നിയമിക്കുമെന്നു് കൂടി അദ്ദേഹം വാഗ്ദത്തം ചെയ്തു. എന്നാൽ നമ്മുടെ പുണ്യവതിയാകട്ടേ പൌരസ്ത്യകാതോലിക്കാ സിംഹാസനത്തിൻെറ കീഴിൽ ഓർത്തോഡോക്സു് സുറിയാനി സഭയിലെ ഒരു അംഗമായിത

ന്നെ ഭാവിജീവിതം നയിക്കുന്നതിനുള്ള തന്റെ ആഗ്രഹം വെളിപ്പെടുത്തി വിദ്യാഭ്യാസം മതിയാക്കിയ ശേഷം കർത്താവു് തന്നോടു് കല്പിക്കുന്നതുപോലെയുള്ള നിലയിൽ താൻ ജീവിക്കുന്നതായിരിക്കും എന്നു് ആ പുണ്യവതി ബിഷപ്പ് തിരുമേനിയെ അറിയിച്ചു. ഈ കന്യകയുടെ ജ്ഞാനത്തിലും വിവേകത്തിലും തന്റെ ചോദ്യങ്ങൾക്കു് കൊടുക്കുന്ന യുക്തിയുക്തമായ മറുപടിയിലും അദ്ദേഹം ആശ്ചര്യപ്പെട്ടു. ബാല്യത്തിലെ ദൈവകൃപ ലഭിക്കുകയും ഇപ്പോൾ അത്ഭുതകരമായി ജീവിക്കുകയും ചെയ്യുന്ന ആ പുണ്യവതിയുടെ കാര്യത്തിൽ അദ്ദേഹം സന്തോഷിച്ചു. ബിഷപ്പ് തിരുമേനിയുമായി യാത്രപറഞ്ഞു് പിരിഞ്ഞതിന്റെശേഷം മീനമാസത്തിൽ കുഞ്ഞമ്മ സ്വഗൃഹത്തിലേക്കു തിരിച്ചുപോന്നു.

കുഞ്ഞമ്മ വീട്ടിൽ എത്തിയശേഷവും വരാപ്പുഴ മഠത്തിൽനിന്നും, ഈ പുണ്യവതിയേപ്പററി അറിവു കിട്ടീട്ടുള്ള മററു പല കന്യാസ്ത്രീമഠങ്ങളിൽനിന്നും കുഞ്ഞമ്മയെ ക്ഷണിച്ചുകൊണ്ടു് പല എഴുത്തുകളും വീട്ടിൽ കിട്ടീട്ടുണ്ടു്. യാതൊരു ഭക്ഷണപാനീയങ്ങളുംകൂടാതെ അത്ഭുതകരമായ ജീവിതം നയിക്കുന്ന ആ പുണ്യവതിയെ കന്യാസ്ത്രീമഠത്തിൽ ചേർക്കുന്നതിനു ഏതൊരു സമൂഹക്കാരാണു് ആഗ്രഹിക്കാത്തതു്? ദൈവമാതാവിന്റെ വാത്സല്യ ശിഷ്യയായി വിനയത്തിലും ദൈവഭക്തിയിലും ധ്യാനനിഷ്ഠയിലും ജീവിക്കുന്ന പുണ്യവതിയെ ഒരു സ്നേഹിതയാക്കുന്നതിനു കന്യാസ്ത്രീകൾ ആഗ്രഹിച്ചതിൽ എന്താണു് അതിശയിപ്പാനു

ള്ളതു്? വിദ്യാഭ്യാസംകൊണ്ടും ജ്ഞാനസമ്പത്തുകൊണ്ടും ദിവ്യതേജസ്സുകൊണ്ടുംമററും ഉൽകൃഷ്ടയായ കന്യകയെ മഠത്തിന്റെ സുപ്പീരിയറാക്കുന്നതിനു അധികൃതന്മാർ നിർദ്ദേശിച്ചതിൽ തെല്ലും അത്ഭുതപ്പെടുവാനില്ല. ഡാക്ടർ അട്ടിപ്പേററി തിരുമനസ്സിലെ രൂപതയുടെ അധീനതയിലുള്ള ഏതെങ്കിലും കന്യാസ്ത്രീമഠത്തിൽ ചേരുന്നതിനു നിർബന്ധമായി ക്ഷണിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ എഴുത്തുകളും ആ പുണ്യവതിക്കു ലഭിക്കയുണ്ടായി.

കോന്നിയിൽ അട്ടച്ചാക്കൽ ദയറായിലെ സന്യാസിവര്യനും പ്രാർത്ഥനാജീവിതക്കാരനുമായ വന്ദ്യദിവ്യശ്രീ മത്തായി റമ്പാൻ അവർകൾക്കു വളരെ നേരത്തേതന്നെ ഈ അത്ഭുത കന്യകയേപ്പററി ദർശനം ഉണ്ടായിട്ടുണ്ടു്. "സഭയിൽ ഞാൻ ഒരു അത്ഭുത കന്യകയെ എഴുന്നേല്പിക്കും. അവളുടെ ജീവിതം അതിശയകരമായിരിക്കും." എന്നു ദർശനത്തിൽ കർത്താവു തന്നോടു കല്പിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട റമ്പാച്ചൻ സാക്ഷിക്കുന്നു. ഈ കന്യക ഏതായിരിക്കും എന്നു ബഹുമാനപ്പെട്ട റമ്പാച്ചൻ ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണു് 1118-ാമാണ്ടത്തേ കഷ്ടാനുഭവ ആഴ്ച്ചയിൽ പത്തനംതിട്ടവച്ചു് നമ്മുടെ കഥാനായികയ്ക്കു പഞ്ചമുറിവുകൾ പ്രത്യക്ഷമായതു്. ഈ സംഭവത്തേപ്പററി കേട്ടപ്പോൾ തന്റെ ദർശനവുമായി ഇതിനു വളരെ യോജിപ്പുണ്ടു് എന്നു ഗ്രഹിക്കുകയും 1119-ാമാണ്ടത്തെ വലിയനോമ്പിൽ ഈ കന്യകയെ ബ: റമ്പാച്ചൻ ക്ഷണിച്ചു് അട്ടച്ചാക്കൽ ദയറായിൽ പ്രത്യേകം താമസി

പ്പിക്കയും ചെയ്തു. അവിടെവച്ചാണ പഞ്ചമുറിവുകൾ രണ്ടാം പ്രാവശ്യം പ്രത്യക്ഷമായതു് ദൈവം തിര ഞ്ഞെടുത്തു് അത്ഭുതങ്ങൾ പ്രവൎത്തിക്കുകയും അതിശ യങ്ങൾ അവളിൽകൂടെ വെളിപ്പെടുത്തുകയുംചെയ്യുന്ന കന്യകയേപ്പററി റമ്പാച്ചനു വലിയ ബഹുമാനമാണ്. അട്ടച്ചാക്കൽവച്ചു കഷ്ടാനുഭവ ആഴ്ചയിൽ റമ്പാച്ച ൻെറ നിൎദ്ദേശപ്രകാരം നമ്മുടെ കന്യക മൂന്നു പ്രസം ഗങ്ങൾ നടത്തി. ആത്മനിറവോടുകൂടിയ പ്രസ്തുത പ്ര സംഗങ്ങൾ ഇന്നും അവ കേൾക്കപ്പെട്ടവരുടെ ഹൃദയ ങ്ങളിൽ മാറെറാലികൊള്ളുന്നുണ്ടു്. ആ പുണ്യവതി അട്ടച്ചാക്കൽനിന്നു തിരിച്ചുപോയശേഷവും ബ: റമ്പാ ച്ചൻ പലപ്പോഴും കന്യകയുടെ വീട്ടിൽചെന്നു് ആ പു ണ്യവതിക്കുണ്ടാകുന്ന ആത്മീയ അനുഭവങ്ങളേപ്പററി ചോദിച്ചു മനസ്സിലാക്കുകയും കന്യക ആത്മനിറവിൽ ഇരിക്കുമ്പോൾ തനിക്കു സംശയമുള്ള പല കാൎയ്യങ്ങളേ പ്പററി ചോദിച്ചു ഗ്രഹിക്കുകയും **ചെയ്തുവന്നു. താൻ** ദൎശനത്തിൽ കണ്ടതുപോലെ **അത്ഭുതകരമായ** ഒരു കന്യകയെ തൻെറ **സഭയിൽ** വൎത്തമാനകാലത്തുത ന്നെ തനിക്കു് അടുത്തുള്ള ഒരു സ്ഥലത്തു ദൈവം എഴു ന്നേല്പിച്ചതിൽ അദ്ദേഹം സന്തോഷിക്കുകയും ദൈവ ത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

120-ാമാണ്ടത്തെ ദുഃഖവെള്ളിയാഴ്ച പഞ്ചമു റിവുകൾ നമ്മുടെ കന്യകയിൽ പ്രത്യക്ഷമായശേഷം സന്ധ്യയോടുകൂടി പള്ളിയിൽനിന്നു കന്യക തൻെറ വീട്ടിൽ വന്നുചേൎന്നു. അപ്പോൾ അവിടെ വളരെ ആ ളുകൾ കൂടിയിട്ടുണ്ടായിരുന്നു **പള്ളിയിൽ**വച്ചു് ഉണ്ടായ

അത്ഭുതസംഭവങ്ങൾക്ക് ദൃക്സാക്ഷികളും രോഗശാന്തിക്കായി പലസ്ഥലത്തുനിന്നു വന്നിട്ടുള്ളവരും ആയി അവിടെ കൂടിയിരുന്ന ജനസമൂഹത്തോട് ആ പുണ്യവതി സുദീർഘമായ ഒരു പ്രസംഗംചെയ്തു. മാതാപിതാക്കന്മാരും ബന്ധുജനങ്ങളും മററും അത്ഭുതപരതന്ത്രരാകത്തക്കവണ്ണം കന്യകയുടെ പ്രസംഗം അത്ര ജ്ഞാനസമ്പൂർണ്ണവും ആത്മപ്രചോദനം നൽകുന്നവയും ആയിരുന്നു. കന്യകയിൽകൂടി പരിശുദ്ധറൂഹായുടെ സംസാരമായി അതിനെ ശ്രദ്ധിച്ചവർ സാക്ഷിക്കുന്നു.

നിരണത്തു് ഇലഞ്ഞിക്കൽ കുടുംബാംഗവും സെൻറ് മേരീസ് ഇംഗ്ലീഷ് മിഡിൽസ്കൂളിലെ ഹെഡ് മാസ്റ്ററുമായ ദിവ്യശ്രീ ഇ. പി. ജയിക്കബ് കത്തനാരുടെ രണ്ടു കുട്ടികൾക്ക് സുഖക്കേടായി. രോഗം വർദ്ധിച്ച് അതിൽ ഒരു കുട്ടി മരണമടഞ്ഞു. മറേറ കുട്ടിക്കു് സുഖക്കേടു വളരെ കൂടുതലായി ആശയില്ലാത്ത നിലയിലെത്തി. ഈ വിവരം അറിഞ്ഞു നമ്മുടെ പുണ്യവതി ആ കുട്ടിയുടെ രോഗശമനത്തിനുവേണ്ടി മുട്ടിപ്പായി ദൈവത്തോടു പ്രാർത്ഥിച്ചു. തൻെറ ദാസിയുടെ അപേക്ഷപ്രകാരം പ്രസ്തുത കുട്ടിയുടെ രോഗം ദൈവം സൌഖ്യമാക്കി.

സഭയുടെ യോജിപ്പിനുവേണ്ടി പ്രാർത്ഥന.

മലങ്കര ഓർത്തൊഡോക്സ് സുറിയാനിസഭയിലെ ഭിന്നത അവസാനിച്ച് ഉഭയകക്ഷികളും യോജിച്ച്

ഏകയോഗക്ഷേമമായി പോകുന്നതിനുവേണ്ടി ആ പു ണ്യവതി ആഗ്രഹിക്കുകയും അതിലെ ഒരംഗമെന്ന നിലയിൽ നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സഭയിൽ യോജിപ്പും സമാധാനവും കൈവരു ത്തുന്നതിന് എല്ലാ യാമപ്രാർത്ഥനകളിലും ആ കന്യക പ്രത്യേകം അപേക്ഷിക്കുന്നുണ്ട്. ക്രൈസ്തവസഭയുടെ ആകമാനമായ യോജിപ്പിനും സഹകരണത്തിനുവേ ണ്ടിയും പുണ്യവതി ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഓ ർത്തൊഡോക്സ് സഭയുടെ ഐക്യത്തിന് ഒരു വഴി തെളിക്കുവാൻ എന്നവണ്ണം 1121-ാമാണ്ടത്തെ കഷ്ടാ നുഭവ ആഴ്ച നമ്മുടെ കന്യക ആലുവാ തൃക്കുന്നത്തു സെമ്മനാരിയിലെ ശുശ്രൂഷയിൽ സംബന്ധിക്കുന്നതി നു വീട്ടിൽനിന്ന് ആലുവായിക്കു പോയിരിക്കയാണു് അവിടെ മി. റ്റി. വി. ചെറിയാൻ ഉദ്യോഗാർത്ഥം താ മസമുള്ളതിനാൽ അദ്ദേഹത്തിന്റെ കൂടെ താമസിക്കു ന്നതിനും മററും വേണ്ട സൌകര്യങ്ങൾ അദ്ദേഹം ഉ ണ്ടാക്കിട്ടുണ്ട്. നമ്മുടെ പുണ്യവതിയുടെ അവിടത്തെ താമസംകൊണ്ടും പ്രാർത്ഥനകൊണ്ടും ഇപ്പോൾ ഭിന്നി ച്ചു നിൽക്കുന്ന മലങ്കര സുറിയാനി സഭകൾതമ്മിൽ യോജിപ്പാൻ ദൈവം ഇടയാക്കുന്നെങ്കിൽ ഭാഗ്യമായി തീവ്രവും നിരന്തരവുമായ പല സമാധാനാലോചന കളും ഫലദായകമായിത്തീരാതെ സുറിയാനിസഭ വീ ണ്ടും വിപ്ളവജന്യമായ ഒരു പന്ഥാവിൽകൂടി പുരോ ഗമിക്കുന്നതായിട്ടാണല്ലോ ഇപ്പോൾ കാണുന്നതു് ക്രി സ്തുനാഥന്റെ അരുമ ശിഷ്യനായിരുന്ന പരിശുദ്ധ മാർ തോമ്മാശ്ലീഹായാൽ ക്രിസ്ത്വാബ്ദം അമ്പത്തിരണ്ടാ മാണ്ടു സ്ഥാപിതമായ ഈ പുരാതനസഭ ഈവിധം

ശണ്ടുകൂടിയും വ്യവഹാരപ്പെട്ടും അതിന്റെ പണം ദുരു പയോഗപ്പെടുത്തിയും വിഷമിക്കുന്ന ഈ സന്ദർഭം യഥാർത്ഥ സമുദായഭക്തന്മാർക്കു മമ്മഭേദകംതന്നെ. സഭയിൽ ഭിന്നിച്ചുനിൽക്കുന്ന ഇരുഭാഗക്കാരും ചില വിട്ടുവീഴ്ചകൾ ചെയ്യാതെ യാതൊരു സമാധാന ആലോചനയും ഫലോൻമുഖമായി ഭവിക്കുന്നതല്ലല്ലോ. അങ്ങിനെ വിട്ടുവീഴ്ചകൾ ചെയ്യാൻ സന്മനസ്സ് ഉണ്ടായിരുന്നു എങ്കിൽ മലങ്കരസഭ അതിന്റെ പ്രാചീനതയ്ക്കും ശ്ലൈഹികമായ മഹിമയ്ക്കും അനുയോജ്യമായ നിലയിൽ പുരോഗമിക്കുമായിരുന്നുവല്ലോ എന്നു മനോനൊമ്പരപ്പെടുകയല്ലാതെ നിമ്മത്സരബുദ്ധികൾ എന്തുചെയ്യും? സമാധാനവും ഐക്യവും സഭയിൽ കൈവരുന്നതിനുവേണ്ടി അനേക ഹൃദയങ്ങളിൽനിന്നു് ഉയരുന്ന പ്രാത്ഥനയോടുകൂടെ നമ്മുടെ പുണ്യവതിയായ അത്ഭുത കന്യകയുടെ നിരന്തര യാചനയും ദൈവസന്നിധിയിൽ പ്രവേശിച്ച് ഫലപ്രാപ്തി വരുത്തട്ടെ.

പഞ്ചമുറിവുകൾ 4-ാംപ്രാവശ്യം.

ഒരുനൂററിപതിനെട്ടാമാണ്ടു തുടങ്ങി കഴിഞ്ഞ മൂന്നു വർഷങ്ങളിലേയും പീഡാനുഭവ ആഴ്ചകളിൽ ക്രിസ്തുനാഥന്റെ പഞ്ചമുറിവുകൾ പ്രത്യക്ഷപ്പെട്ടിട്ടുള്ള നമ്മുടെ കഥാനായികയ്ക്കു് ഒരുനൂററി ഇരുപത്തിഒന്നാമാണ്ടത്തെ കഷ്ടാനുഭവ ആഴ്ചയിലും ആണിപാടുകൾ ദൃശ്യമാകാതെയിരിക്കയില്ലെന്നു നേരത്തേതന്നെ അറിയാമായിരുന്നു. മൂൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം കന്യകയുടെ ജീവിതത്തിൽതന്നെ പ്രത്യ

ക്ഷമായ വ്യത്യാസം സംഭവിച്ചിരിക്കുന്നതിനാൽ ആററിഇരുപത്തിഒന്നാമാണ്ട് ഫാശാആഴ്ചയിൽ എന്താണ് ഉണ്ടാകുവാൻപോകുന്നതെന്നു പലരും ശങ്കിച്ചിരുന്നു. അത്ഭുതകരമായ പരിവൎത്തനം. ഭക്ഷണംകൂടാതെ ജീവിക്കുന്നതിനുള്ള ശരീരസ്ഥിതി ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്നതിനാൽ മറെറാരു അതിശയസംഭവംകൂടാതെതന്നെ ആ പുണ്യവതിയുടെ ജീവിതം അസാധാരണയായി ഏവൎക്കും ദൃശ്യമാകുന്നതാണ്.

121-ാമാണ്ടത്തെ വലിയനോമ്പിൽ മി. ററി വി. ചെറിയാന്റെ ആഗ്രഹപ്രകാരം നമ്മുടെ കന്യക ആലുവായിൽ എത്തി താമസമായി. പെസഹാവ്യാഴാഴ്ചവരെ ആലുവായിൽ താമസിച്ച് അവിടത്തെ സെമ്മനാരിപള്ളിയിലെ ശുശ്രൂഷയിൽ സംബന്ധിച്ചു. ഈ അത്ഭുതകന്യകയുടെ ജീവിതത്തെപ്പററി കേട്ടറിഞ്ഞു് വടക്കൻ ഇടവകകളിൽനിന്നു് അനവധി ആളുകൾ പ്രസ്തുത പള്ളിയിൽചെന്നു് നമ്മുടെ പുണ്യവതിയെ കണ്ടുകൊണ്ടിരുന്നു. കന്യകയുടെ താമസവീട്ടിലും പള്ളിയിലും ആളുകളുടെ പെരുപ്പംകൊണ്ട് അവിടത്തെ താമസം പ്രയാസമായിതീൎന്നു. ആലുവായിൽ എത്തിയ നിമിഷംമുതൽ മൌനവ്രതത്തിൽ ആ പുണ്യവതി സമയം കഴിച്ചുവന്നു. മററുള്ളവരുമായിട്ടുള്ള സംസാരങ്ങൾ തീരെ കുറയ്ക്കുകയും ദൈവവുമായിട്ടുള്ള സംസാരത്തിലും സാസൎഗ്ഗത്തിലും ദിനങ്ങൾ ചെലവിടുകയുംചെയ്തു. തനിക്കു പല സ്ഥലങ്ങളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന എഴുത്തുകൾക്കു് ഒന്നിനും മറുപടി അയയ്ക്കുവാൻപോലും സമയം എടുത്തിരുന്നില്ല.

വീട്ടിൽനിന്നു പോയശേഷം തൻെറ പ്രിയ മാതാവി ന്നുമാത്രം തൻെറ യാത്രയേയും അവിടത്തെ താമസ ത്തേയുംപററി വിവരിച്ചു് ഒരു എഴുത്തു് അയക്കുകയു ണ്ടായി.

പെസഹാവ്യാഴാഴ്ച സന്ധ്യ ആയപ്പോൾമുതൽ കന്യകയുടെ ശരീരത്തിൽ വേദന ആരംഭിച്ചു. മി. ററി. വി. ചെറിയാനും ഭാര്യയും അവിടെ കൂടിയിരു ന്ന ആളുകളേ നിയന്ത്രിച്ചുകൊണ്ടിരുന്നു. അന്നു് രാ ത്രിയിൽ ആ കന്യക ഒട്ടും തന്നെ ഉറങ്ങിയില്ല. യേശു ക്രിസ്തു ഗത്സമനേം തോട്ടത്തിൽ ഉറങ്ങാതെ പ്രാ ത്ഥനയിലും ധ്യാനത്തിലും പാപഭാരത്താൽ ഞെരുങ്ങി യും പിതാവിനോടുള്ള സംസർഗ്ഗത്തിൽ കഴിച്ചതുപോ ലെ ആ പുണ്യവതി തനിക്കുണ്ടായ വേദനയേ സ ന്തോഷപൂർവം സഹിച്ചു് ധ്യാനത്തിൽതന്നെ കഴിച്ചു കൂട്ടി. ദുഃഖവെള്ളിയാഴ്ച നേരം പ്രഭാതമായി. അ ന്നത്തേ ശുശ്രൂഷയിൽ സംബന്ധിക്കാൻവേണ്ടി മി. ചെറിയാൻ നമ്മുടെ കന്യകയേയും കൊണ്ടു് സ്പെഷ്യൽ കാറിൽ പറവൂർ പള്ളിയിലേക്കു് പോയി. അവി ടെചെന്നു് രാവിലെമുതൽ ആ പള്ളിയിലെ ശുശ്രൂഷ യിൽ അവർ സംബന്ധിച്ചു. മുൻകൊല്ലങ്ങളിലേപ്പോ ലെതന്നെ ഈയാണ്ടിലും ദുഃഖവെള്ളിയാഴ്ച ഇരുപ ത്തിരണ്ടര ആയപ്പോൾ ആ പുണ്യവതിയുടെ ശരീര ത്തിൽ പഞ്ചമുറിവുകൾ പ്രത്യക്ഷപ്പെട്ടു. മുമ്പു് പൊ ട്ടീട്ടുള്ള അഞ്ചു് സ്ഥാനങ്ങളിലും കുരിശാകൃതിയിൽ തൊലിപൊട്ടി രക്തം ഒലിച്ചുതുടങ്ങി. ഈ അത്ഭുത കരമായ കാഴ്ചകാണ്മാൻ പള്ളിയിൽ ആളുകൾ തി

ങ്കിക്കൂടി ദൈവത്തിൻെറ അതിശയപ്രവൃത്തികളേപ്പ റ്റി അവർ വിസ്മയിച്ചു, യേശുക്രിസ്തുവിൻെറ യഥാ ത്ഥ്യത്തേയും അവൻ ദൈവപുത്രനായിരുന്നു എന്ന സ ത്യത്തേയും സർവ്വലോകത്തേയും ബോദ്ധ്യപ്പെടുത്തുവാ ൻ ഈ സംഭവം മതിയാകുന്നതാണ് എന്ന് അവി ടെ കൂടിയിന്ന ആളുകൾ സാക്ഷിച്ച് ദൈവത്തെ മ ഹത്വപ്പെടുത്തി സന്ധ്യയോടുകൂടി ആ പുണ്യവതി യേ കാറിൽ മി. ചെറിയാൻെറ വാസസ്ഥലത്തേക്ക് കൊണ്ടുപോകയും ചെയ്തു.

ഭാവിജീവിതം.

നമ്മുടെ കഥാനായികയുടെ സ്കൂൾവിദ്യാഭ്യാസം മതിയാക്കിയിരിക്കുന്നതിനാൽ ഇനിയും ഭാവിജീവി തം എവിടെയാണ് കഴിച്ചുകൂട്ടേണ്ടതു് എന്ന് കന്യ ക ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. വീട്ടിൽനിന്ന് ഏ തെങ്കിലും ഒരു കന്യാസ്ത്രീമഠത്തിലേക്ക് മാറിതാമസി ക്കുന്നതിനു് വേണ്ടി ആഗ്രഹിച്ച് കാത്തിരിക്കയാണ് ഏതുമഠത്തിലാണ് ചേരേണ്ടതു് എന്ന് ഇതഃപര്യ ന്തം തീരുമാനിച്ചിട്ടില്ല. കർത്താവു് തനിക്ക് വെളി പ്പെടുത്തുന്നതുപോലെ എവിടെ എങ്കിലും താമസിച്ച് പ്രാർത്ഥനയിലും ധ്യാനത്തിലും ശിഷ്ടായുസ്സ് കഴി ക്കുന്നതിനു് കന്യക ആഗ്രഹിക്കുന്നു. തനിക്ക് ലഭി ക്കുന്ന നൽവരപ്രകാരം രോഗികൾക്കും അഗതികൾ ക്കും വേണ്ടിപ്രാത്ഥിക്കുന്നതിനും സഹായം ചെയ്യുന്ന തിനും പുണ്യവതിക്ക് ഉദ്ദേശമുണ്ടു്. കർത്താവു് ക ൽപിച്ചിട്ടുള്ളതുപോലെ ഉയരത്തിൽനിന്ന് തനിക്ക്

ലഭിച്ച കരിശ്ശ് രോഗശാന്തിക്കും വാഴ്‌വിന്നുംവേണ്ടി ഉപയോഗിപ്പാൻ കന്യക ആഗ്രഹിക്കുന്നു. ആയതിന് ദൈവത്തിൽ നിന്ന് അനുവാദം കിട്ടിക്കഴിയുന്നതിനോടുകൂടി അനേകൎക്ക് അതുമൂലം പ്രയോജനം സിദ്ധിക്കുന്നതാണ്.

കന്യകയുടെ പിതാവിനോ ബന്ധുജനങ്ങൾക്കോ അവളെപ്പററി യാതൊരുഉൽകണ്ഠക്കും അവകാശമില്ല. ധരിക്കുന്നതിനുള്ള വസ്ത്രം രാത്രിയിൽ വിശുദ്ധപുസ്തകങ്ങൾ വായിക്കുന്നതിനും പ്രാൎത്ഥിക്കുന്നതിനും ആവശ്യമായ വിളക്ക് ഇവ കൂടാതെ മററൊന്നും ആ പുണ്യവതിക്ക് ആവശ്യമില്ല. വസ്ത്രാദികളും വിളക്കിനുള്ള മെഴുകുതിരികളും പലരുടെ സംഭാവനകളായി പുണ്യവതിക്ക് ലഭിക്കുന്നുണ്ട്. നമ്മുടെ കന്യകയേ കാണുകയും പരിചയപ്പെടുകയും ചെയ്യുന്ന പല ആളുകളും പ്രാൎത്ഥിപ്പാൻവേണ്ടി ഓരോ ലിസ്റ്റുകൾ ആ പുണ്യവതിയേ ഏൽപിച്ചുകൊണ്ടിരിക്കുന്നു. കുടുംബത്തിൽ സമാധാനം, ഐശ്വൎയ്യം, രോഗശാന്തി, സന്താനലബ്ധി, പരീക്ഷാവിജയം, അകലെ താമസിക്കുന്നവരുടെ സൌഖ്യം, വിദേശങ്ങളിൽ നിന്ന് പ്രിയപ്പെട്ടവരുടെ ക്ഷേമമായ തിരിച്ചുവരവ് മുതലായ ഓരോ കാൎയ്യങ്ങൾക്ക് വേണ്ടി പ്രാൎത്ഥിപ്പാൻ പുണ്യവതിയോടു ആവശ്യപ്പെടുക സാധാരണയായി തീൎന്നിരിക്കുന്നു. യാതൊരുത്തരുടേയും കാൎയ്യത്തിൽ ഉദാസീനത ഭാവിക്കയോ, ഏൽപ്പിക്കുന്ന സംഗതി വിട്ടുകളകയോ ചെയ്കയില്ല.

ഈ അത്ഭുതകന്യകയേപ്പററി സഭയിൽനിന്നു് അധികൃതമായി എന്തെങ്കിലും പ്രസ്താവിപ്പാൻ സമയമായിട്ടില്ല. കന്യകയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളേ ഇപ്പോൾ ഓമ്മക്കവേണ്ടി കുറിച്ചു് സൂക്ഷിക്കുന്നുണ്ടു്. അപ്രകാരമുള്ള കുറിപ്പിന്റെ ഒരു വിവരണം മാത്രമാണു് ഈ ചെറുപുസ്തകം. മലങ്കരയുടെ അഥവാ ഈ ഭാരതഭൂമിയുടെ ഒരു അണയാത്ത ദീപസ്തംഭമായും, ആദർശമഹിളാരത്നമായും സഹായസങ്കേതമായും നമ്മുടെ പുണ്യവതി എന്നെന്നും പരിലസിക്കുന്നതിനു് (ജഗദീശ്വരൻ) സർവ്വശക്തനായ ദൈവം സഹായിക്കട്ടെ എന്നു് ഈ എഴുത്തുകാരനും ഉള്ളഴിഞ്ഞു് പ്രാത്ഥിക്കുന്നു.

അനുഭവസാക്ഷികൾ.

കോന്നിയിൽ അട്ടച്ചാക്കൽ ദയറായിൽ നിന്നും വെരി റവ. പി. ഐ. മാത്യൂസ് റമ്പാൻ അവർകൾ ഈ എഴുത്തുകാരന്റെ പേൎക്കു് താഴെപറയുന്നപ്രകാരം എഴുതുന്നു.

Konni. A: O. & P. O.
Travancore, S. India
Date 2—9—121.

Dear & Rev. Father,

....

ബ. അച്ചന്റെ എഴുത്തിൽ കാണുന്നപ്രകാരം 119-ലെ ഹാശാ ആഴ്ചയിൽ തൈക്കടവിൽ കു

ഞ്ഞമ്മ ഇവിടെ അടുത്തുവന്നു് താമസിച്ചുകൊണ്ടു് ഈ പള്ളിയിലെ ആരാധനകളിൽ സംബന്ധിച്ചിരുന്നു. അന്നു് ഇവിടെവച്ചു് ദുഃഖവെള്ളിയാഴ്ച അരുമനാഥന്റെ പഞ്ചമുറിവുകൾ അവളുടെ ശരീരത്തിൽ ഉണ്ടായി എന്നുള്ളതു് പരമാർത്ഥമാണു്. കഴിഞ്ഞ ആണ്ടിലും (120) അപ്രകാരം ഉണ്ടായതായി എനിക്കു് അറിയാം. ഈ ആണ്ടിലും അങ്ങനെ ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം. ഇപ്പോൾ ആ കന്യക ആലുവായിൽ ഉണ്ടു്. അവൾ ദൈവത്തിനു് മഹത്വവും മനുഷ്യർക്കു് എത്രയും പ്രയോജനവും ആയി തീരുവാൻ പാപികളായ നമുക്കു് പ്രാർത്ഥിക്കാം.

....

Yours affly

Ramban Mathews ഒപ്പ്.

വളഞ്ഞവട്ടം ഓർത്തോഡോക്സ് സുറിയാനിപ്പള്ളി വികാരി പനയ്ക്കാമററത്തു് റവ. ഫാദർ അലക്സാണ്ടർ അവർകൾ ഇപ്രകാരം എഴുതുന്നു.

തൈക്കടവിൽ കുടുംബക്കാർ വളഞ്ഞവട്ടം സുറിയാനിപള്ളി ഇടവകക്കാരാണു്: അവർ എല്ലാവരേയും എനിക്കു് നല്ലപരിചയമാണു്. തൈക്കടവിൽ മി. കുരുവിളസാറിന്റെ മകൾ കുഞ്ഞമ്മ 120-ാമാണ്ടത്തെ ഹാശാ ആഴ്ചയിൽ വീട്ടിൽ താമസിച്ചുകൊണ്ടു് വളഞ്ഞവട്ടം പള്ളിയിലെ ആരാധനകളിൽ സംബന്ധിച്ചിരുന്നു. ദുഃഖവെള്ളിയാഴ്ച അതിരാവിലെ അവൾ പള്ളിയിൽ വന്നുചേർന്നു. ഉച്ചകഴി

ന്നപ്പോൾ ശരീരത്തിൽ ആസകലം വേദന ആരം ഭിക്കുകയും നിലത്തുകിടന്നു കുറേസമയം ഉരുളുകയും ചെയ്തു. സ്ളീബാആഘോഷത്തിന്റെ ശുശ്രൂഷ ഞാൻ പള്ളിയിൽ ആരംഭിച്ചു കുറച്ചുസമയം കഴിഞ്ഞപ്പോൾ കുഞ്ഞമ്മയുടെ ശരീരത്തിൽ നമ്മുടെ രക്ഷിതാവിന്റെ പഞ്ചമുറിവുകൾ പ്രത്യക്ഷമായി. മുമ്പു ഉണ്ടായിട്ടുള്ള സ്ഥാനങ്ങളിൽ തന്നെ തൊലിപൊട്ടി രക്തം ഒലിച്ചുകൊണ്ടിരുന്നു. കുഞ്ഞമ്മയുടെ ചുററിലും അനേകം ആളുകൾ കൂടിനിൽപുണ്ടായിരുന്നു. ശുശ്രൂഷ അവസാനിപ്പിച്ചശേഷം ഞാൻ ഇറങ്ങിച്ചെന്നു കുഞ്ഞമ്മയുടെ ശരീരത്തിലെ പഞ്ചമുറിവുകൾ കാണുകയുണ്ടായി.

കർത്താവിന്റെ ആണിപാടുകൾപോലെ തന്നേ അവ ദൃശ്യമായിരുന്നു. കുഞ്ഞമ്മക്കുണ്ടായ വിവശതയിൽനിന്നു അവൾ എഴുന്നേററപ്പോൾ സമയം അഞ്ചുമണി കഴിഞ്ഞിരുന്നു. മററുചിലരുടെ സഹായത്തോടുകൂടിയാണു കുഞ്ഞമ്മ വീട്ടിലേക്കു പോയതു്.

കുഞ്ഞമ്മയിൽകൂടി ദൈവം അതിശയം പ്രവർത്തിക്കുന്നുഎന്നു ഞാൻ വിശ്വസിക്കുന്നു. ലോകത്തിൽ വളരെ അപൂർവ്വമായിമാത്രം സംഭവിക്കുന്ന ഈ മാതിരി അത്ഭുതങ്ങൾ ദൈവത്തിന്റെ സർവ്വശക്തിയേയും തന്റെ ദിവ്യ വിചാരണയേയും വെളിപ്പെടുത്തുന്നുണ്ടു്. ദൈവനാമത്തിന്റെ മഹത്വത്തിനും ആത്മാക്കളുടെ പ്രയോജനത്തിനുമായി കുഞ്ഞമ്മയുടെ ജീവിതം ആയിതീരുന്നതിനു ഞാനും ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

എന്നു്, പറയ്ക്കാമററത്തു്

റവ. ഫാദർ. പി. കെ. അലക്സാണ്ടർ.